“നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.”

(മത്തായി 5: 14 – 16)

## ‘സാന്ത്വനപ്രകാശമേ, നയിച്ചാലും’

# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ

Vol. LXI OCTOBER 2011 No. 10

# CONTENTS


| | |
|---|---|
| ഇടയലേഖനം-30 | – 643 |
| മാർപാപ്പായുടെ സന്ദേശം | – 663 |
| സർക്കുലർ-104 | – 669 |
| സർക്കുലർ-105 | – 671 |
| സർക്കുലർ-106 | – 672 |
| സർക്കുലർ-107 | – 675 |
| വിജ്ഞാപനം | – 677 |
| പ്രേഷിതവർഷമത്സരങ്ങൾ | – 679 |
| കച്ചേരിക്കാര്യം | – 683 |
| Needy Church Fund | – 684 |
| ലേഖനം | – 687 |
| ലേഖനം | – 690 |
| പൗരോഹിത്യചിന്തകൾ | – 696 |
| വാർത്തകൾ | – 706 |
| നിര്യാതരായി | – 728 |
| Prayer Day | – 731 |
| അഭി.പിതാവിന്റെ ഡയറിയിൽനിന്ന് | – 732 |
| Bishop's Engagements | – 736 |




**ഇടയലേഖനം – 30**

# ഇടവക കേന്ദ്രിത വിശ്വാസജീവിതം

**ദൈവപരിപാലനയിൽ പാലാ രൂപതയുടെ മെത്രാനായ**

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്**

മിശിഹായിൽ സ്നേഹംനിറഞ്ഞ സഹോദരീസഹോദരന്മാരേ,

നമ്മുടെ രൂപതയിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നടന്ന പാസ്റ്ററൽ കൗൺസിൽ യോഗങ്ങളുടെയും പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗുകളുടെയും വൈദികസമ്മേളന ചർച്ചകളുടെയും വൈദികരുടെ ഈ വർഷത്തെ വാർഷികധ്യാനത്തിന്റെയും വെളിച്ചത്തിൽ നമ്മുടെ കത്തോലിക്കാ വിശ്വാസജീവിതവുമായി ബന്ധപ്പെട്ട ഏതാനും കാര്യങ്ങൾ ഏവരുടെയും ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും പ്രഥമവും പ്രധാനവുമായ വേദി ഇടവകയാണ്. ഇടവകയിലെ അജപാലനശുശ്രൂഷ ദൈവജനത്തിന്റെ മുഴുവൻ സഹകരണത്തോടെ, ഇടവകവികാരിമാരുടെ നേതൃത്വത്തിൽ, ദൈവവചനത്തിലധിഷ്ഠിതവും മാതൃസഭയുടെ ചൈതന്യത്തിനും ആരാധനക്രമത്തിനും യോജിക്കുന്ന വിധത്തിലും ക്രമീകരിക്കുവാനുള്ള തീവ്രപരിശ്രമത്തിലാണല്ലോ നമ്മൾ. ഈ രംഗത്ത് സഭാസമൂഹം മുഴുവനും ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങളാണ് ചുവടെ ചേർക്കുന്നത്.

## ഭാഗം - 1

### 1. ഇടയനും ആടുകളും

വി. യോഹന്നാന്റെ സുവിശേഷം 10-ാം അധ്യായം 7 മുതൽ 18 വരെ വചനങ്ങളിൽ പ്രതിപാദിക്കുന്ന നല്ല ഇടയന്റെയും ആടുകളുടെയും ചിത്രം നമ്മുടെ മനസ്സിലുണ്ടാകട്ടെ. നല്ല ഇടയൻ ആടുകളെ അറിയുന്നു, അവയെ പേര് ചൊല്ലി വിളിക്കുന്നു. ആടുകൾ ഇടയന്റെ സ്വരം തിരിച്ചറിയുന്നു. ഇടവകവികാരിയച്ചൻ ഇടവകയിലെ എല്ലാവരെയും വ്യക്തിപരമായി അറിയുന്ന ഇടയനാകണം. ഭവനസന്ദർശനങ്ങളിലൂടെ ഓരോ കുടുംബത്തിന്റെയും ആത്മീയ പിതാവായി പ്രവർത്തിക്കണം. ഇടവകയിലെ രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കണം. കിടപ്പുരോഗികൾക്ക് കൂദാശസ്വീകരണത്തിന് സംലഭ്യനാകണം. കുടുംബപ്രശ്നങ്ങൾക്ക് പരിഹാരം നല്കുവാൻ ശ്രദ്ധയുണ്ടാവണം. ദരിദ്രർക്കും ക്ലേശം സഹിക്കുന്നവർക്കും മാനസികസംഘർഷങ്ങളിൽ പെടുന്നവർക്കും ആശ്വാസവും സഹായവും സാന്ത്വനവുമാകണം. കൗദാശികജീവിതവും വിശ്വാസവും ഇല്ലാത്തവരെ സ്നേഹപൂർവ്വം ദൈവസന്നിധിയിലേക്ക് കൈപിടിച്ച് ഉയർത്തണം. അനുരഞ്ജനകൂദാശ സ്വീകരിക്കുവാൻ എല്ലാ ദിവസവും വിശ്വാസികൾക്ക് സൗകര്യം കൊടുക്കുവാൻ ശ്രദ്ധിക്കണം. മദ്യപാനത്തിന് അടിമപ്പെട്ടുപോയവരെ വിമുക്തരാക്കുവാനുള്ള നല്ല ശ്രമങ്ങൾ ഉണ്ടാകണം. കുട്ടികൾക്കും യുവജനങ്ങൾക്കും അവരുടെ ജീവിതമേഖല തെരഞ്ഞെടുക്കുന്നതിനും തുടർപഠനത്തിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിന് പര്യാപ്തത നേടുക, ഭിന്നതയിൽ കഴിയുന്ന കുടുംബങ്ങളെ യോജിപ്പിക്കുന്നതിന് ശ്രമിക്കുക, സാമ്പത്തികമായി ക്ലേശിക്കുന്നവർക്ക് ആശ്വാസമാകുന്ന പദ്ധതികൾ ആവിഷ്കരിക്കുക, നിരീശ്വരചിന്താഗതിയിലേക്ക് ദൈവജനം തിരിയാതിരിക്കുന്നതിനുള്ള മുൻകരുതലുണ്ടായിരിക്കുക - ഇവയെല്ലാം ഗൗരവപൂർവ്വം നല്ല ഇടയന്മാരെന്ന നിലയിൽ വൈദികരുടെ ജീവിതത്തിലുണ്ടാവണം.

### 2. വചനപ്രഘോഷണം

പരി. കുർബാനമദ്ധ്യേ വൈദികർ നടത്തുന്ന വചനപ്രഘോഷണം നന്നായി ഒരുങ്ങി, ചിട്ടപ്പെടുത്തി ദൈവജനത്തിന്റെ ആധ്യാ



ത്മിക ഉണർവ്വിന് ഇടയാക്കുംവിധം ആയിരിക്കണം. വിവാദവിഷയങ്ങളും ശ്രോതാക്കളിൽ ആരെയെങ്കിലും വ്യക്തിപരമായി ബാധിക്കുന്നതുമായ കാര്യങ്ങളും ഉചിതമല്ലാത്ത പദപ്രയോഗങ്ങളും ഒഴിവാക്കണം. വചനവേദിയിൽ ശരിക്കും വചനവ്യാഖ്യാനംതന്നെ ഉണ്ടാകണം. കത്തോലിക്കാസഭയുടെ സമകാലികപ്രബോധനങ്ങളും നിർദ്ദേശങ്ങളും പഠിക്കുവാൻ സഭയുടെ മുഖപത്രമായ L'Osservatore Romano പോലെയുള്ള ഈടുറ്റ പ്രസിദ്ധീകരണങ്ങൾ വരുത്തുക ആവശ്യമാണ്. വ്യക്തിപരമായ പഠനം, പ്രത്യേകിച്ച് ബൈബിൾ വിജ്ഞാനീയത്തിലും ദൈവശാസ്ത്രത്തിലും ധാർമ്മികശാസ്ത്രത്തിലും, വൈദികർക്ക് ഉണ്ടാവണം. ഇടയൻ സത്യവിശ്വാസവും സഭയുടെ പ്രബോധനങ്ങളും ആയിരിക്കണം തന്റെ ജനത്തെ പഠിപ്പിക്കേണ്ടതും അഭ്യസിപ്പിക്കേണ്ടതും. അന്ധവിശ്വാസങ്ങളിലേക്കും ആശയക്കുഴപ്പത്തിലേക്കും വിശ്വാസികളെ നയിക്കുംവിധമുള്ള പ്രബോധനങ്ങൾ ഉണ്ടാവരുത്.

### 3. അബദ്ധപ്രബോധനങ്ങളും അന്ധവിശ്വാസങ്ങളും

സത്യവിശ്വാസത്തിൽനിന്നും കത്തോലിക്കാസഭയുടെ അടിസ്ഥാനപ്രമാണങ്ങളിൽനിന്നും വ്യത്യസ്തമായി പഠിപ്പിക്കുകയും വി. ഗ്രന്ഥം വികലമായും ഭാഗികമായും വ്യാഖ്യാനിച്ച് വിശ്വാസികളെ വഴിതെറ്റിക്കുകയും ആശയക്കുഴപ്പം ജനിപ്പിക്കുകയും ചെയ്യുന്ന പ്രബോധകരും ധ്യാനടീമുകളും പ്രാർത്ഥനാശുശ്രൂഷകരും കൗൺസിലേഴ്സും ധാരാളം ഉണ്ട്. ഇവിടെ വി. പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നമ്മുടെ ഓർമ്മയിലുണ്ടാകണം: "എന്നാൽ, സർപ്പം ഹവ്വായെ തന്ത്രപൂർവ്വം ചതിച്ചതുപോലെ നിങ്ങളുടെ ചിന്തകൾ ഈശോയിലുള്ള ലാളിത്യത്തിലും വിശുദ്ധിയിലും നിന്ന് വ്യതിചലിക്കപ്പെടുമോ എന്നു ഞാൻ ഭയപ്പെടുന്നു. എന്തെന്നാൽ, ഞങ്ങൾ പ്രസംഗിച്ചതല്ലാത്ത മറ്റൊരു ഈശോയെ ആരെങ്കിലും വന്നു പ്രസംഗിക്കുകയോ നിങ്ങൾ സ്വീകരിച്ചതല്ലാത്ത മറ്റൊരു ആത്മാവിനെ നിങ്ങൾ സ്വീകരിക്കുകയോ നിങ്ങൾ കൈക്കൊണ്ടതല്ലാത്ത മറ്റൊരു സുവിശേഷം നിങ്ങൾ കൈക്കൊള്ളുകയോ ചെയ്താൽ നിങ്ങൾ അനായാസം അതിനെല്ലാം കീഴടങ്ങുകയായിരിക്കും ചെയ്യുക." (2

കോറി. 11:3-4) വീണ്ടും വി. പൗലോസ് ശ്ലീഹാ മുന്നറിയിപ്പ് നൽകുന്നു: "മിശിഹായുടെ കൃപാവരത്തിലേക്ക് നിങ്ങളെ വിളിച്ചവനെ നിങ്ങൾ ഇത്ര പെട്ടെന്ന് ഉപേക്ഷിക്കുകയും വ്യത്യസ്തമായ ഒരു സുവിശേഷത്തിലേക്ക് തിരിയുകയും ചെയ്യുന്നതിൽ എനിക്ക് ആശ്ചര്യം തോന്നുന്നു. വാസ്തവത്തിൽ മറ്റൊരു സുവിശേഷമില്ല. എന്നാൽ, നിങ്ങളെ ഉപദ്രവിക്കാനും ഈശോയുടെ സുവിശേഷത്തെ ദുഷിപ്പിക്കാനും ആഗ്രഹിക്കുന്ന കുറെ ആളുകളുണ്ട്. ഞങ്ങൾ നിങ്ങളോട് പ്രസംഗിച്ചതിൽനിന്ന് വ്യത്യസ്തമായ ഒരു സുവിശേഷം ഞങ്ങൾതന്നെയോ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻതന്നെയോ നിങ്ങളോട് പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ"(ഗലാ. 1:6-8). വിശ്വാസജീവിതത്തിൽ വഴിതെറ്റരുതെന്നാണ് അപ്പസ്തോലൻ നമ്മെ പഠിപ്പിക്കുന്നത്. ധ്യാനം, പ്രാർത്ഥനാശുശ്രൂഷകൾ, വചനപ്രഘോഷണം, കൗൺസലിംഗ് എന്നിവയ്ക്ക് ഇടവകയ്ക്ക് പുറത്ത് പങ്കെടുക്കാൻ പോകുന്നതിനുമുമ്പ് എല്ലാവരും ബഹു. വികാരിയച്ചന്മാരുടെ അഭിപ്രായവും ഉപദേശവും തേടേണ്ടതാണ്. പുരപണിക്ക് സ്ഥാനം കാണുന്നതുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങൾ, കല്ലിടീൽ, വെഞ്ചരിപ്പ്, വിവാഹത്തിനും മറ്റു കാര്യത്തിനും സമയംനോട്ടം എന്നിവയെല്ലാം പരമശക്തനായ ദൈവത്തിലുള്ള നമ്മുടെ വിശ്വാസരാഹിത്യം തന്നെയെന്നതിൽ സംശയമില്ല. കൂടോത്രം, ആഭിചാരം എന്നിവയിലുള്ള ഉത്കണ്ഠയും അതു മാറ്റുവാനുള്ള വ്യാജേന നടത്തുന്ന ക്രിയകളും വിശ്വാസത്തിനു വിരുദ്ധമായ ഗൗരവമായ പാപങ്ങൾ തന്നെ. പരേതാത്മാക്കളുടെ ശാപം, അവരുടെ പാപത്തിന്റെ ഫലമായി രോഗവും മറ്റു പ്രതിസന്ധികളും ഉണ്ടാകുന്നുവെന്ന പ്രബോധനങ്ങൾ, സഹനം ദൈവാനുഗ്രഹമില്ലായ്മയുടെ അടയാളമായി വ്യാഖ്യാനിക്കൽ എന്നിവയും തെറ്റായ പഠനങ്ങളാണ്. ഭയവും ഭീതിയും അമിതമായ പാപബോധവും ജനിപ്പിക്കുന്ന പ്രാർത്ഥനാശുശ്രൂഷകളും മന:ശാസ്ത്രമാർഗ്ഗങ്ങളിലൂടെ വിശ്വാസികളെ കബളിപ്പിക്കലും ഇന്നു വ്യാപകമായി നടക്കുന്നു. കുടുംബക്കൂട്ടായ്മാവേദി ഉപയോഗപ്പെടുത്തി ഇവയെക്കുറിച്ച് നല്ല കാറ്റക്കേസിസ് നടത്തണം. സഭയുടെ അടിസ്ഥാനപ്രബോധനങ്ങളെല്ലാം സംക്ഷിപ്തമായി പ്രതിപാദിക്കുന്ന "കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം" റഫറൻസ് പുസ്തമാക്കാം. കേരളത്തിൽ അടുത്ത കാലത്തായി ആരംഭിച്ചതും സഭയുടെ അംഗീകാരവും അനുവാദവുമില്ലാതെ നടത്തപ്പെടുന്നതുമായ ചില സുവിശേഷപ്രസ്ഥാനങ്ങളും പ്രാർത്ഥനാലയങ്ങളുമുണ്ട്. അവ സഭയുടെ അംഗീകാരമുള്ളതാണെന്ന് തെറ്റിദ്ധാരണ പരക്കുന്നു. ഇരിങ്ങാലക്കുട രൂപതാതിർത്തിയിൽ മുരിയാട് കേന്ദ്രമായി പ്രവർത്തിക്കുന്ന 'എംപറർ എമ്മാനുവേൽ ട്രസ്റ്റ്', മാളയിലെ 'അമ്മ', കാഞ്ഞിരപ്പള്ളിയിലെ 'അപ്പർ റൂം', എറണാകുളത്തെ 'കോർണർ സ്റ്റോൺ', 'സ്പിരിറ്റ് ഇൻ ജീസസ്' വിവിധ പെന്തക്കുസ്താഗ്രൂപ്പുകൾ തുടങ്ങിയവ ഇതിൽപ്പെടും. ഇതുകൂടാതെ പ്രോട്ടസ്റ്റന്റ് സഭകളിൽനിന്നു വ്യതിചലിച്ചുനില്ക്കുന്ന 'സ്വർഗ്ഗീയ വിരുന്ന്' പോലുള്ള വിഭാഗീയ സഭാഗ്രൂപ്പുകളും വിശ്വാസികളുടെ സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തി പലരെയും ആകർഷിക്കുന്നു. ഇത്തരത്തിലുള്ള പ്രസ്ഥാനങ്ങൾക്കു നേരെ നിതാന്ത ജാഗ്രത പുലർത്തുവാൻ വൈദികർ വിശ്വാസികളെ നന്നായി പഠിപ്പിക്കണം.

## 4. ആരാധനക്രമപരിശീലനം

ലിറ്റർജി അഥവാ ദൈവാരാധനയാണ് നമ്മുടെ വിശ്വാസജീവിതത്തിലെ സർവ്വപ്രധാനമായ കാര്യം. അതിന്റെ കേന്ദ്രസ്ഥാനത്തുനില്ക്കുന്നത് പരി. കുർബാനയുടെ സമ്പൂർണ്ണവും സമഗ്രവുമായ ആഘോഷമാണല്ലോ. പരി. കുർബാനയ്ക്ക് ഞായറാഴ്ചകളിലും തിരുനാളുകളിലും നാല് വായനകളും ധൂപവും സംഗീതവും ഉണ്ടായിരിക്കണമെന്ന് ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു. അതുപോലെതന്നെ വി. കുർബാനയിലെ പ്രോപ്രിയ പ്രാർത്ഥനകൾ കൃത്യമായി ഉപയോഗിക്കണം. പ്രവേശകകൂദാശകളായ മാമ്മോദീസാ, തൈലാഭിഷേകം, വി. കുർബാന എന്നിവ ഒരുമിച്ച് പരികർമ്മം ചെയ്യുന്ന രീതിയും വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങളുടെ അനുഷ്ഠാനക്രമങ്ങളുമെല്ലാം കൃത്യനിഷ്ഠയോടും വ്യക്തമായ അറിവോടുംകൂടി പരികർമ്മം ചെയ്യുമല്ലോ. പരി. കുർബാനയെക്കുറിച്ചും മേൽപ്പറഞ്ഞ മറ്റു കാര്യങ്ങളെക്കുറിച്ചും ഇടയലേഖനങ്ങളും സർക്കുലറുകളും നൽകിയിട്ടുള്ളത് ആവശ്യാനുസരണം

വീണ്ടും എടുത്ത് വിശ്വാസസമൂഹത്തെ പഠിപ്പിക്കണമെന്ന് ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു. ആരാധനക്രമാധിഷ്ഠിതമായ വിശ്വാസപരിശീലനം (ലിറ്റർജിക്കൽ കാറ്റക്കേസിസ്) സഭ നിരന്തരമായിട്ട് നടത്തേണ്ട കർത്തവ്യമാണ്.

അതുപോലെതന്നെ, ആരാധനയ്ക്കായി കുർബാന എഴുന്നള്ളിച്ചുവയ്ക്കുന്നത് അൾത്താരയിലാണ് (ബലിപീഠം). ബേമ്മായിലോ മറ്റു മേശകളിലോ വയ്ക്കാൻ പാടുള്ളതല്ല. പ്രധാന തിരുനാളിന്റെ തലേദിവസവും പ്രധാന തിരുനാളിന് ഒരുക്കമായി നടത്തപ്പെടുന്ന നവനാൾ തിരുക്കർമ്മങ്ങളിലും സഭയുടെ റംശാ പ്രാർത്ഥന ആഘോഷമായി അൽമായരും വൈദികരും ഒരുമിച്ച് നടത്തുന്നത് വളരെ അഭിലഷണീയമാണ്. ഞായറാഴ്ചകൾക്കും കടമുള്ള തിരുനാളുകൾക്കും തലേദിവസവും റംശാപ്രാർത്ഥന ഇപ്രകാരം ദൈവജനത്തോടൊത്ത് വൈദികർ നടത്തുന്നത് വളരെ ഫലപ്രദമാണ്. വി. കുർബാനയിൽ കാർമ്മികൻ സമാധാനം ആശംസിച്ചുകഴിയുമ്പോൾ ശുശ്രൂഷികളിലൊരാൾ കാർമ്മികനിൽനിന്ന് സമാധാനം സ്വീകരിച്ചു അടുത്ത ശുശ്രൂഷിക്ക് നല്കുന്നു. അതിനുശേഷം ശുശ്രൂഷികൾ ഹൈക്കലയിലിറങ്ങി വിശ്വാസികൾക്ക് സമാധാനം നൽകുന്നു. അൾത്താരയിൽനിന്നുള്ള സമാധാനമാണ് വിശ്വാസികൾക്ക് കൈമാറുന്നത്.

## 5. വിശ്വാസപരിശീലനം

നമ്മുടെ ഇടവകയുടെ ഏറ്റവും വലിയ പ്രവർത്തനമണ്ഡലം വിശ്വാസപരിശീലനമാണ്. മാതാപിതാക്കൾ കുട്ടികളുടെ ആത്മീയ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികൾ സാധാരണദിവസങ്ങളിലും, പ്രത്യേകിച്ച് പഠനം ഇല്ലാത്ത ദിവസങ്ങളിലെങ്കിലും ദേവാലയത്തിൽപോയി വി. കുർബാനയിൽ പങ്കെടുക്കുന്നതിന് പ്രേരിപ്പിക്കണം. ഉത്തമവിശ്വാസവും ദൈവഭക്തിയും സന്മാർഗ്ഗനിഷ്ഠയും സേവനസന്നദ്ധയുമുള്ളവരായിരിക്കണം വിശ്വാസപരിശീലകർ. ഞായറാഴ്ചകളിൽ കുട്ടികൾ ദൈവാരാധനയിലും മതപഠനത്തിലും ഗൗരവമായി ശ്രദ്ധിക്കുന്നതിന് മാതാപിതാക്കൾതന്നെ പ്രചോദനം നല്കണം. മാറിയ സാഹചര്യങ്ങളിൽ മുതിർന്ന കുട്ടികൾക്ക് സൗകര്യപ്രദമായ സമയം മതപഠനത്തിന് ക്രമീകരിക്കുവാനും, ബഹു. വികാരിയച്ചന്മാരും വിശ്വാസപരിശീലകരും ശ്രദ്ധിക്കണം. നമ്മുടെ കുട്ടികൾ മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ടെലിവിഷൻ ചാനലുകൾ എന്നിവയുടെ തെറ്റായ ഉപയോഗത്തിനടിമപ്പെടാതെ സൂക്ഷിക്കുവാനും മാതാപിതാക്കൾ ശ്രദ്ധിക്കണം. കുട്ടികൾക്ക് ചുറ്റും വൻചതിക്കെണികൾ ഉണ്ടെന്നത് പ്രത്യേകം ശ്രദ്ധിക്കുന്നത് നല്ലതാണ്.



## 6. കുടുംബക്കൂട്ടായ്മകൾ

ഇടവകസമൂഹത്തിന്റെ ഏറ്റവും ചലനാത്മകമായ പ്രവർത്തനമേഖലയാണ് കുടുംബക്കൂട്ടായ്മാവേദി. അപ്പസ്തോലപ്രവർത്തനം 2-ാം അധ്യായം 41 മുതൽ 47 വരെയുള്ള വചനങ്ങൾ പ്രതിപാദിക്കുംവിധം ക്രൈസ്തവസാക്ഷ്യത്തിന്റെ ഉത്തമനിദർശനങ്ങളാവണം കുടുംബക്കൂട്ടായ്മകൾ. ബഹു. വൈദികരും സിസ്റ്റേഴ്സും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും സഭയുടെ ഏറ്റവും ശക്തമായ പ്രവർത്തനവേദിയായ കുടുംബക്കൂട്ടായ്മകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. മാസത്തിൽ ഒരു പ്രാവശ്യം എല്ലാ വാർഡുകളിലും കൂട്ടായ്മകൾ നിർബന്ധമായും നടക്കണം. ഇടവകയിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങളുടെയോ മറ്റോ പേരിൽ കൂട്ടായ്മകൾ മുടക്കരുത്. ഓരോ വാർഡിലെയും കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം കേട്ട് ഗ്രഹിക്കുകയും സഭയുടെ പ്രബോധനങ്ങൾ ചർച്ച ചെയ്ത് പഠിക്കുകയും ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യേണ്ടത് കുടുംബക്കൂട്ടായ്മകളുടെ ദൗത്യമാണ്. തങ്ങളുടെ ഇടയിൽ മുട്ടുപാടുള്ളവരെ സഹായിക്കാനും സ്നേഹസമൂഹമാകുവാനും സഹകരിച്ചു ജീവിക്കാനുമുള്ള പ്രചോദനത്തിനുള്ള വേദിയാണിത്. ഇടവകസമൂഹത്തെ നേരിട്ടറിയുന്നതിനും വിശ്വാസചഞ്ചലചിത്തരെ ഉറപ്പിച്ചുനിർത്തുന്നതിനും വിശ്വാസഭ്രംശം വന്നവരെ നേർവഴിയിലേക്ക് കൊണ്ടുവരുന്നതിനും ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള വേദിയാണ് കുടുംബക്കൂട്ടായ്മ. എല്ലാറ്റിലും ഉപരിയായി, നല്ല ആരാധനാസമൂഹമായി ജീവിതസാ

ക്ഷ്യമേകുവാനും കുടുംബക്കൂട്ടായ്മകൾ നിമിത്തമാകണം. ഭക്ഷണം, വസ്ത്രം, മരുന്ന്, പാർപ്പിടം ഇവയില്ലാതെ ഞെരുങ്ങുന്ന ആരും, ജാതിമതഭേദമെന്യേ നമ്മുടെ ഇടയിൽ ഇല്ല എന്ന് ഉറപ്പുവരുത്തുവാൻ കുടുംബക്കൂട്ടായ്മകൾക്ക് ഉത്തരവാദിത്വമുണ്ട്.

## ഭാഗം - 2

### 7. ഇടവകയിലെ സംഘടനകൾ

നമ്മുടെ രൂപതയിലെ എല്ലാ സംഘടനകളുടെയും യൂണിറ്റുകൾ ഇടവകതലത്തിലുണ്ടാകണം. എല്ലാ സംഘടനകൾക്കും സഭ പ്രത്യേകമായ ദൗത്യവും പ്രാധാന്യവും കൽപ്പിക്കുന്നു. രൂപതാതലത്തിലുള്ള ഏതെങ്കിലും സംഘടനകൾ ഇടവകയിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ യൂണിറ്റുകൾ സ്ഥാപിച്ച് സജീവമായി സംഘടനാപ്രവർത്തനത്തിന് സാഹചര്യമുണ്ടാക്കുവാൻ ബഹു. വൈദികരും ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കണം. നാമമാത്രമായി സംഘടനകൾ പ്രവർത്തിക്കുന്ന സ്ഥിതി ഉണ്ടാവാതെ ഓരോ സംഘടനയുടെയും ലക്ഷ്യം സാധിക്കുംവിധം പ്രവർത്തനങ്ങൾ ഉണ്ടാവണം.

### 8. ഇടവകയിലെ വാർഷികധ്യാനം

ഇടവകയിലെ ഏറ്റവും വലിയ ആത്മീയ നവീകരണഘടകമാണ് ഓരോ വർഷവും നടക്കുന്ന വാർഷികധ്യാനം. ദൗർഭാഗ്യവശാൽ ഇന്ന് ഗൗരവപൂർവ്വം വാർഷികധ്യാനത്തെ കാണുന്നവർ കുറയുന്നു. വേണ്ടത്ര ഒരുക്കം കൂടാതെയാണ് ചിലയിടങ്ങളിലൊക്കെ വാർഷികധ്യാനം നടത്തുന്നതും. വാർഷികധ്യാനതീയതികൾ മുൻകൂട്ടി ഇടവകസമൂഹത്തെ അറിയിക്കുകയും ഒരു മാസം മുമ്പെങ്കിലും അതിനായി പ്രാർത്ഥിച്ച് ഒരുങ്ങുകയും വേണം. പ്രാർത്ഥനാഗ്രൂപ്പുകളിലും കുടുംബക്കൂട്ടായ്മകളിലും സന്യാസഭവനങ്ങളിലും ഈ നിയോഗാർത്ഥം മധ്യസ്ഥപ്രാർത്ഥനകൾ നടത്തണം. ഇടവകയിൽ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പങ്കെടുക്കാവുന്നവിധം സമയക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്മാർ ചെയ്തുകൊടുക്കണം. മറ്റു സ്ഥലങ്ങളിൽ നടക്കുന്ന ധ്യാനങ്ങളിൽ പങ്കെടുത്തുവെന്നത് ഇടവകധ്യാനം ഒഴിവാക്കുവാനുള്ള കാരണമല്ലെന്നത് എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം.



### 9. തിരുനാളുകൾ

നമ്മുടെ തിരുനാളാഘോഷങ്ങൾ ചിലപ്പോഴെങ്കിലും ക്രൈസ്തവസാക്ഷ്യത്തിനുപകരിക്കുന്നില്ലെന്ന് മാത്രമല്ല, വിരുദ്ധസാക്ഷ്യമായിത്തീരുകയും ചെയ്യുന്ന അവസരങ്ങളായിത്തീരാറുണ്ട്. ആത്മീയമായി നവീകരിക്കുന്നതിന്റെയും ഇടവകസമൂഹം തങ്ങൾ ദൈവത്താൽ നയിക്കപ്പെടുന്ന വിശ്വാസസമൂഹമാണെന്ന് പ്രഖ്യാപിക്കുന്നതിന്റെയും അവസരമാണ് തിരുനാൾ. ഇടവകമദ്ധ്യസ്ഥരുടെയും മറ്റു വിശുദ്ധാത്മാക്കളുടെയും ജീവിതമാതൃകകൾ അനുകരിച്ചുകൊണ്ട് സ്വർഗ്ഗോന്മുഖമായി തീർത്ഥാടനം ചെയ്യുന്നവരാണ് നാം എന്ന് അനുഭവിച്ചറിയുന്ന അവസരമാണ് അവ. കർത്താവിന്റെ തിരുനാളുകൾക്ക് കൂടുതൽ മുൻഗണന നല്കേണ്ടതുണ്ട്. എന്നാൽ, ഇന്ന് തിരുനാളുകളുടെ ആത്മീയപ്രാധാന്യം കുറയുകയും കലാപരിപാടികൾ, വെടിക്കെട്ട്, ചെണ്ടമേളം, വാദ്യമേളങ്ങൾ, ദീപാലങ്കാരങ്ങൾ, പരസ്യകോലാഹലം, സപ്ലിമെന്റുകൾ എന്നിവയ്ക്ക് പ്രാമുഖ്യം കൈവരുകയും ചെയ്തിരിക്കുന്നു. തിരുനാളുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ഏവരുടെയും ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു:

a) ഓരോ ഇടവകയിലും നടത്തുന്ന തിരുനാൾ ആ ഇടവകസമൂഹത്തിന്റെ വിശ്വാസാനുഭവത്തിന്റെയും ഐക്യത്തിന്റെയും സഹകരണത്തിന്റെയും പങ്കുവയ്ക്കലാണ്. അതുകൊണ്ട്, ഓരോ ഇടവകയിലെയും തിരുനാളുകൾ ആ ഇടവകാതിർത്തിക്കുള്ളിൽ ഒതുങ്ങിനിൽക്കേണ്ടതാണ്. മറ്റു സ്ഥലങ്ങളിൽനിന്ന് വലിയ ജനസഞ്ചയത്തെ ആകർഷിക്കുവാനുള്ള ശ്രമങ്ങൾ ഇടവകസമൂഹത്തിന്റെ നവീകരണലക്ഷ്യം സാധിക്കാതെ പോകുവാൻ കാരണമാകും.

b) തിരുനാൾപ്രദക്ഷിണങ്ങൾ തെരുവീഥികളിലൂടെ ഗതാഗതതടസ്സം സൃഷ്ടിച്ച് നടത്തുന്നത് ക്രൈസ്തവചൈതന്യത്തിന് നിരക്കുന്നതല്ല. വഴിയാത്രക്കാർക്കുള്ള റോഡുകളിൽ പ്രദക്ഷിണത്തിന്റെ പേരിൽ തടസ്സം ഉണ്ടാക്കരുത്.

c) വാഹനങ്ങൾക്ക് യാത്രാതടസ്സം ഉണ്ടാക്കുംവിധം റോഡുകൾക്ക് കുറുകെ കമാനങ്ങളും ആർച്ചുകളും വഴിവക്കത്തുള്ള സ്റ്റേജുകളും ഒഴിവാക്കണം.

d) കലാപരിപാടികൾ പള്ളിയുടെ പരിശുദ്ധിക്ക് അനുയോജ്യമാകണം.

e) വൻതുകകൾ തിരുനാൾ ആഘോഷങ്ങൾക്ക് ചെലവിടുന്നത് ഒഴിവാക്കണം. പ്രസുദേന്തിമാർ ആഘോഷങ്ങൾക്കായി മുടക്കുന്ന തുകയുടെ ആനുപാതികമായ ഒരു സംഭാവന ഇടവകയിലെ ജീവകാരുണ്യഫണ്ടിലേക്കും നൽകണം.

f) ഉച്ചഭാഷിണികൾ പള്ളിയങ്കണത്തിന് പുറത്തേക്ക് നല്കാതെ, ശബ്ദക്രമീകരണം ശ്രദ്ധിക്കണം.

g) തിരുനാളിനോടനുബന്ധിച്ച് മദ്യപാനത്തിനവസരം ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം. മദ്യപിച്ച് തിരുനാൾ ആഘോഷിക്കുന്നത് ദൈവകോപം ക്ഷണിച്ചുവരുത്തുന്ന പ്രവൃത്തിയാകും.

h) കരിമരുന്നുപയോഗം നാട്ടിൽ നിലവിലിരിക്കുന്ന നിയമത്തിനു വിധേയമായും ആവശ്യമായ അനുമതികളോടുകൂടിയുമായിരിക്കണം.

i) തിരുനാളിൽ പരി. കുർബാനയർപ്പിക്കുന്നതിനും പരി. കുർബാനസ്വീകരിക്കുന്നതിനും കുമ്പസാരം എന്ന കൂദാശ സ്വീകരിക്കുന്നതിനും വചനം കേൾക്കുന്നതിനും ആയിരിക്കണം എല്ലായിടത്തും പ്രാധാന്യം ഉണ്ടാവേണ്ടത്.

j) എല്ലാ ഇടവകകളിലും വി. അൽഫോൻസാമ്മയുടെ തിരുനാൾ, ഇടവകയിലെ പ്രധാന തിരുനാൾ കഴിഞ്ഞാൽ അടുത്ത തിരുനാളായി ആഘോഷിക്കണം.

k) വിശുദ്ധരോടുള്ള വണക്കത്തിന്റെ ഭാഗമായി നാം നടത്തുന്ന നൊവേനപ്രാർത്ഥനകൾ നിലവിലുള്ളത് പരിഷ്കരിക്കുകയോ പുതിയതായി ആരംഭിക്കുകയോ ചെയ്യുമ്പോൾ രൂപതാദ്ധ്യക്ഷനിൽനിന്ന് രേഖാമൂലം അനുമതിയും പ്രാർത്ഥനയുടെ ടെക്സ്റ്റിന് അംഗീകാരവും വാങ്ങണം.



## 10. കുടുംബപ്രാർത്ഥന

നമ്മുടെ കുടുംബങ്ങളുടെ ചൈതന്യം, പ്രാർത്ഥിക്കുന്ന കുടുംബങ്ങളാണ് എന്നതാണ്. ആധുനികസൗകര്യങ്ങൾ ഉണ്ടായപ്പോൾ പ്രാർത്ഥനയ്ക്ക് കോട്ടംവരുത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. സന്ധ്യമണി അടിക്കുമ്പോൾ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും കുടുംബങ്ങളിലും സന്ധ്യാപ്രാർത്ഥന നടത്തണം. ഭക്തിയോടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതിൽ മാതാപിതാക്കൾ മുൻകൈ എടുക്കണം. മക്കളെ പ്രാർത്ഥനാനുഭവത്തിൽ വളർത്തുന്നതിൽ അവർക്ക് സുപ്രധാനസ്ഥാനമാണുള്ളത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള ആശയവിനിമയം കുറയുന്നതും കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് വിഘാതമാണ്. കുടുംബപ്രാർത്ഥനയോടൊപ്പം വി. ഗ്രന്ഥം ഭക്തിപൂർവ്വം വായിച്ചുകേൾക്കണം. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ദിവസം ഒരു പ്രാവശ്യമെങ്കിലും ഭക്ഷണം കഴിക്കുകയും ആ ദിവസത്തെ വിശേഷങ്ങൾ പങ്കുവയ്ക്കുകയും ചെയ്യേണ്ടതാണ്. മാതാപിതാക്കൾ അറിയാത്ത രഹസ്യങ്ങൾ കുട്ടികൾക്ക് ഉണ്ടാവരുത് എന്നത് പ്രധാനപ്പെട്ട കാര്യമാണ്. വല്ല്യപ്പനും വല്യമ്മയും തരുന്ന വിശ്വാസപരിശീലനം ഇന്ന് വീടുകളിൽ കുറഞ്ഞുവരുന്നു. വിവാഹവാഗ്ദാനം, വിവാഹം, തിരുപ്പട്ടം, ആദ്യകുർബാനസ്വീകരണം തുടങ്ങിയവയുടെ തലേന്നാൾ വൈകുന്നേരം കുടുംബാംഗങ്ങൾ ഒന്നിച്ചുചേർന്ന് പ്രത്യേകപ്രാർത്ഥനകൾ നടത്തുവാൻ ശ്രദ്ധിക്കണം.

## 11. കുടുംബാഘോഷങ്ങൾ

നമ്മുടെ കുടുംബങ്ങളിലെ പ്രധാന സംഭവങ്ങളായ വിവാഹം, വിവാഹനിശ്ചയം, കുട്ടികളുടെ മാമ്മോദീസാ, ആദ്യകുർബാന സ്വീകരണം, തിരുപ്പട്ടസ്വീകരണം തുടങ്ങിയവ എല്ലാ പരിധികളും ലംഘിച്ച് ധൂർത്തിന്റെയും ആർഭാടത്തിന്റെയും അനാവശ്യച്ചെലവുകളുടെയും സന്ദർഭമായി പലപ്പോഴും മാറുന്നു. ഇതിന്റെ പേരിൽ സാമ്പത്തിക

കടക്കെണിയിൽ പെടുന്നവരും കൂടുന്നു. ഈ സന്ദർഭങ്ങളിലെല്ലാം മദ്യപാനം ശീലമാകുന്നു. അപകടകരവും കുടുംബാംഗങ്ങളുടെ നിലനില്പുതന്നെ അപകടത്തിലാക്കുന്നതുമായ ഇത്തരം പ്രവണതകളിൽനിന്നു നാം പിൻമാറണം. ദൈവികകാര്യങ്ങൾ ദൈവാത്മാവിന്റെ പ്രേരണയാൽ നമുക്ക് നിർവഹിക്കാം.

## 12. പള്ളിയോഗം

നമ്മുടെ ഇടവകയുടെ പ്രവർത്തനങ്ങളിൽ ബഹു. വികാരിയച്ചന്മാരെ സഹായിക്കുന്ന പ്രധാന ആലോചനസമിതിയാണ് പള്ളിയോഗം. ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളെയും ഗുണപരമായി സമന്വയിപ്പിക്കുന്നതിൽ ഈ സമിതിക്ക് നിർണ്ണായകപങ്കുണ്ട്. യോഗപ്രതിനിധികളായി ശുശ്രൂഷ ചെയ്യുവാൻ വിജ്ഞാനവും സമർപ്പണമനോഭാവവും സഭാസ്നേഹവുമുള്ളവർ തയ്യാറാകുകയും അങ്ങനെയുള്ളവരെ തെരഞ്ഞെടുക്കുന്നതിന് സഭാസമൂഹം ശ്രദ്ധിക്കുകയും വേണം. ഭക്തസംഘടനകൾക്ക് ഉചിതമായ പ്രോത്സാഹനം നൽകുവാൻ പള്ളിയോഗം ശ്രദ്ധിക്കണം. പള്ളിയോഗം കേവലം തിരട്ട് യോഗം മാത്രമാകാതെ ഇടവകയുടെ വിശ്വാസജീവിതം ആഴപ്പെടുത്തുവാനും ആരാധനക്രമ പരികർമ്മങ്ങൾ സജീവമാക്കുവാനും ദൈവജനത്തിന്റെ ക്ഷേമത്തിനായുമുള്ള വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാനും കഴിയുന്ന, പരിശുദ്ധാത്മാവിനാൽ പ്രേരിതമായ സമിതിയാകണം. അപ്രകാരം പള്ളിയോഗത്തെ വളർത്തിയെടുക്കുന്നതിന് ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണം.യോഗതീരുമാനങ്ങൾ യഥാസമയം രൂപതാകേന്ദ്രത്തിൽ സമർപ്പിക്കുവാനും അംഗീകാരം വാങ്ങി മാത്രം നടപ്പിൽ വരുത്തുവാനും ശ്രദ്ധിക്കണം. അംഗീകരിച്ച പ്ലാനുകൾക്ക് വ്യത്യാസം വരുത്തുന്നുണ്ടെങ്കിൽ അത് രൂപതാകേന്ദ്രത്തെ അറിയിച്ചു മാത്രം നടത്തണം.

## 13. ഇടവകയുടെ സ്ഥലവും സ്ഥാപനങ്ങളും കെട്ടിടങ്ങളും

ഇടവകയുടെ സ്ഥലവും സ്ഥാപനങ്ങളും കെട്ടിടങ്ങളും വേണ്ടത്ര ശ്രദ്ധയില്ലാത്തതുമൂലം നഷ്ടപ്പെടുകയോ ക്ഷയിക്കുകയോ ആദായനഷ്ടം ഉണ്ടാകുകയോ ചെയ്യുന്ന സ്ഥിതി വ്യാപകമാണ്. പള്ളിവക സ്ഥലത്തിന്റെ ആധാരങ്ങളും ഇതര രേഖകളും സൂക്ഷിക്കുക, അതിർത്തികൾ തിട്ടപ്പെടുത്തുക, കരം യഥാസമയം അടയ്ക്കുക, ഇടവകകളുടെ 12 എ രജിസ്ട്രേഷൻ രേഖകൾ, പാൻ കാർഡ് തുടങ്ങിയ രേഖകൾ സൂക്ഷിക്കുക, വാർഷിക കണക്ക് യഥാവിധി ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്ത് സൂക്ഷിക്കുക, കോപ്പി രൂപതാകേന്ദ്രത്തിൽ നല്കുക, വാടകച്ചീട്ട് യഥാസമയം പുതുക്കുക, വസ്തു വാങ്ങിയാൽ യഥാസമയം പോക്കുവരവ് നടത്തുക, ആധാരങ്ങളും മുന്നാധാരങ്ങളും സൂക്ഷിക്കുക. കരമടച്ച രസീത് ബില്ലുകളുടെ കൂട്ടത്തിൽ വയ്ക്കാതെ പ്രത്യേക റിക്കാർഡ് രജിസ്റ്ററിൽ സൂക്ഷിക്കുക. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുക, കാർഷികവിളകൾക്ക് സമയാനുസരണം പരിചരണം നല്കുക എന്നിവയിൽ ബഹു. വികാരിയച്ചന്മാരും കൈക്കാരന്മാരും യോഗപ്രതിനിധികളും ശ്രദ്ധിക്കണം. ഇടവകകൾ തമ്മിൽ നിലവിലിരിക്കുന്ന അതിർത്തികൾ പരസ്പരം പരിഗണിച്ചുകൊണ്ടുവേണം അജപാലനശുശ്രൂഷകൾ നടത്തുവാൻ.

## 14. സാമ്പത്തികകാര്യങ്ങൾ

ഇടവകയുടെ മാസതിരട്ടും ആണ്ടുതിരട്ടും യോഗങ്ങൾ ക്രമമായി നടത്തണം. ഇടവകയുടെ പൊതുവായ സാമ്പത്തികകാര്യങ്ങളിൽ സുതാര്യത പുലർത്തണം. വരവ് ചെലവ് കണക്കുകൾ കൃത്യമായി ഉണ്ടായിരിക്കണം. പള്ളിക്കണക്ക് കൃത്യമാണെന്ന് ബഹു. വികാരിയച്ചന്മാർ ഉറപ്പാക്കണം. പള്ളിയുടെ ഭൗതികകാര്യങ്ങളിലെ നടത്തിപ്പിൽ കൈക്കാരന്മാരുടെ പങ്കാളിത്തം ഉണ്ടായിരിക്കണം. ആണ്ടുതിരട്ട് അവസരങ്ങളിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന വിഹിതങ്ങൾ കൃത്യമായും സത്യസന്ധമായും ക്രമീകരിക്കപ്പെടുവാൻ ഇടയാക്കണം. കൈക്കാരന്മാർ, പള്ളിക്കമ്മറ്റിയംഗങ്ങൾ, പള്ളിജീവനക്കാർ, സംഘടനാഭാരവാഹികൾ എന്നിവർ സഭാശുശ്രൂഷയിൽ സഹായികളാണെന്ന ബോധ്യത്തോടെ ഇടപെടണം. പള്ളിജീവനക്കാർക്ക് അന്തസ്സായി ജീവിക്കുവാനുള്ള വേതനം ഉറപ്പാക്കണം. വ്യക്തിപരമായും അജപാലനശുശ്രൂഷയിലും സാമ്പ

ത്തികഅച്ചടക്കം പാലിക്കണം. കല്പനപ്രകാരമുള്ള പിരിവുകൾ യഥാസമയം നടത്തുകയും സംഭാവനാശേഖരണം കഴിഞ്ഞ് കഴി വതുംവേഗം അവ രൂപതാകേന്ദ്രത്തിൽ ഏല്പിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യണം.

## 15. നിർമ്മാണപ്രവർത്തനങ്ങൾ

ഇടവകയിലെ നിർമ്മാണപ്രവർത്തനങ്ങളിൽ ഔചിത്യവും വിവേകവും മിതത്വവും പ്രകടമാക്കപ്പെടണം. ഇടവകയുടെ ആത്മീയാവശ്യങ്ങൾക്കും അജപാലനാവശ്യങ്ങൾക്കും സഹായകരമായ നിർമ്മാണപ്രവർത്തനങ്ങൾ മാത്രമേ ഉണ്ടാകാവൂ. പേരിനും പെരുമയ്ക്കും വ്യർത്ഥാഭിമാനത്തിനും കാരണമാകുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഒട്ടും ഉചിതമല്ല. നമ്മുടെ സഭയുടെ പൈതൃകവും ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച ഗവൺമെന്റ് നിയമങ്ങൾ കൃത്യമായി പാലിക്കേണ്ടതും അനുവാദാംഗീകാരങ്ങൾ യഥാസമയം വാങ്ങിക്കേണ്ടതുമാണ്. കെട്ടിടത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് കൊടുത്ത് കെട്ടിടനമ്പർ നിർബന്ധമായും വാങ്ങിയിരിക്കണം. പൗരസ്ത്യസഭയുടെ പാരമ്പര്യമനുസരിച്ച് വിശുദ്ധരുടെ ഐക്കണുകളാണ് ദൈവാലയത്തിൽ സ്ഥാപിക്കേണ്ടത്. പള്ളിപ്പരിസരത്ത് പ്രതിമകൾ സ്ഥാപിക്കുന്ന നൂതനപ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

# ഭാഗം - 3

## 16. സംഭാവനസ്വീകരണം

പള്ളിയാവശ്യങ്ങൾക്ക് സംഭാവനകൾ സ്വീകരിക്കുമ്പോൾ പണം സ്വീകരിച്ചതായുള്ള രസീത് കൊടുക്കണം. സംഭാവനകൾ കൈപ്പറ്റിയ വിവരം ബന്ധപ്പെട്ട സമിതികളെ അറിയിക്കണം. സംഭാവനാസ്വീകരണത്തിന് അമിതമായ സമ്മർദ്ദങ്ങളോ ഭീഷണിയുടെ സ്വരമോ അധികാരികളിൽനിന്ന് ഉണ്ടാവരുത്. വൈദികർ സംഭാവന ചോദിക്കുന്നത് ഇടവകജനത്തിനുവേണ്ടിയാണെന്ന കാര്യമായിരിക്കണം പ്രധാനമായും ദൈവജനത്തെ ബോധ്യപ്പെടുത്തേണ്ടത്. സംഭാവനകൾ തന്നില്ലെന്നകാരണത്താൽ പ്രത്യക്ഷമായോ



പരോക്ഷമായോ ആരെയും പൊതുവേദിയിൽ കുറ്റപ്പെടുത്താതിരിക്കുക.

## 17. ദൈവാലയങ്ങളിലെ ഡ്രസ് കോഡ്

നമ്മുടെ ദൈവാലയങ്ങളിൽ ബലിയർപ്പണത്തിനും മറ്റു തിരുക്കർമ്മങ്ങൾക്കുമായി വരുന്ന വിശ്വാസികൾ ദൈവത്തിന്റെ മഹനീയസാന്നിധ്യമാണ് ദൈവാലയത്തിലുള്ളത് എന്ന അവബോധം ജനിപ്പിക്കുവാനിടയാകുംവിധമാണ് പെരുമാറേണ്ടത്. ഇക്കാര്യത്തിൽ നമ്മുടെ പൂർവ്വമാതാപിതാക്കൾക്കുണ്ടായിരുന്ന നിഷ്ഠ എടുത്തു പറയേണ്ടതാണ്. ദൈവാലയത്തിൽ പോകുവാൻ അവർ വൃത്തിയും വെടിപ്പുമുള്ള, ലളിതവും മാന്യവുമായ വസ്ത്രങ്ങൾ പ്രത്യേകം സൂക്ഷിച്ചിരുന്നു. അത് തങ്ങൾ ചെയ്യുന്ന കർമ്മത്തിന്റെ പ്രാധാന്യവും മഹനീയതയും വ്യക്തമാക്കുന്നതായിരുന്നു. നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും തിരുക്കർമ്മങ്ങൾക്കായി വരുന്നവർ ദൈവാലയത്തിന്റെ പരിശുദ്ധിക്കും വിശ്വാസസമൂഹത്തിന്റെ ഭക്തിജന്യമായ സ്വഭാവത്തിനും യോജിച്ച വസ്ത്രധാരണരീതി സ്വീകരിക്കണം എന്ന കാര്യം സ്നേഹപൂർവ്വം ഞാൻ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് നമ്മളെല്ലാം ദൈവത്തിന്റെ മുമ്പിൽ തുല്യരാണെന്നും ദൈവാലയത്തിൽ നാം ആഗ്രഹിക്കുന്നത് ദൈവാനുഗ്രഹമാണെന്നും, നമ്മൾ ഭക്തസമൂഹമാണെന്നും ദൈവതിരുമുമ്പിൽ നിസ്സാരരാണെന്നും ബോധ്യപ്പെട്ട് നാം സ്വയം അനുവർത്തിക്കേണ്ട ദൈവാലയശൈലിയാണ്. ബഹു. വൈദികരും സിസ്റ്റേഴ്സും ഇക്കാര്യത്തിൽ നമ്മുടെ ജനങ്ങളെ നന്നായി പഠിപ്പിക്കണം. മാതാപിതാക്കൾ കുട്ടികളുടെ വസ്ത്രധാരണത്തിൽ, പ്രത്യേകിച്ച് ദൈവാലയത്തിലേത് ഗൗരവമായി ശ്രദ്ധിക്കണം. കടുംകളർ വസ്ത്രങ്ങൾ, ഉചിതമല്ലാത്ത ചിത്രങ്ങളോടും എഴുത്തുകളോടും കൂടിയ വസ്ത്രങ്ങൾ തുടങ്ങി, ദൈവാലയപരിശുദ്ധിക്ക് ചേരാത്ത വസ്ത്രങ്ങൾ ദൈവാലയത്തിൽ ഉപയോഗിക്കരുത്. സ്ത്രീകളും പെൺകുട്ടികളും ശിരസ്സ് മൂടുന്നത് പരമ്പരാഗതമായി നമുക്കുണ്ടായിരുന്ന ശ്രേഷ്ഠമായ കാര്യമാണ്. ഇക്കാര്യവും പ്രത്യേകം ശ്രദ്ധിക്കണം. അമിതമായി ആഭരണങ്ങൾ അണിയുന്നതും ദൈവാലയസ

ന്നിധാനത്തിന് യോജിച്ചതല്ലെന്ന കാര്യം ഏവരും ഓർക്കുമല്ലോ. വിവാഹാവസരങ്ങളിലും നമ്മുടെ ദൈവാലയങ്ങളിൽ ഡ്രസ്കോഡ് ബാധകമാണെന്നകാര്യം എല്ലാവരെയും ബോധ്യപ്പെടുത്തണം.

## 18. വീഡിയോ ഉപയോഗം

നമ്മുടെ രൂപതയിൽ കൂദാശാപരികർമ്മസമയത്ത് ശക്തിയേറിയ വീഡിയോലൈറ്റുകൾ ഉപയോഗിക്കുന്ന പതിവില്ല. വീഡിയോ റിക്കാർഡിംഗിന് സഹായമായുള്ള ലൈറ്റുകൾ പള്ളിക്കകത്ത് സ്ഥിരമായി ക്രമീകരിക്കുന്നതിൽ വികാരിയച്ചന്മാർ ശ്രദ്ധിക്കണം. കൂദാശാപരികർമ്മസമയത്ത് വീഡിയോ ലൈറ്റുകളുമായി ഓടിനടക്കുന്നത് അനുവദിച്ചിട്ടില്ല എന്നത് വികാരിമാർ ഉറപ്പുവരുത്തണം. വിവാഹകർമ്മങ്ങൾ ഭക്തിപൂർവ്വം പള്ളിയിൽ നടക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിരിക്കണം. ഒരു കാരണവശാലും മദ്ബഹായിൽ ഫോട്ടോഗ്രാഫർമാർക്ക് പ്രവേശനമില്ല. പള്ളിയുടെ അകത്ത് arranged photos അനുവദിച്ചിട്ടില്ലാത്തതാകുന്നു.

## 19. പള്ളിറിക്കാർഡുകൾ

പള്ളിയിലെ രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തുകയും ഉചിതസമയങ്ങളിൽ കാലോചിതമായി പുതുക്കുകയും വേണം. പാരീഷ് സോഫ്റ്റ്‌വെയർ എല്ലാ ഇടവകകളിലും കഴിവതുംവേഗം പ്രവർത്തനസജ്ജമാക്കണം. കമ്പ്യൂട്ടർ, ഇന്റർനെറ്റ് രംഗങ്ങളിലെ വിപുലമായ സാധ്യതകൾ നമ്മുടെ അജപാലനപ്രവർത്തനങ്ങളിൽ കൂടുതലായി ഉപയോഗപ്പെടുത്തുവാൻ എല്ലാ ബഹു. അച്ചന്മാരും ശ്രദ്ധിക്കേണ്ടതാണ്.

## 20. നമസ്കാരം കേൾക്കൽ

വിവാഹത്തിന് യുവതീയുവാക്കന്മാരെ ഒരുക്കുന്നതിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് ഇടവകവികാരിമാരുടെ നമസ്കാരം കേൾക്കൽ. വളരെ ഗൗരവമായും വിവേകത്തോടും പരിശുദ്ധാത്മാവിനാൽ നിറഞ്ഞും നടത്തേണ്ട കർമ്മം കൂടിയാണിത്. നല്ല കുടുംബജീവിതം നയിക്കുന്നതിനാവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും ഒപ്പം സഭാജീവിതത്തിന് പ്രധാനമായ നമസ്കാരങ്ങൾ പഠിച്ചിരിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.



## 21. മാസാദ്യവെള്ളിയാചരണം

പരമ്പരാഗതമായി നമ്മുടെയിടയിൽ മാസാദ്യവെള്ളിയാഴ്ചകളിൽ പള്ളിയിൽവന്ന് പാപമോചന കൂദാശ സ്വീകരിക്കുകയും വി. കുർബാനയിൽ പങ്കുകൊള്ളുകയും ചെയ്യുന്ന പതിവ് വിശ്വാസസമൂഹത്തിനുണ്ട്. അത് തുടർന്നുകൊണ്ടുപോകുകതന്നെ വേണം. അതുപോലെ, നമ്മുടെ സ്കൂളുകളിലും കോളേജുകളിലും കത്തോലിക്കാക്കുട്ടികൾക്ക് അതേദിവസം കുമ്പസാരവും കുർബാനയും ക്രമീകരിക്കേണ്ടതുമാണ്. ഇക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. നമ്മുടെ എല്ലാ കോളേജുകളിലും, വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച ക്ലാസ്സുകൾ കൃത്യമായും ക്രമമായും നല്കണം. കോളേജ് ചാപ്പലുകൾ ഭംഗിയായി സൂക്ഷിക്കേണ്ടതാണ്. നമ്മുടെ രൂപതയിൽ വെള്ളിയാഴ്ചകളിൽ മാംസവർജ്ജനമാണെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു.

## 22. ആദ്യാക്ഷരം കുറിക്കൽ

ക്രൈസ്തവദൈവവിജ്ഞാനീയപ്രകാരം കുട്ടികൾ ആദ്യാക്ഷരം കുറിക്കുവാനുള്ള ഏറ്റവും അഭികാമ്യമായ ദിനം പന്തക്കുസ്താതിരുനാൾ ആണ്. നമ്മുടെ കുഞ്ഞുങ്ങൾ പന്തക്കുസ്താദിനത്തിൽ ആദ്യാക്ഷരം കുറിക്കുന്നതിന് മാതാപിതാക്കൾക്ക് അവബോധം നല്കണം.

## 23. വിദ്യാഭ്യാസസ്ഥാപനങ്ങൾ

നമ്മുടെ രൂപതയ്ക്ക് നാല് എയ്ഡഡ് കോളേജുകളും നൂറ്റിമുപ്പത്തിയൊൻപത് എയ്ഡഡ് സ്കൂളുകളും രണ്ട് എയ്ഡഡ് ടീച്ചർ ട്രെയിനിംഗ് സ്കൂളുകളും ഉണ്ട്. നമ്മുടെ നാട്ടിലെ കുട്ടികൾക്ക് ജാതിമതഭേദമെന്യേ സൗകര്യപ്രദമായ നല്ല വിദ്യാഭ്യാസാവസരം നല്കുക എന്ന ലക്ഷ്യമിട്ടാണ് അവ സ്ഥാപിച്ചത്. ഇന്ന് നമ്മുടെ പൊതുവിദ്യാഭ്യാസമേഖലയിൽ വന്നിരിക്കുന്ന സംഭവവികാസങ്ങൾ പൊതുവിദ്യാഭ്യാസം നല്കുന്ന എയ്ഡഡ് സ്കൂളുകളെ ഗൗരവമായി ബാധിച്ചിട്ടുണ്ട്. പല സ്കൂളുകളും അവഗണിക്കപ്പെട്ടുപോയിരിക്കുന്നു എന്നതാണ് പ്രശ്നം. നമ്മുടെ എല്ലാ പൊതുമേ

ഖല-എയ്ഡഡ് സ്ഥാപനങ്ങളും സംരക്ഷിക്കുകയും കാലോചിതമായി കാര്യക്ഷമമാകുകയും ചെയ്യുവാൻ ബഹു. മാനേജരന്മാരും ബന്ധപ്പെട്ടവരും ശ്രദ്ധിക്കണം.

സ്വാശ്രയമേഖലയിൽ നമ്മുടെ രൂപതയുടെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളജും ഒരു നേഴ്സിംഗ് കോളജും ഒരു ഹോട്ടൽ മാനേജ്മെന്റ് കോളജും രണ്ട് ആർട്സ്&സയൻസ് കോളജുകളും ഒരു ഹയർസെക്കൻഡറി സ്കൂളും രണ്ട് ഹൈസ്കൂളുകളും ഏതാനും പ്രൈമറി സ്കൂളുകളുമുണ്ട്. ഇതു കൂടാതെ സന്യാസസമൂഹങ്ങൾ നടത്തുന്ന സ്വാശ്രയസ്കൂളുകളും രൂപതയുടെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. നമ്മുടെ നാട്ടിലെ വിദ്യാർത്ഥികൾക്ക് ഉന്നതനിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുവാൻ ഈ സ്ഥാപനങ്ങൾക്കെല്ലാം കഴിയുന്നുണ്ട്. സഭയുടെ കാഴ്ചപ്പാടിൽ വിദ്യാഭ്യാസത്തിൽ സമഗ്രമായ രൂപവത്കരണം നടക്കേണ്ടതുണ്ട്. അതുകൊണ്ട്, കത്തോലിക്കാവിദ്യാർത്ഥികൾക്കായി മതപഠനക്ലാസ്സുകളും എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി മോറൽ ക്ലാസ്സുകളും ക്രമമായിത്തന്നെ നൽകുവാൻ ഈ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. കെ.സി.എസ്.എൽ., ജീസസ് യൂത്ത് തുടങ്ങിയ സംഘടനകളുടെ പ്രവർത്തനവും വിദ്യാർത്ഥികളുടെ രൂപവത്കരണത്തെ സഹായിക്കും. നമ്മുടെ നാട്ടിൽ പൊതുരംഗത്ത് നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന പലരും ഇത്തരത്തിലുള്ള സംഘടനകളിലൂടെ പരിശീലനം ലഭിച്ചവരാണ് എന്നോർക്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന സൗജന്യപഠനസൗകര്യങ്ങളും സ്കോളർഷിപ്പുകളും തുടർന്നുകൊണ്ടുപോകുന്നതോടൊപ്പം കൂടുതൽ വിദ്യാർത്ഥികൾക്ക് അത്തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നമ്മുടെ സ്വാശ്രയവിദ്യാഭ്യാസസ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തികസുസ്ഥിതിയില്ലാത്തതിന്റെ പേരിൽ നമ്മുടെ നാട്ടിൽ ഒരു വിദ്യാർത്ഥിക്കുപോലും പഠിക്കുവാൻ സാധിക്കാതെ വരരുത് എന്നാണ് എന്റെ ആഗ്രഹം.

നമ്മുടെ വിദ്യാഭ്യാസമേഖലയിൽ നിയമനങ്ങൾക്കോ പ്രവേശനത്തിനോ പണം വാങ്ങുന്നില്ല എന്ന നല്ല പതിവ് വരുംകാലങ്ങളിലും കർശനമായി പാലിക്കപ്പെടണം. ഇതിന് വിപരീതമായി ആരെങ്കിലും പ്രവർത്തിക്കുന്നുവെങ്കിൽ അത് എന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആരും മടിക്കേണ്ടാ. നമ്മുടെ വിദ്യാഭ്യാസമേഖലയിലെ ആവശ്യങ്ങൾക്ക് പണം വേണ്ടിവരുന്നുണ്ടെങ്കിൽ അത് നിയമനവും പ്രവേശനവുമായി ബന്ധപ്പെടുത്താതെ പൊതുജനത്തിന് സ്വീകാര്യമായ രീതിയിൽ സമാഹരിക്കുകയാണ് വേണ്ടത്.

## 24. മദ്യവിമുക്ത, കുടിൽരഹിത രൂപത

നമ്മുടെ രൂപതയെ മദ്യവിമുക്ത രൂപതയും കുടിൽരഹിതരൂപതയുമാക്കിത്തീർക്കാൻ എല്ലാ പരിശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന സമയമാണിത്. മദ്യവർജ്ജനമുന്നേറ്റത്തെക്കുറിച്ച് പല പ്രാവശ്യം സർക്കുലറുകൾ തന്നിട്ടുള്ളതാണ്. നമ്മുടെ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ യൂണിറ്റുകൾ സ്ഥാപിക്കണം. സ്കൂളുകളിലും കോളേജുകളിലും മദ്യവിരുദ്ധ യൂണിറ്റുകൾ രൂപവത്കരിക്കണം. സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതലായ ബോധവത്കരണം ഈ മേഖലയിൽ നടപ്പിൽ വരുത്തേണ്ടതാണ്. നമ്മുടെ എല്ലാ ആശുപത്രികളിലും ലഹരിമോചന ചികിത്സാവാർഡുകൾ ഉണ്ടായിരിക്കും. എല്ലാത്തരങ്ങളിലുംപെട്ട ലഹരിവസ്തുക്കളുടെ വ്യാപാരം നടത്തുന്നത് സഭാത്മകജീവിതത്തിനും സുവിശേഷാത്മകജീവിതത്തിനും തടസ്സമാണെന്ന കാര്യം, ലഹരിവസ്തുക്കളുടെ വ്യാപാരവുമായി ബന്ധപ്പെട്ടിരിക്കുന്ന നമ്മുടെ സഹോദരങ്ങളെ ബോധ്യപ്പെടുത്തുകയും അതിൽനിന്ന് പിൻമാറുവാൻ സ്നേഹപൂർവ്വം പ്രേരിപ്പിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. കാരണം ഭൗതികസുസ്ഥിതിയെക്കാൾ നമ്മൾ പ്രധാനമായും കാണേണ്ടത് ഒരു വ്യക്തിയുടെ ആത്മസുസ്ഥിതിയാണ്. നിത്യരക്ഷയാണ് നമുക്ക് പ്രധാനം. സഭാത്മകകാര്യങ്ങളോടു ബന്ധപ്പെട്ട് ലഹരിവസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങളുടെ പരസ്യങ്ങളോ തത്തുല്യമായവയോ ഒന്നും ഉണ്ടാകരുത് എന്ന കാര്യം ഏവരും ശ്രദ്ധിക്കണം. ലഹരിവ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ നല്കുന്ന സംഭാവനകളും സഭ പ്രോത്സാഹിപ്പിക്കുന്നില്ല. സ്വന്തമായ പാർപ്പിടസൗക

ര്യമില്ലാത്ത പാവപ്പെട്ട സഹോദരങ്ങളുടെ നേർക്ക് എല്ലാ ഇടവകകളും പ്രത്യേക ശ്രദ്ധ ചെലുത്തണം. വീടില്ലാത്തവർക്ക് സഹായമെത്തിക്കുവാൻ വിട്ടുവീഴ്ച പാടില്ല.

### 25. ദൈവവിളി പ്രോത്സാഹനം

ദൈവവിളി പ്രോത്സാഹിപ്പിക്കുക എല്ലാവരുടെയും പ്രത്യേകിച്ച് വൈദികരുടെയും സമർപ്പിതരുടെയും പ്രത്യേക ചുമതലയാണ്. പൗരോഹിത്യ, സന്യാസജീവിതാന്തസ്സിലേക്ക് കുട്ടികൾക്ക് പ്രചോദനവും ആഭിമുഖ്യവും നൽകത്തക്കവിധം വൈദികർ കുട്ടികളോട് ഇടപെടണം. വിശുദ്ധാത്മാക്കളുടെ ജീവചരിത്രമെല്ലാം കൂടുതൽ അറിയുവാനും മനസ്സിലാക്കുവാനും കുട്ടികൾക്ക് അവസരമൊരുക്കണം.

മിശിഹായിൽ പ്രിയമുള്ളവരേ, മേൽപ്പറഞ്ഞ അജപാലന നിർദ്ദേശങ്ങൾ നമ്മുടെ ഓരോ ഇടവകയുടെയും വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. സഭയോടുചേർന്ന് നമുക്കും പ്രാർത്ഥിക്കാം: "സമൃദ്ധിയിൽ നിന്റെ സഭയെ വളർത്തണമേ. വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ." ഈ പ്രാർത്ഥനയോടെ ഞാൻ നിങ്ങളെ എല്ലാവരെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

ബിഷപ്സ് ഹൗസ് | **മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ, 01-10-2011 | പാലാ രൂപതയുടെ മെത്രാൻ

---

**NB:** *ഈ ഇടയലേഖനം ഒക്ടോബർമാസത്തിലെ 9, 16, 23 തീയതികളിലെ മൂന്ന് ഞായറാഴ്ചകളിലായി ഓരോ ഭാഗം വീതം ക്രമമായി വായിക്കേണ്ടതാണ്.*





## ലോകമിഷൻ ഞായർ - 2011
### മാർപാപ്പയുടെ സന്ദേശം

***"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു"***
**(യോഹ 20:21)**

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21). "ആദിമക്രിസ്ത്യാനികൾക്കുണ്ടായിരുന്ന അതേ ആവേശത്തോടെ" സുവിശേഷം പ്രഘോഷിക്കാനുള്ള സമർപ്പണം പുതുക്കുക അത്യാവശ്യമാണെന്ന് വന്ദ്യനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ നവീന സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ, രണ്ടായിരാം വർഷത്തെ ജൂബിലി ആഘോഷിച്ച സന്ദർഭത്തിൽ, ശക്തിയുക്തം ആവർത്തിച്ചു പറഞ്ഞു (നോവോമില്ലേനിയോ ഇനേവുന്തേ നമ്പർ 58). മനുഷ്യസമൂഹത്തിനും തന്റെ അസ്തിത്വം പൂർണമായി ജീവിക്കാനുള്ള അഗാധമായ കാരണങ്ങൾ അന്വേഷിക്കുന്ന ഓരോ വ്യക്തിക്കും നല്കാൻ സഭയ്ക്കു സാധിക്കുന്ന ഏറ്റവും വിലപ്പെട്ട സേവനമാണത്. ഇക്കാരണത്താൽ അതേ ക്ഷണം ലോകമിഷൻ ഞായർ ആഘോഷത്തിൽ പ്രതിധ്വനിക്കുന്നു. യഥാർത്ഥത്തിൽ അവിരാമമായ സുവിശേഷപ്രഘോഷണം സഭയെ സജീവമാക്കുന്നുമുണ്ട്. സഭയുടെ തീക്ഷ്ണതയും പ്രേഷിതചൈതന്യവും സജീവമാക്കപ്പെടുന്നുമുണ്ട്. അത് സഭയുടെ അജപാലനരീതികളെ നവീകരിക്കുന്നു. അവ പുതിയ സാഹചര്യങ്ങൾക്കും - നവസുവിശേഷവത്കരണം ആവശ്യമായിരിക്കുന്ന സാഹചര്യങ്ങൾക്കും - കൂടുതൽ കൂടുതൽ യോജിച്ചതായിരിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അജപാലനരീതികൾ പ്രേഷിതപ്രചോദനത്താൽ സജീവമാക്കുകയെന്ന ലക്ഷ്യവും അതിനുണ്ട്. "മിഷൻ സഭയെ നവീകരിക്കുന്നു. വിശ്വാസത്തെയും ക്രൈസ്തവ തനിമയെയും ശക്തിപ്പെടുത്തുന്നു. പുതിയ ആവേശവും പുതിയ ലക്ഷ്യങ്ങളും നല്കുന്നു. വിശ്വാസം അതു നല്കുന്നതു വഴി ശക്തമാക്കപ്പെടുന്നു. സാർവത്രിക മിഷനോടുള്ള സമർപ്പണത്തിൽ ക്രൈസ്തവ ജനതകളുടെ നവസുവിശേഷവത്കരണം പ്രചോദനവും പിന്തുണയും കണ്ടെത്തും" (നമ്പർ 2).

**പോകുവിൻ പ്രഘോഷിക്കുവിൻ**

ഈ ലക്ഷ്യം ലിറ്റർജിയുടെ ആഘോഷത്തിൽ നിരന്തരമായി പുനരുജ്ജീവിപ്പിക്കപ്പെടുന്നുണ്ട്. പ്രത്യേകിച്ചു ദിവ്യബലിയിൽ അങ്ങനെ ചെയ്യുന്നു. ദിവ്യബലി (ലത്തീൻ ക്രമത്തിൽ) എപ്പോഴും അവസാനിക്കുന്നത് ഉത്ഥിതനായ യേശു അപ്പസ്തോലന്മാർക്കു നല്കിയ "പോകുവിൻ"...(മത്തായി 28:19) എന്ന കല്പനയോടുകൂടിയാണല്ലോ. ലിറ്റർജി എപ്പോഴും ലോകത്തിൽ നിന്നു വിളിച്ചുവരുത്തലും ലോകത്തിലേക്കുള്ള അയയ്ക്കലുമാണ്. അനുഭവിച്ചതെന്തോ അതിനു സാക്ഷ്യം നല്കാനാണ് അയയ്ക്കുന്നത്. ദൈവവചനത്തിന്റെ രക്ഷാകരമായ ശക്തി - ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ രക്ഷാകരമായ ശക്തി - ആണ് അനുഭവിച്ചറിഞ്ഞത്. ഉത്ഥിതനായ കർത്താവിനെ കണ്ടുമുട്ടിയ എല്ലാവർക്കും, എമ്മാവൂസിലെ രണ്ടു ശിഷ്യന്മാർക്കെന്നപോലെ, കർത്താവിനെപ്പറ്റി മറ്റുള്ളവരോടു പ്രഘോഷിക്കുക ആവശ്യമാണെന്നത് തോന്നും. ആ ശിഷ്യന്മാർ അപ്പം മുറിക്കലിൽ കർത്താവിനെ തിരിച്ചറിഞ്ഞതിനുശേഷം "അപ്പോൾത്തന്നെ എഴുന്നേറ്റ് ജറുസലെമിലേക്കു തിരിച്ചുപോയി, അവിടെ കൂടിയിരുന്ന പതിനൊന്നു പേരെയും കണ്ടു". വഴിയിൽ വച്ചു സംഭവിച്ചത് അവരോടു പറയുകയും ചെയ്തു (ലൂക്കാ 24:33-34). ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെ ആഹ്വാനം ചെയ്തു: "അവിടത്തെ മുഖം തിരിച്ചറിയാനും നമ്മുടെ സഹോദരങ്ങളുടെയടുത്തേക്ക് ഓടിച്ചെന്ന് അവരോട് മഹാസന്ദേശം അറിയിക്കാനും ജാഗ്രതയുള്ളവരും സന്നദ്ധരുമായിരിക്കണം. ആ സന്ദേശമാകട്ടെ 'ഞങ്ങൾ കർത്താവിനെ കണ്ടു'എന്നതാണ് ("നോവോമില്ലേന്നിയോ ഇനേവുന്തേ", നമ്പർ 59).

**എല്ലാവരോടും**

എല്ലാ ജനതകളും സുവിശേഷപ്രഘോഷണത്തിന്റെ സ്വീകർത്താക്കളാണ്. സഭ "പ്രകൃത്യാ പ്രേഷിതയാണ്. എന്തെന്നാൽ പിതാവായ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് പുത്രനെയും പരിശുദ്ധാത്മാവിനെയും അയച്ചുവെന്ന വസ്തുതയിൽ നിന്നാണ് അത് ഉദ്ഭവിച്ചത്" ( "ആദ്ജെന്തെസ്", നമ്പർ 2). ഇത് "സഭയുടെ തനതായ സന്തോഷവും വിളിയുമാണ്, അവളുടെ ഏറ്റവും അഗാധമായ തനിമയാണ്. അവൾ നിലകൊള്ളുന്നത് സുവിശേഷവത്കരിക്കാനാണ് (പോൾ ആറാമൻ, "എവാഞ്ചെലീ നൂൺസ്യാന്തി", നമ്പർ 14). തത്ഫലമായി സഭയ്ക്ക് ഒരിക്കലും തന്നിൽ തന്നെ അടച്ചുപൂട്ടിയിരിക്കാൻ കഴിയുകയില്ല. അവൾ ചില സ്ഥലങ്ങളിൽ വേരുറപ്പിക്കുന്നത് ആ സ്ഥലങ്ങൾക്കപ്പുറത്തേക്ക് പോകാനാണ്. ക്രിസ്തുവിന്റെ വാക്കിനോട് ഉറ്റബന്ധം പുലർത്തുന്നതും അവിടത്തെ കൃപയുടെയും സ്നേഹത്തിന്റെയും സ്വാധീനത്തിൽ പെട്ടതുമാണ് സഭയുടെ പ്രവർത്തനം. അത് എല്ലാ മനുഷ്യർക്കും എല്ലാ ജനതകൾക്കും പൂർണമായും വസ്തുനിഷ്ഠമായും സന്നിഹിതമാക്കപ്പെടുന്നു. അവരെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു നയിക്കുന്നതിനാണത് (cf "ആദ്ജെന്തെസ്" നമ്പർ 5).

ഈ ദൗത്യത്തിന് അതിന്റെ അടിയന്തിര സ്വഭാവം നഷ്ടപ്പെട്ടിട്ടില്ല. നേരേമറിച്ച്, സഭയെ ഭരമേല്പിച്ചിരിക്കുന്ന രക്ഷകനായ ക്രിസ്തുവിന്റെ മിഷൻ ഇനിയും പൂർത്തിയായിട്ടില്ല... മനുഷ്യവംശത്തെ ആഗോളവ്യാപകമായി നോക്കിക്കാണുമ്പോൾ ഈ മിഷൻ ഇപ്പോഴും തുടക്കത്തിൽത്തന്നെ നില്ക്കുന്നുവെന്നു മനസ്സിലാകും. അതിന്റെ സേവനത്തിനായി നമ്മുടെ മുഴുവൻ ഊർജ്ജത്തോടും കൂടി നാം സ്വയം സമർപ്പിക്കണമെന്നും മനസ്സിലാകും (ജോൺ പോൾ രണ്ടാമൻ, "രക്ഷകന്റെ മിഷൻ" നമ്പർ 1). രണ്ടായിരം വർഷം കഴിഞ്ഞിട്ടും ക്രിസ്തുവിനെ അറിയാത്തവരും അവിടത്തെ രക്ഷാകരസന്ദേശം ശ്രവിക്കാത്തവരുമായ ജനതകൾ ഉണ്ട്. ഈ ചിന്തയുടെ മുമ്പിൽ നമുക്ക് നിഷ്ക്രിയരായിരിക്കാൻ സാധ്യമല്ല. ഇതുമാത്രമല്ല, സുവിശേഷപ്രഘോഷണം സ്വീകരിച്ചിട്ടും അതു മറക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നവരുടെ സമൂഹം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന വസ്തുതയുമുണ്ട്. അവർ സഭയിൽ പെട്ടവരായി തങ്ങളെത്തന്നെ കരുതുന്നില്ല. പരമ്പരാഗതമായ ക്രൈസ്തവസമൂഹങ്ങളിൽ പല സാഹചര്യങ്ങളിലും അവർ വിശ്വാസവചനത്തോട് തുറവു കാണിക്കുന്നുമില്ല. ഒരു സാംസ്കാരിക പരിവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ആഗോളവത്കരണം അതിന് ഇന്ധനം നല്കികൊണ്ടുമിരിക്കുന്നു. ചില ചിന്താപ്രസ്ഥാനങ്ങളും പ്രബലപ്പെടുന്ന ആപേക്ഷികതാവാദവു(relativism) മാണ് ആ പരിവർത്തനത്തിന്റെ പിന്നിൽ.

സുവിശേഷസന്ദേശം കൂടാതെ ജീവിക്കാൻ, ദൈവമില്ലെന്ന ഭാവത്തിൽ കഴിയാൻ, പ്രേരിപ്പിക്കുന്ന ഒരു മനോഭാവവും ജീവിതശൈലിയും ആ പരിവർത്തനത്തിന് ഇടയാക്കുന്നു. ധാർമ്മിക നിയമങ്ങളെ തള്ളിക്കളയുകപോലും ചെയ്തുകൊണ്ട് നേടുന്ന ക്ഷേമവും സുഖകരമായ സമ്പാദനവും തൊഴിലും വിജയങ്ങളും ജീവിതലക്ഷ്യമായി കരുതുന്നു.

**സകലരുടെയും സഹോത്തരവാദിത്വം**

സാർവ്വത്രിക മിഷൻ എല്ലാവരെയും എല്ലാ വസ്തുക്കളെയും എപ്പോഴും ഉൾക്കൊള്ളുന്നു. സുവിശേഷം അതു സ്വീകരിച്ചവനു മാത്രമുള്ള നന്മയല്ല. അതു പങ്കു വയ്ക്കപ്പെടേണ്ട ദാനമാണ്. പകർന്നു നല്കേണ്ട സദ്വാർത്തയാണ്. ദാനം ചെയ്യാനുള്ള ഈ കടമ ചുരുക്കം ചിലരെ മാത്രം ഭരമേല്പിക്കപ്പെട്ടതല്ല. ഇത് മാമ്മോദീസ സ്വീകരിച്ച സകലരുടെയും കടമയാണ്. മാമ്മോദീസ സ്വീകരിച്ചവർ അവിടത്തെ വിസ്മയനീയ കൃത്യങ്ങൾ പ്രഘോഷിക്കാൻ വേണ്ടി "തിരഞ്ഞെടുക്കപ്പെട്ട ജനമാണ്, വിശുദ്ധ ജനമാണ്, ദൈവത്തിന്റെ തന്നെ ജനമാണ്" (1 പത്രോ 2:9).

എല്ലാ പ്രവർത്തനങ്ങളെയും അതിൽ ഉൾക്കൊള്ളുന്നു, സഭ ലോകത്തിൽ നടത്തുന്ന സുവിശേഷവത്കരണ പ്രവർത്തനത്തിൽ ശ്രദ്ധിക്കുകയും സഹകരിക്കുകയും ചെയ്യുകയെന്നത് ചുരുക്കം ചില നിമിഷങ്ങളിലോ സന്ദർഭങ്ങളിലോ ഒതുക്കി നിറുത്താൻ പാടില്ല. അനേകം അജപാലനപ്രവർത്തനങ്ങളിൽ ഒന്നുമാത്രമായി കരുതാനും പാടില്ല. സഭയുടെ മിഷണറിമാരും സാരാംശപരമായിട്ടുള്ളതാണ്. അതുകൊണ്ട് അത് എല്ലായ്പ്പോഴും സന്നിഹിതമായി സൂക്ഷിക്കണം. അതുകൊണ്ട്, മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും സഭാസമൂഹവും വല്ലപ്പോഴും മാത്രം പ്രേഷിതവേലയിൽ താത്പര്യം കാണിച്ചാൽ പോരാ. ആ താത്പര്യം സ്ഥിരമായിരിക്കണം. അത് ക്രൈസ്തവ ജീവിതരീതിപോലെയായിരിക്കണം. മിഷൻ ദിവസം ഒരു വർഷത്തിലെ ഒറ്റപ്പെട്ട ഒരു നിമിഷമായിരിക്കരുത്. പിന്നെയോ പ്രേഷിതത്വത്തിനുള്ള വിളിയോട് നാം എങ്ങനെ പ്രത്യുത്തരിക്കുന്നുവെന്ന് ചിന്തിക്കാനുള്ള ഒരു നിമിഷമായിരിക്കണം. സഭയുടെ ജീവിതത്തിനു വേണ്ടിയുള്ള സാരാംശപരമായ ഒരു പ്രത്യുത്തരമായിരിക്കണം.



**ആഗോള സുവിശേഷവത്കരണം**

സുവിശേഷവത്കരണം ഒരു സങ്കീർണ പ്രക്രിയയാണ്. അതിൽ പല ഘടകങ്ങളുമുണ്ട്. അവയിൽ, മിഷണറി പ്രചോദനത്തെ സംബന്ധിച്ചിടത്തോളം, ഐക്യദാർഢ്യത്തിനു പ്രത്യേകമായ ശ്രദ്ധ നല്കിയിരുന്നു. ലോകമിഷൻ ഞായറിന്റെ ലക്ഷ്യങ്ങളിൽ ഒരെണ്ണവുമാണത്. അതനുസരിച്ച്, മിഷൻപ്രദേശങ്ങളിൽ സുവിശേഷവത്കരണത്തിന്റെ കടമകൾ നിർവഹിക്കുന്നതിന് പേപ്പൽ മിഷണറി അസോസിയേഷനുകൾ വഴി സഹായം അഭ്യർത്ഥിക്കുന്നു. ഉപദേശികൾ, സെമിനാരികൾ, വൈദികർ എന്നിവർ വഴി സഭ സ്ഥാപിക്കാനും സ്ഥിരീകരിക്കാനും അത്യാവശ്യമായിരിക്കുന്ന സ്ഥാപനങ്ങളെ പിന്താങ്ങാനുള്ള ഒരു ശ്രമം നടത്തുന്നു. മാത്രമല്ല, ദാരിദ്ര്യം, പോഷകാഹാരക്കുറവ്, പ്രത്യേകിച്ച് കുട്ടികളിലുള്ളത്, രോഗങ്ങൾ, ആരോഗ്യപാലന - വിദ്യാഭ്യാസ സേവനങ്ങളുടെ അഭാവം എന്നിവ തീവ്രമായി അനുഭവപ്പെടുന്ന രാജ്യങ്ങളിലെ വ്യക്തികളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള സംഭാവന നല്കാനും പരിശ്രമിക്കുന്നുണ്ട്. ഇതും സഭയുടെ പ്രേഷിതപ്രവർത്തനത്തിൽപെടുന്നു.

സഭ സുവിശേഷം പ്രഘോഷിക്കുമ്പോൾ മനുഷ്യജീവിതത്തെ അതിന്റെ പൂർണമായ അർത്ഥത്തിൽ ഗൗരവപൂർവം പരിഗണിക്കുന്നു. മനുഷ്യസമുദ്ധാരണം, നീതി, എല്ലാത്തരത്തിലുമുള്ള ഞെരുക്കത്തിൽ നിന്നുള്ള വിമോചനം വ്യക്തമായും രാഷ്ട്രീയമണ്ഡലത്തിലെ സ്വാതന്ത്ര്യം എന്നീ വിഷയങ്ങൾ സുവിശേഷവത്കരണത്തിൽ അവഗണിക്കുകയെന്നത് അസ്വീകാര്യമാണെന്ന് ദൈവദാസനായ പോൾ ആറാമൻ മാർപാപ്പ ആവർത്തിച്ച് ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. മനുഷ്യവംശത്തിന്റെ ഭൗതികപ്രശ്നങ്ങളോടു നിസ്സംഗത പുലർത്തുകയെന്നത് "സഹിക്കുന്നവനും ആവശ്യത്തിൽപെട്ടവനുമായ നമ്മുടെ അയൽക്കാരനോടുള്ള സ്നേഹത്തെ സംബന്ധിച്ച് സുവിശേഷത്തിൽ നിന്നു നമുക്കു ലഭിച്ച സന്ദേശത്തെ മറന്നുകളയലാണ്" ("എവാഞ്ചെലീ നൂൺസ്യാന്തി" നമ്പർ 31). അത് യേശുവിന്റെ പെരുമാറ്റത്തിനു ചേർന്നതല്ല. അവിടന്ന് "അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു" (മത്താ 9:35).

അങ്ങനെ, സഭയുടെ മിഷനിൽ സഹോത്തരവാദിത്വപരമായ ഭാഗഭാഗിത്വം വഴി ക്രൈസ്തവൻ ക്രിസ്തു നമുക്കു നല്കിയ സംസർഗത്തിന്റെയും സമാധാനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും സ്രഷ്ടാവായിത്തീരുന്നു. മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ സാക്ഷാത്കാരത്തിൽ സഹകരിക്കുകയും ചെയ്യുന്നു. അതു നേരിടുന്ന വെല്ലുവിളികൾ ക്രൈസ്തവർ മറ്റുള്ളവരോടൊപ്പം നടക്കണമെന്നും മിഷൻ എന്നത് ഈ പാതയുടെ ഒരു മൗലികഘടകമായിരിക്കണമെന്നും വ്യക്തമാക്കുന്നു. അതിൽ നാം നമ്മുടെ ക്രൈസ്തവവിളിയെ, സുവിശേഷമെന്ന അമൂല്യനിധിയെ, കളിമൺപാത്രത്തിലാണെങ്കിലും വഹിക്കുന്നു. മരിച്ച് ഉത്ഥാനം ചെയ്ത, സഭയിൽ കണ്ടുമുട്ടപ്പെടുകയും വിശ്വസിക്കപ്പെടുകയും ചെയ്ത ക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യം നാം നിർവഹിക്കുന്നു. എല്ലാവർക്കുമായി ക്രിസ്തുവിനെ വഹിച്ചുകൊണ്ട് മനുഷ്യവംശത്തെ കണ്ടുമുട്ടാൻ വേണ്ടി "പോകുന്നതിനുള്ള" ആഗ്രഹവും അതിലുള്ള സന്തോഷവും ഈ ലോകമിഷൻ ഞായർ പുനരുജ്ജീവിപ്പിക്കട്ടെ. അവിടത്തെ നാമത്തിൽ എല്ലാവർക്കും, പ്രത്യേകിച്ച് സുവിശേഷത്തിനു വേണ്ടി കഠിനാധ്വാനം ചെയ്യുകയും സഹിക്കുകയും ചെയ്യുന്നവർക്ക്, ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശീർവാദം നല്കുന്നു.

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**
**വത്തിക്കാനിൽ, 6 ജനുവരി 2011,**
**കർത്താവിന്റെ പ്രത്യക്ഷീകരണത്തിരുനാൾദിനം**

## അറിയിപ്പ്

ഒക്ടോബർ 23-ാം തീയതി മിഷൻ ഞായറാഴ്ച വി. കുർബ്ബാനമധ്യേ ആ നിയോഗത്തിൽ പിരിവുനടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക നവംബർ 15-ാം തീയതിക്കുമുമ്പായി ബഹു. രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏൽപ്പിക്കുകയും ചെയ്യുമല്ലോ.



**സർക്കുലർ No: 104**

## വൈദിക തുടർപരിശീലനം

പ്രിയ ബഹു. വൈദികരെ,

നമ്മുടെ രൂപതയിലെ വൈദികർക്കായുള്ള തുടർപരിശീലനത്തിന്റെ ഭാഗമായി **ഒക്ടോബർ മാസം 17, 18 ( തിങ്കൾ, ചൊവ്വാ) തീയതികളിലായി** അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് ധാർമ്മിക ദൈവശാസ്ത്രം, ഹ്യൂമൻ ഇക്കോളജി, മാനവശേഷി വികസനം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു **ഏകദിന സെമിനാർ** ക്രമീകരിച്ചിരിക്കുന്നു.

രണ്ടു ബാച്ചുകളിലായി എല്ലാ വൈദികരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് സെമിനാർ. **രാവിലെ 10 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കും.** 1963 മുതൽ പട്ടം സ്വീകരിച്ച എല്ലാ വൈദികരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. 1963-ന് മുമ്പ് പട്ടം സ്വീകരിച്ച അച്ചന്മാർ പങ്കെടുക്കുന്നുണ്ടെങ്കിൽ വിവരം ബഹു. പാസ്റ്ററൽ കോർഡിനേറ്റർ അച്ചനെയോ, ബഹു. ചാൻസിലർ അച്ചനെയോ അറിയിക്കണം. നിർദ്ദിഷ്ട ദിവസം ക്ലാസ്സിൽ പങ്കെടുക്കുവാൻ പറ്റാതെ വന്നാൽ അടുത്ത ദിവസത്തെ ബാച്ചിൽ പങ്കെടുക്കാവുന്നതാണ്. എന്തെങ്കിലും അടിയന്തിരാവശ്യമുള്ളവർ മുൻകൂട്ടി അനുവാദം വാങ്ങണം. സെമിനാർ ക്രമീകരണം താഴെ പറയുംവിധം ബാച്ച് അടിസ്ഥാനത്തിലാണ്.

**ഒക്ടോബർ 17 തിങ്കൾ**

1963, 1965
1967-68, 1969-70, 1971-72
1973-74, 1975-76, 1977-78
1979-80, 1981-82, 1983-84
1985-86, 1987-88, 1989-90
1991-92, 1993-94, 1995-96
1997-98, 1999-2000, 2001-02
2003-04, 2005-06, 2007-08
2009-10

ഒക്ടോബർ 18 ചൊവ്വാ

| | |
|---|---|
| 1964, 1966 | 1992-93, 1994-95, 1996-97 |
| 1968-69, 1970-71, 1972-73 | 1998-99, 2000-01, 2002-03 |
| 1974-75, 1976-77, 1978-79 | 2004-05, 2006-07, 2008-09 |
| 1980-81, 1982-83, 1984-85 | 2010-11 |
| 1986-87, 1988-89, 1990-91 | |

ഈ ക്രമീകരണം രൂപതാ ഡയറക്ടറി - 2011 പേജ് 155 മുതൽ 167 വരെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ബഹു. വൈദികർ പങ്കെടുക്കേണ്ട തീയതി മുൻകൂട്ടി രേഖപ്പെടുത്തി വയ്ക്കുകയും നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം കൃത്യമായി ക്ലാസ്സിൽ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

ബിഷപ്പ്സ് ഹൗസ്
പാലാ, 01-09-2011

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

N.B. സെപ്റ്റംബർ 15-ാം തീയതി ബഹു. വൈദികർക്ക് രൂപതാ കേന്ദ്രത്തിൽനിന്നും അയച്ച സർക്കുലർ



സർക്കുലർ No: 105

## ഒക്ടോബർ മാസവും ജപമാല ഭക്തിയും

മിശിഹായിൽ പ്രിയ ബഹു. വൈദികരേ,

ഒക്ടോബർ മാസത്തിൽ നമ്മുടെ ഇടവകകളിൽ കൊന്തനമസ്കാരവും വാഴ്‌വും പ്രത്യേകമായി നടത്തുന്ന പതിവ് പരമ്പരാഗതമായി നിലവിലുണ്ടല്ലോ. ജപമാലരാജ്ഞിയുടെ തിരുനാൾ ഒക്ടോബർ മാസത്തിലായതുകൊണ്ടാണ് ലത്തീൻസഭയിൽ ഈ പതിവ് ആരംഭിച്ചതും തുടർന്ന് നമ്മുടെ സഭയിൽ വ്യാപകമായതും. പൗരസ്ത്യ പാരമ്പര്യമനുസരിച്ച് ജപമാലഭക്തി പ്രത്യേകമായി ആചരിക്കേണ്ടത് മംഗലവാർത്തക്കാലത്തിലാണ്. ഒരാഴ്ചവട്ടത്തിലെ മരിയൻ ഓർമ്മ ദിവസം ബുധനാഴ്ചയും ആണ്. എങ്കിലും വളരെക്കാലമായി നാം അനുവർത്തിച്ചുകൊണ്ടിരിക്കുന്ന ഒക്ടോബർ മാസത്തിലെ ഈ ആചരണം പെട്ടെന്ന് മാറ്റുന്നത് വിശ്വാസികളിൽ ആശയക്കുഴപ്പത്തിന് ഇടയാക്കും. അതിനാൽ ഒക്ടോബർമാസത്തിൽ പതിവുള്ളതുപോലെ ഈ വർഷവും കൊന്തനമസ്കാരവും വാഴ്‌വും നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും കത്തോലിക്കാ കുട്ടികൾക്കായും നടത്തേണ്ടതാണ്. വരും വർഷങ്ങളിൽ നമ്മുടെ വിശ്വാസികളെ വേണ്ടവിധം പഠിപ്പിച്ച് മംഗലവാർത്തകാലത്തിൽ കൊന്തനമസ്കാരവും വാഴ്‌വും ക്രമീകരിക്കാൻ ശ്രദ്ധിക്കാം. ജപമാല ഭക്തി നമ്മുടെ വിശ്വാസികളിൽ ആഴത്തിൽ സ്വാധീനിക്കുന്നതിനാലും മിശിഹായിൽ കേന്ദ്രീകൃതമായ രക്ഷാകരരഹസ്യങ്ങളുടെ ധ്യാനപൂർവ്വമായ പ്രാർത്ഥനയായതിനാലും അത് ദൈവശാസ്ത്ര ചിന്തകൾകൊണ്ട് സമ്പന്നമാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

ബിഷപ്പ്സ് ഹൗസ്
പാലാ, 01-09-2011

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

N.B. ഈ സർക്കുലറിലെ വിവരങ്ങൾ കുർബാനമധ്യേയുള്ള അറിയിപ്പുകളോടൊപ്പം ദൈവജനത്തിന് വിശദീകരിച്ച് നല്കേണ്ടതാണ്.

സർക്കുലർ No: 106

# വിശുദ്ധ കുർബാന എഴുന്നള്ളിച്ചു കൊടുക്കുവാൻ ബഹു. സിസ്റ്റേഴ്സിന് പ്രത്യേക അനുവാദം

പ്രിയ ബഹു. വൈദികരേ,

നമ്മുടെ അജപാലനശുശ്രൂഷയിൽ നാം വരുത്തുന്ന ഒരു പുതിയ ക്രമീകരണം എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തട്ടെ.

നമ്മുടെ സഭയിൽ വി.കുർബാന മധ്യേ വി. കുർബാന എഴുന്നള്ളിച്ച് കൊടുക്കുവാൻ പ്രത്യേക ശുശ്രൂഷകരെ നിയോഗിക്കുവാൻ നിബന്ധനകളോടെ സഭയുടെ പ്രത്യേകനിയമം അനുവാദം നൽകുന്നുണ്ട് (Art. 146). വൈദികർക്കും ഡീക്കൻമ്മാർക്കും പുറമേ കറോയപട്ടം എങ്കിലും സ്വീകരിച്ച ദൈവശ്രാസ്ത്രവിദ്യാർത്ഥികൾ, നിത്യവ്രതവാഗ്ദാനം കഴിഞ്ഞ സന്യാസസഹോദരന്മാർ, നിത്യവ്രതവാഗ്ദാനം കഴിഞ്ഞ സന്യാസിനികൾ, സ്വഭാവഗുണമുള്ളവരും, ഏവർക്കും സുസമ്മതരുമായ അത്മായർ എന്നിവരാണ് പ്രത്യേക നിയമം വഴി അനുവാദം നല്കപെടാവുന്നവരുടെ പരിധിയിൽ വരുന്നത്.

നമ്മുടെ രൂപതയുടെ പ്രത്യേക സാഹചര്യവും അജപാലന ആവശ്യങ്ങളും പരിഗണിച്ച് 2011 നവംബർ 16-ാം തീയതി മുതൽ നമ്മുടെ രൂപതയിലും ഇടവകദൈവാലയത്തിൽ മേല്പറഞ്ഞ പ്രത്യേക നിയമത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസികൾക്ക് വി. കുർബാന എഴുന്നള്ളിച്ച് കൊടുക്കുവാൻ ബഹു. സിസ്റ്റേഴ്സിന് പ്രത്യേക അനുവാദം നല്കുകയാണ്. ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. ബഹു. സിസ്റ്റേഴ്സിന്റെ ശുശ്രൂഷ ഇക്കാര്യത്തിൽ അത്യാവശ്യമുള്ള ഇടവകകളിലെ ബഹു. വികാരിയച്ചന്മാർ പ്രത്യേക ശുശ്രൂഷകരാകുവാൻ നിയോഗിക്കപ്പെടാവുന്ന സിസ്റ്റേഴ്സിന്റെ - ബഹു. മദർ സുപ്പീരിയർ ഉൾപ്പെടെ രണ്ടോ മൂന്നോ പേരുടെ (ഓരോ ഇടവകയുടെയും ആവശ്യം അനുസരിച്ച്) - പേരുവിവരങ്ങൾ 2011 ഒക്ടോബർ 15-ാം തീയതിക്ക് മുമ്പ് രേഖാമൂലം രൂപതാകേന്ദ്രത്തിൽ അറിയിക്കണം.
2. ഇങ്ങനെ നിർദ്ദേശിക്കപ്പെടുന്നവർക്ക് അരുണാപുരത്തുള്ള പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് 2011 ഒക്ടോബർ 21, 22 തീയതികളിൽ (വെള്ളി, ശനി) രാവിലെ 10 മുതൽ വൈകുന്നേരം 4 മണി വരെ രണ്ടു ദിവസങ്ങളിലായി പ്രത്യേക പരിശീലന ക്ലാസ്സുകൾ നല്കുന്നതാണ്. അവർ ഈ ക്ലാസ്സുകളിൽ നിർബന്ധമായും സംബന്ധിച്ചിരിക്കണം.
3. പ്രസ്തുത പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് രൂപതാദ്ധ്യക്ഷൻ രേഖാമൂലം പ്രത്യേക അനുവാദം നല്കുന്നതാണ്. അനുവാദം ഒരു വർഷത്തേയ്ക്ക് മാത്രമായിരിക്കും. സമയപരിധി തീരുന്ന മുറയ്ക്ക് ബഹു. വികാരിയച്ചന്റെ ശിപാർശയിന്മേൽ അനുവാദം പുതുക്കി നല്കുന്നതാണ്.
4. ഇപ്രകാരം ഔദ്യോഗിക അനുവാദം ലഭിക്കുന്ന ബഹു. സിസ്റ്റേഴ്സ് വി. കുർബാന എഴുന്നള്ളിച്ച് കൊടുക്കുവാൻ നിർദ്ദിഷ്ട വസ്ത്രങ്ങൾ അണിയേണ്ടതാണ്. അത് ഇപ്രകാരമായിരിക്കും. വേദകുസ്തായുടെ മാതൃകയിൽ ഏതാണ്ട് രണ്ടു മീറ്റർ നീളവും 45 സെ. മീറ്റർ വീതിയുമുള്ള ക്രീം നിറത്തിലുള്ള പോളിസ്റ്റർ ഷാൾ അതിന്റെ നാലുവശത്തും ലേസും കുറിയവശങ്ങളിൽ അലുക്കും നടുവിൽ മാർതോമ്മാസ്ലീവായും ഉണ്ടായിരിക്കണം. ഈ വസ്ത്രം പാലാ സെന്റ് തോമസ് പ്രസ്സിൽ വാങ്ങിക്കുവാൻ ലഭിക്കുന്നതാണ്.
5. കുർബാനസ്വീകരണത്തിന് തൊട്ട് മുൻപുള്ള ആശീർവ്വാദത്തിന് ശേഷം ബഹു. വൈദികർ വി. കുർബാന ഉൾക്കൊള്ളുന്ന കുസ്തോദി മദ്ബഹായുടെ കവാടത്തിൽ എത്തിച്ച് ബഹു. സിസ്റ്റേഴ്സിന് വി. കുർബാന എഴുന്നള്ളിച്ച് കൊടുത്തശേഷം കുസ്തോദി അവരെ ഏല്പിക്കുന്നു. ബഹു. സിസ്റ്റേഴ്സ് കുസ്തോദി സ്വീകരിച്ച് വിശ്വാസികൾക്ക് വി. കുർബാന എഴുന്നള്ളിച്ച് കൊടുക്കുന്നു. വി. കുർബാന കൊടുത്തു കഴിയുമ്പോൾ മദ്ബഹായുടെ കവാടത്തിങ്കൽ വച്ച് കുസ്തോദി വൈദികരെ തിരികെ ഏല്പിക്കുന്നു. തുടർന്ന് ബേമ്മയിൽ വച്ച് കൈകൾ കഴുകിതുടച്ചശേഷം സ്വസ്ഥാനങ്ങളിലേയ്ക്ക് പോകുന്നു.

6. ഇടവകവികാരിയുടെ നിർദ്ദേശാനുസരണം ആവശ്യമുള്ള അവസരങ്ങളിൽ മാത്രമാണ് ഇപ്രകാരം നിയോഗിക്കപ്പെടുന്ന സിസ്റ്റേഴ്സ് തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കേണ്ടത്. ഇത് ബഹു. വൈദികരുടെ ശുശ്രൂഷയ്ക്ക് പകരമാകരുത്. രോഗികൾക്ക് ഭവനങ്ങളിൽ വി. കുർബാന എഴുന്നള്ളിച്ച് കൊടുക്കുന്നത് വൈദികർ മാത്രമേ പാടുള്ളു.

7. ഇപ്രകാരം പ്രത്യേക അനുവാദം ലഭിക്കുന്ന ബഹു. സിസ്റ്റേഴ്സിന് ആ ഇടവകാതിർത്തിയിലുള്ള മഠത്തിനുള്ളിൽ രോഗികളായോ ഇടവകപള്ളിയിൽ പോകുവാൻ കഴിയാത്തവരായോ ഉള്ള ബഹു. സിസ്റ്റേഴ്സിന് വി. കുർബാന എഴുന്നള്ളിച്ച് കൊടുക്കാവുന്നതാണ്.

പുതിയ ഈ ക്രമീകരണം നമ്മുടെ ഇടവകകൾക്ക് ഉപകാരപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

ബിഷപ്സ് ഹൗസ്
പാലാ, 01-10-2011

മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാ മെത്രാൻ

N.B. ഈ സർക്കുലറിലെ വിവരങ്ങൾ കുർബാനമദ്ധ്യേയുള്ള അറിയിപ്പുകളോടൊപ്പം ദൈവജനത്തിന് വിശദീകരിച്ച് നല്കേണ്ടതാണ്.



സർക്കുലർ No: 107

# വിശുദ്ധ ഡോൺ ബോസ്കോയുടെ തിരുശേഷിപ്പ് വണക്കം

## പാലാ രൂപതയിൽ

സ്നേഹബഹുമാനപ്പെട്ട വികാരിയച്ചാ,

യുവജനങ്ങളുടെ പിതാവും മദ്ധ്യസ്ഥനുമായ വി. ഡോൺ ബോസ്കോയുടെ രണ്ടാം ജന്മശതാബ്ദി 2015 ആഗസ്റ്റ് 16-ാം തീയതി ആഘോഷിക്കുന്നതിന്റെ മുന്നോടിയായി വിശുദ്ധന്റെ വലതുകരത്തിന്റെ തിരുശേഷിപ്പ് സംവഹിക്കുന്ന പേടകം ഒക്ടോബർമാസം 8, 9 തീയതികളിൽ പാലാ രൂപതയിൽ എത്തുന്നു. വി. ഡോൺ ബോസ്കോ സ്ഥാപിച്ച സലേഷ്യൻ സഭാംഗങ്ങൾ 2009-ൽ ഇറ്റലിയിൽനിന്നും ആരംഭിച്ച ഈ യാത്ര 2011 ഏപ്രിൽമാസം ഭാരതത്തിലെത്തി. യുവജനമധ്യസ്ഥനായ വി. ഡോൺ ബോസ്കോയെ കൂടുതൽ അറിയുവാനും നമ്മുടെ യുവജനങ്ങളുടെ വിശുദ്ധീകരണത്തിനായി വിശുദ്ധന്റെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്താം. നമ്മുടെ രൂപതയിൽ ഈ തിരുശേഷിപ്പ് പ്രയാണത്തിന് കെ.സി.വൈ.എം. സംഘടനയുടെ നേതൃത്വത്തിൽ രണ്ടു കേന്ദ്രങ്ങളിൽ സ്വീകരണം നല്കുന്നു. പാലാ രൂപതയിലെ പാലാ കത്തീഡ്രൽ, കുറവിലങ്ങാട് സെന്റ് മേരീസ് ഫൊറോനാപള്ളി എന്നീ കേന്ദ്രങ്ങളിൽമാത്രമാണ് വിശുദ്ധന്റെ തിരുശേഷിപ്പ് സ്വീകരിച്ച് പ്രാർത്ഥിക്കുവാനുള്ള അവസരം ഉള്ളത്. രണ്ടു കേന്ദ്രങ്ങളിലും തിരുശേഷിപ്പ് എത്തുന്ന സമയവും ക്രമീകരണങ്ങളും ചുവടെ ചേർക്കുന്നു.

8-10-2011 വൈകുന്നേരം 5.30-ന് തിരുശേഷിപ്പ് പ്രയാണം കുറവിലങ്ങാട് പള്ളിയിൽ എത്തും. കെ.സി.വൈ.എം. പ്രവർത്തകരാണ് തിരുശേഷിപ്പ് സ്വീകരണത്തിന് നേതൃത്വം നല്കുന്നത്. വൈകുന്നേരം 5.30 മുതൽ 9-ാം തീയതി രാവിലെ 6 മണിവരെ തിരുശേഷിപ്പ് കുറവിലങ്ങാട് പള്ളിയിൽ വണക്കത്തിനായി പ്രതിഷ്ഠിക്കുന്നു. തിരുശേഷിപ്പ് സൂക്ഷിക്കുന്നതിനാൽ 8-ാം തീയതി രാത്രിയിൽ ജാഗരണപ്രാർത്ഥന കുറവിലങ്ങാട് പള്ളിയിൽ ക്രമീകരിച്ചിട്ടുണ്ട്. കുറവിലങ്ങാട് ഫൊറോനയിലെയും മറ്റ് അടുത്ത ഫൊറോനകളിലെയും ഇടവകകളിലെയും വിശ്വാസികളെ പ്രത്യേകിച്ച് യുവജനങ്ങളെ ബഹു. വികാരിയച്ചന്മാർ ഇക്കാര്യം

അറിയിക്കുകയും വിശുദ്ധന്റെ തിരുശേഷിപ്പ് വണങ്ങി അനുഗ്രഹം പ്രാപിക്കുവാൻ പ്രേരിപ്പിക്കുകയും വേണം.

9-10-2011 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് തിരുശേഷിപ്പ് പ്രയാണം പാലാ കത്തീഡ്രലിൽ എത്തുന്നതാണ്. കെ.സി.വൈ.എം. പാലാ രൂപത ഇതിനോടനുബന്ധിച്ച് സംഘടനയുടെ റൂബി ജൂബിലി പതാക പ്രയാണവും പൊതുസമ്മേളനവും ക്രമീകരിച്ചിട്ടുണ്ട്. 9-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് നടക്കുന്ന ഈ ചടങ്ങുകളിൽ രൂപതയിലെ യുവജനങ്ങളെ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാരും കെ.സി.വൈ.എം. ഫൊറോന ഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കെ.സി.വൈ.എം. റൂബി ജൂബിലിയാഘോഷത്തോടും, സീറോ-മലബാർ പ്രേഷിതവർഷത്തോടും അനുബന്ധിച്ച് കെ.സി.വൈ.എം. പാലാ രൂപത 40 വീടുകൾ നിർമ്മിച്ചുകൊടുക്കുന്ന പദ്ധതിയുടെ ഉദ്ഘാടനവും 9-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെയുള്ള സമ്മേളനത്തിൽ നടക്കുന്നതാണ്. സമ്മേളനത്തിനുശേഷം വി. ഡോൺ ബോസ്കോയുടെ തിരുശേഷിപ്പ് സ്വീകരണം നടക്കും. തുടർന്ന് 4.30-ന് പരി. കുർബാന കത്തീഡ്രലിൽ ഉണ്ടായിരിക്കും. തുടർന്ന് രാത്രി മുഴുവൻ കത്തീഡ്രലിൽ തിരുശേഷിപ്പ് വണക്കത്തോടനുബന്ധിച്ച് ജാഗരണ പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്. ജാഗരണപ്രാർത്ഥനയ്ക്ക് പാലാ രൂപത ഇവാൻജലൈസേഷൻ, പാലാ രൂപത ജീസസ്‌യൂത്ത്, കെ.സി.വൈ.എം. ഉൾപ്പെടെ വിവിധ ഭക്തസംഘടനകൾ നേതൃത്വം നൽകും. രൂപതയിലെ സന്യാസപ്രതിനിധികളും ഈ ജാഗരണ പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. 10-ാം തീയതി രാവിലെ 5.30-ന് വിശുദ്ധന്റെ തിരുശേഷിപ്പ് അടുത്ത സ്ഥലത്തേക്ക് യാത്രയാക്കും.

നമ്മുടെ രൂപതയിൽ വിശുദ്ധന്റെ തിരുശേഷിപ്പ് എത്തുന്ന വിശദവിവരങ്ങൾ ബഹു. വികാരിയച്ചന്മാർ വിശ്വാസികളെ അറിയിക്കുകയും വിശുദ്ധന്റെ തിരുശേഷിപ്പ് വണങ്ങി അനുഗ്രഹം പ്രാപിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

20-09-2011 — **മാർ ജോസഫ് കല്ലറങ്ങാട്ട്**

മെത്രാസനമന്ദിരം, പാലാ — പാലാ രൂപതയുടെ മെത്രാൻ

N.B. ഈ സർക്കുലറിലെ വിവരങ്ങൾ കുർബാനമധ്യേയുള്ള അറിയിപ്പുകളോടൊപ്പം ദൈവജനത്തിന് വിശദീകരിച്ച് നല്കേണ്ടതാണ്.





## ഇരിങ്ങാലക്കുട രൂപതാതിർത്തിയിലെ മുരിയാട് കേന്ദ്രമായി പ്രവർത്തിക്കുന്ന എംപറർ എമ്മാനുവേൽ ട്രസ്റ്റിനെ സംബന്ധിച്ച് ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ നൽകിയിരിക്കുന്ന വിജ്ഞാപനം

യേശുവിൽ പ്രിയ സഹോദരരേ, വാത്സല്യമുള്ള മക്കളെ,

കത്തോലിക്കാവിശ്വാസികളായ നാം ഏറ്റുപറയുന്ന വിശ്വാസം ദൈവവചനത്തിലും വിശുദ്ധപാരമ്പര്യത്തിലും അധിഷ്ഠിതമാണ്. ക്രിസ്തുവിലും അവിടുന്ന് സ്ഥാപിച്ച ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും നാം വിശ്വസിക്കുന്നു. വിശ്വാസമാകുന്ന വലിയ നിക്ഷേപം അഭംഗുരം കാത്തുസൂക്ഷിക്കുവാനും പരിശുദ്ധാത്മാവിനാൽ പ്രേരിതരായി വിശ്വാസസത്യങ്ങളെ വിശ്വസ്തതാപൂർവ്വം പ്രഘോഷിക്കുവാനും സഭയ്ക്ക് ഉത്തരവാദിത്വവും അവകാശവുമുണ്ട്. സഭയുടെ പ്രബോധനാധികാരത്തോട് കത്തോലിക്കാവിശ്വാസികളായ നാം വിധേയത്വം പ്രകടിപ്പിക്കുകയും അനുസരണാപൂർവ്വം സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. (cfr.**CCEO** cc.595-598)

വെളിപ്പെടുത്തപ്പെട്ടതും കാതോലികവുമായ സത്യങ്ങൾ ദൈവവചനത്തിലോ വിശുദ്ധപാരമ്പര്യങ്ങളിലോ അടിസ്ഥാനമുള്ളവയാണ്. സഭാമക്കളായ നാം സഭയുടെ ഔദ്യോഗികപ്രബോധനത്തെ വിശ്വാസപൂർവ്വം സ്വീകരിക്കണം. അതുമാത്രമല്ല അത്തരം പഠനങ്ങൾക്ക് വിരുദ്ധമായ ഒന്നും പഠിപ്പിക്കരുതെന്ന് അനുശാസിക്കുകയും വേണം. ദൈവവചനത്തെ തെറ്റായി വ്യാഖ്യാനിക്കുകയും സഭയുടെ വിശുദ്ധ പാരമ്പര്യങ്ങളെ വികലമായി ചിത്രീകരിക്കുകയും അതു പഠിപ്പിക്കുകയും ചെയ്യുന്ന വിവിധ സെക്ടുകളും പ്രസ്ഥാനങ്ങളും ഈയടുത്ത കാലത്തായി നമ്മുടെ രൂപതാതിർത്തിയിലും രൂപതയ്ക്ക് പുറത്തും രൂപപ്പെട്ടിട്ടുണ്ട്. അവയ്ക്ക് സഭയുടെ അംഗീകാരമോ അനുവാദമോ ഇല്ലാത്തതാണ്.

നമ്മുടെ രൂപതാതിർത്തിയിലെ മുരിയാടുള്ള എംപറർ എമ്മാനുവേൽ ട്രസ്റ്റ്-സീയോൻ ധ്യാനകേന്ദ്രം ഇരിങ്ങാലക്കുട രൂപതയുടെ യാതൊരു അംഗീകാരമോ അനുവാദമോ ഇല്ലാത്തതാകുന്നുവെന്ന് ഞാൻ പ്രത്യേകം അറിയിക്കുന്നു. കത്തോലിക്കാവിശ്വാസം സ്വീകരിച്ചവർ ഒരിക്കലും ഈ ധ്യാനകേന്ദ്രത്തിലോ ഇത്തരം സ്ഥലങ്ങളിൽ ഇവർ നയിക്കുന്ന ധ്യാനപ്രഘോഷണത്തിലോ സംബന്ധിക്കരുതെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. സഭയുടെ അംഗീകാരമില്ലാത്ത ഇവർ നേതൃത്വം നല്കുന്ന പ്രാർത്ഥനാഗ്രൂപ്പുകളിലും ധ്യാനങ്ങളിലും സംബന്ധിക്കരുത്. വിശ്വാസത്തിലും സഭാപ്രബോധനങ്ങളിലും അടിയുറച്ച ഒരു ക്രൈസ്തവജീവിതം നയിക്കുവാൻ ഏവരും ശ്രമിക്കണം. അബദ്ധവിശ്വാസം പ്രചരിപ്പിക്കുന്ന വിശ്വാസികളുടെ സമൂഹത്തിൽ അകപ്പെട്ടുപോയവരെ സ്നേഹബുദ്ധ്യാ തിരുത്താൻ ഏവരും യത്നിക്കണം. പ്രാർത്ഥനയും ഉപവാസവും വഴി സ്വയം വിശുദ്ധീകരിക്കുവാനും യഥാർത്ഥവിശ്വാസത്തിൽനിന്ന് വ്യതിചലിച്ചുപോയവർ തിരിച്ചുവരുന്നതിനും ഇടവരട്ടെയെന്ന് പ്രത്യാശിക്കുന്നു.






**ബിഷപ്പ് പോളി കണ്ണൂക്കാടൻ**

ഇരിങ്ങാലക്കുട രൂപതാമെത്രാൻ

2011 വി. മത്തായിശ്ലീഹായുടെ തിരുനാൾ ദിവസം പുറപ്പെടുവിച്ചത്



# സീറോ മലബാർ പ്രേഷിതവർഷത്തോടനുബന്ധിച്ചുള്ള ക്വിസ്, ഉപന്യാസ, ചിത്രരചന, പവർപോയിന്റ് പ്രസന്റേഷൻ മത്സരങ്ങൾ

പ്രിയ ബഹു. അച്ചന്മാരെ

പാലാ രൂപത പ്രേഷിതവർഷപ്രവർത്തനമാർഗ്ഗരേഖ അഭിവന്ദ്യപിതാവ് ആഗസ്റ്റുമാസം സാന്ത്വനപ്രകാശത്തിൽ സർക്കുലറിലൂടെ നമ്മെ അറിയിച്ചിരുന്നല്ലോ. പ്രേഷിതവർഷത്തിലെ പ്രധാന പദ്ധതികളിലൊന്നായ പ്രേഷിതവർഷമത്സരങ്ങളുടെ വിശദാംശങ്ങളാണ് താഴെ പ്രതിപാദിക്കുന്നത്. ബഹു. അച്ചന്മാർ മത്സരങ്ങളുടെ വിശദവിവരം ബന്ധപ്പെട്ട എല്ലാവരെയും യഥാസമയം അറിയിച്ചുകൊണ്ട് പ്രേഷിതവർഷസീറോ മലബാർ സെൻട്രൽ കമ്മിറ്റി ആവിഷ്കരിച്ചിരിക്കുന്ന ഈ സംരംഭത്തോട് നമുക്ക് ആത്മാർത്ഥമായി സഹകരിക്കാം.

## I. മിഷൻ ക്വിസ്

A. group ജൂനിയർ (വയസ് 8 - 12 വരെ) 2000 ജനുവരി ഒന്നിനോ, ശേഷമോ ജനിച്ചവർ)

B. group സീനിയർ (വയസ് 13-17 വരെ) 1995 ജനുവരി ഒന്നിനോ, ശേഷമോ ജനിച്ചവർ)

C. group യൂത്ത് (വയസ് 18-25 വരെ) 1987 ജനുവരി ഒന്നിനോ, ശേഷമോ ജനിച്ചവർ)

D. group മുതിർന്നവർ (വയസ് 25 മുതൽ മുകളിലേയ്ക്ക്) 1987 ജനുവരി ഒന്നിനോ അതിനു മുമ്പോ ജനിച്ചവർ)

ഇടവകതലത്തിൽ 4 ഗ്രൂപ്പിലും മത്സരം നടത്തി ഓരോ ഗ്രൂപ്പിലും മുന്നിലെത്തിയ രണ്ടുപേരെ മേഖലാമത്സരങ്ങൾക്ക് അയയ്ക്കണം. ഇടവകതലമത്സരം നവംബർ 15-നു മുമ്പ് പൂർത്തിയാക്കി മേഖലാമത്സരത്തിനുള്ളവരുടെ പേരുകൾ മേഖലാ സൺഡേ സ്കൂൾ ഡയറക്ടറെ ഏൽപ്പിക്കണം. ഇടവകതലമത്സരങ്ങൾക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കേണ്ടത് ബഹു. വികാരിയച്ചന്മാർ തന്നെയാണ്. ചോദ്യങ്ങൾ മൗണ്ട് സെന്റ് തോമസിൽ നിന്നും പ്രസിദ്ധീകരിച്ച 'സാക്ഷികളാകുവിൻ, പ്രേഷിതസഭ' എന്നീ രണ്ടു പുസ്തകങ്ങളിൽ നിന്നു മാത്രമായിരിക്കണം. ഓരോ ഇടവകയിൽനിന്നും നാലു ഗ്രൂപ്പുകളിലെയും ഒന്നും, രണ്ടും സ്ഥാനം ലഭിച്ചവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മേഖലാതലമത്സരം മേഖലാകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. മേഖലാതല മത്സരത്തിനുള്ള ചോദ്യങ്ങൾ

രൂപതയിൽനിന്നും നൽകുന്നതാണ്. മേഖലാതല മത്സരങ്ങൾ ഡിസംബർ 10-നു മുമ്പ് പൂർത്തിയാക്കണം. നാലു ഗ്രൂപ്പിലും ഏറ്റവും മുന്നിലെത്തിയ മേഖലാവിജയികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള രൂപതാമത്സരം ഡിസംബർ 30-നു മുമ്പ് പൂർത്തിയാക്കണം.

**വിജയികൾക്കുള്ള സമ്മാനങ്ങൾ**

ഇടവകതലത്തിൽ നാലു ഗ്രൂപ്പിലും മുന്നിലെത്തിയ മൂന്നുപേർക്ക് ഇടവക പൊതുഫണ്ടിൽ നിന്നും തുക കണ്ടെത്തി സമ്മാനങ്ങൾ നൽകേണ്ടതാണ്. മേഖലതല, രൂപതതലവിജയികൾക്കുള്ള സമ്മാനങ്ങൾ രൂപതയിൽനിന്നും നൽകുന്നതാണ്.

4 ഗ്രൂപ്പുകളിലും ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്ക് ABC ക്രമത്തിൽ ഇടവകകളെ തിരിച്ച് സമ്മാനങ്ങൾ രൂപതയിൽ നിന്നും നൽകുന്നതാണ്. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ഇടവകകൾക്കും പ്രത്യേകസമ്മാനങ്ങൾ ഉണ്ടായിരിക്കും (1-ാം സമ്മാനം 10 പോയിന്റ്, 2-ാം സമ്മാനം 5 പോയിന്റ്, 3-ാം സമ്മാനം 3 പോയിന്റ് എന്നീ ക്രമത്തിൽ) സഭാതലവിജയികൾക്ക് 50000 രൂപ, 30000 രൂപ, 10000 രൂപ എന്നീ ക്രമത്തിൽ) സമ്മാനങ്ങൾ ഉണ്ട്. വിജയികൾ തുകയുടെ 20 ശതമാനം മിഷൻഫണ്ടിലേയ്ക്ക് നൽകണം.

## II. ഉപന്യാസമത്സരം (മലയാളം)

ഓരോ ഗ്രൂപ്പിലും 1, 2, 3 സമ്മാനങ്ങൾ സീറോ മലബാർ കേന്ദ്രസഭാതലത്തിൽ.

1. കുട്ടികൾ (12-17 വയസ്സുകാർ)
2. യുവജനം (18-25 വയസ്സുകാർ)
3. മുതിർന്നവർ (25 വയസ്സിനു മുകളിലേയ്ക്ക്)

1-ാം സമ്മാനം 10000 രൂപ, 2-ാം സമ്മാനം 7000 രൂപാ, 3-ാം സമ്മാനം 5000 രൂപ.

ഉപന്യാസമത്സരത്തിന് അപ്പസ്തോലപ്രവർത്തനം, രക്ഷകന്റെ മിഷൻ, സീറോമലബാർ സഭയുടെ പ്രേഷിതപ്രവർത്തനമാർഗ്ഗരേഖ, Ad Gentes, സാക്ഷികളാകുവിൻ എന്നീ ഗ്രന്ഥങ്ങൾ അടിസ്ഥാനമാക്കിയുള്ള വിഷയം.

ഓരോ ഇടവകയിൽനിന്നും പങ്കെടുക്കുന്നവരുടെ പേരുകൾ ഒക്ടോബർ 30-നു മുമ്പ് പാലാ ഷലോം സെന്ററിലുള്ള സൺഡേ സ്കൂൾ ഓഫീസിൽ എത്തിക്കേണ്ടതാണ്. നവംബർ മാസമായിരിക്കും ആദ്യറൗണ്ട് മത്സരം. ആദ്യറൗണ്ടിലെ ആദ്യമൂന്നു സ്ഥാനക്കാരെ ഉൾപ്പെടുത്തി രണ്ടാം റൗണ്ട് മത്സരങ്ങൾ നടക്കുന്നതാണ്. സമയം 1 മണിക്കൂർ.



**ഉപന്യാസം (ഇംഗ്ലീഷ്)**

പങ്കെടുക്കുന്നവർ: സീറോ മലബാർ കാത്തലിക്സ്

വിഷയം: Apostlic Christ Experience of St. Thomas and Syro Malabar Mission (300 Words)

പോസ്റ്റുവഴിയോ നേരിട്ടോ കാക്കനാട് സെന്റ് തോമസ് മൗണ്ടിലുള്ള മിഷൻ ഈയർ സെൻട്രൽ കമ്മിറ്റി ഓഫീസിൽ 2012 ജനുവരി 30-നു മുമ്പ് എത്തിക്കണം.

## III. ചിത്രരചന മത്സരം

പങ്കെടുക്കുന്നവർ: 12 വയസ്സിൽ താഴെയുള്ള കുട്ടികൾ

വിഷയം : എന്റെ മിഷൻ സങ്കല്പം

നിബന്ധനകൾ : വാട്ടർ കളർ മാത്രമേ ഉപയോഗിക്കാവൂ. അനുയോജ്യമായ അടിക്കുറിപ്പ് ഉണ്ടായിരിക്കണം, പേപ്പർ സൈസ് 35X28.5 cm.

ചിത്രത്തോടൊപ്പം വികാരിയച്ചന്റെ സാക്ഷിപത്രം ഉണ്ടായിരിക്കണം. ചിത്രങ്ങൾ പോസ്റ്റർ വഴിയോ നേരിട്ടോ കാക്കനാട് സെന്റ് തോമസ് മൗണ്ടിലുള്ള മിഷൻ ഈയർ സെൻട്രൽ കമ്മിറ്റി ഓഫീസിൽ 2012 ജനുവരി 31-നു മുമ്പ് എത്തിക്കണം.

1-ാം സമ്മാനം: 10000 രൂപ, 2-ാം സമ്മാനം 7000 രൂപാ, 3-ാം സമ്മാനം 5000 രൂപ.

## IV. പവർ പോയിന്റ് പ്രസന്റേഷൻ

പങ്കെടുക്കുന്നവർ - സീറോ മലബാർ കാത്തലിക്സ്

വിഷയം How can I be a Missionary in My Life Situation?

Submit 2 copies in CD/DVD, attach address on a seperate sheet, Medium - English, Time Limit 5 Minutes (Self running mode power point show)

കോപ്പികൾ 2012 ഫെബ്രുവരി 15-നു മുമ്പ് പോസ്റ്റൽ വഴിയോ, നേരിട്ടോ കാക്കനാട് സെന്റ് തോമസ് മൗണ്ടിലുള്ള മിഷൻ ഈയർ സെൻട്രൽ കമ്മിറ്റി ഓഫീസിൽ നൽകണം.

1-ാം സമ്മാനം 10000 രൂപാ, 2-ാം സമ്മാനം 7000 രൂപാ, 3-ാം സമ്മാനം 5000 രൂപാ.

അയയ്ക്കേണ്ട വിലാസം: Secretariat, Mission Year Mount St. Thomas, P.B. No. 3110, Kakkanad, Kochi-682030

## സെമിനാരി വിദ്യാർത്ഥികൾക്കുള്ള മിഷൻ ഈയർ മത്സരങ്ങൾ

## I. മിഷൻ ക്വിസ്

**Inter- Seminary Multimedia Mission Quiz**

എല്ലാ സീറോ മലബാർ മേജർ സെമിനാരികൾക്കും രണ്ടുപേരടങ്ങുന്ന

ടീമിനെ രജിസ്റ്റർ ചെയ്യാം. അവസാന തീയതി 2011 നവംബർ 30. Medium: English, Reference Book: BE MY WITNESS,Venue : St. Thomas Apostlic Seminary, Vadavathoor. Ist 15000 രൂപാ, IInd 10000 രൂപാ IIIrd 5000 രൂപാ.

**II. ഉപന്യാസ മത്സരം**

മേജർ സെമിനാരി വിദ്യാർത്ഥികൾക്ക്

വിഷയം: New Evangelisation in the Syro Malabar Church (3000 Words) കാക്കനാട് മൗണ്ട് സെന്റ് തോമസ് മിഷൻ ഈയർ കേന്ദ്രകമ്മിറ്റി ഓഫീസിൽ ലഭിക്കേണ്ട അവസാനതീയതി 2012 ജനുവരി 30.

Medium : English. Ist 10000 രൂപാ, IInd 7000 രൂപാ, III rd 5000 രൂപാ.

## സന്യാസിനികൾക്കുള്ള മിഷൻ ഈയർ മത്സരങ്ങൾ

**I. Inter Province Multi Media Mission Quiz**

Medium : മലയാളം. സന്യാസിനീസമൂഹങ്ങൾക്ക് പ്രൊവിൻസിൽ നിന്നും 2 പേരടങ്ങുന്ന ടീമിനെ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യേണ്ട അവസാനതീയതി : 2011 നവംബർ 30. Ist 15000 രൂപാ, IInd 10000 രൂപാ, IIIrd 7000 രൂപാ.

**II. ഉപന്യാസമത്സരം**

പങ്കെടുക്കുന്നവർ: സന്യാസിനികൾ, സന്യാസാർത്ഥിനികൾ

വിഷയം: സന്യസ്തരും സീറോ മലബാർ സഭയുടെ നവസുവിശേഷ വൽക്കരണവും. Medium: മലയാളം

കാക്കനാട് ഓഫീസിൽ ലഭിക്കേണ്ട അവസാനതീയതി: 2012 ജനുവരി30. Ist 10000 രൂപാ, IInd 7000 രൂപാ, IIIrd 5000 രൂപാ.

എല്ലാ വിജയികളും സമ്മാനത്തുകയുടെ 20 ശതമാനം മിഷന് സംഭാവനയായി നൽകണം.

മിഷൻക്വിസ് മേഖലാ, രൂപതാതലമത്സരങ്ങളും ഉപന്യാസം രൂപതാതലമത്സരവും ഉൾപ്പെടെ മിഷൻഈയർ മത്സരങ്ങളുടെ രൂപതാതല ചുമതലകൾ പാലാ രൂപതാമിഷൻലീഗ് കേന്ദ്രഘടകവും വിശ്വാസപരിശീലനകേന്ദ്രവും ചേർന്ന് ബഹു. സെബാസ്റ്റ്യൻ കൊല്ലംപറമ്പിലച്ചന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്. ഈ സംരംഭത്തിൽ എല്ലാ വിഭാഗത്തിലും നമ്മുടെ വിശ്വാസസമൂഹത്തിന് പങ്കാളിത്തം നൽകുന്നതിന് ബഹു. വികാരിയച്ചന്മാരും, ബഹു. അസി. അച്ചന്മാരും, ബഹു. സിസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജേക്കബ് മുരിക്കൻ**
**പാസ്റ്ററൽ കോർഡിനേറ്റർ**



# കച്ചേരിക്കാര്യം

**1. സ്ഥലമാറ്റം, നിയമനം**

**Rev. Fathers**

| | |
|---|---|
| Ammanathukunnel Joseph | - B. Ed. Studies (Additional) |
| Danavelil George | - Secretary (Full Time), Synodal Commission for Catechesis, Kakkanadu |
| Kalathipullattu Thomas | - Spiritual Director, St. Alphonsa Shrine Church & Pilgrim Centre, Bharananganam |
| Kunnackattu Cherian (Joby) | - B. Ed Studies (Additional) |
| Mattathil Philip | - Vicar, Nelliany & Co-ordinator of the Internet Evangelization Programmes |
| Pullukalayil George | - M. A. Studies & Asst. Warden of C.R Hostel, Arunapuram |
| Punnathanathukunnel Mathew | - Relieved from the office of Asst. Warden of CR Hostel, Arunapuram |

**2. രൂപതാകേന്ദ്രത്തിൽ നിന്നും ബഹു. വൈദികർക്ക് അയയ്ക്കുന്ന SMS Messages ലഭിക്കുന്നില്ലെങ്കിൽ**

രൂപതാകേന്ദ്രത്തിൽ നിന്നും അയയ്ക്കുന്ന SMS ചിലർക്കു കിട്ടുന്നില്ല എന്ന് അറിയുന്നു. നമ്മുടെ SMS കൾ TRAI യുടെ പുതിയ നിർദ്ദേശപ്രകാരം കമ്മ്യൂണിക്കേഷൻ/ബ്രോഡ്കാസ്റ്റിങ്/ എന്റർടൈൻമെന്റ് / ഐടി (Category No.6) എന്ന വിഭാഗത്തിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. രൂപതാകേന്ദ്രത്തിൽ നിന്നുള്ള SMS കൾ നിലവിൽ ലഭിക്കാത്തവർ 1909 എന്ന നമ്പറിലേയ്ക്ക് STRAT 6 എന്ന ഒരു SMS അയയ്ക്കുകയും തുടർന്നുള്ള നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യുക. രൂപതാകേന്ദ്രത്തിൽ നിന്നുള്ള SMS കളൊടൊപ്പം Category No. 6 ലുള്ള മറ്റു SMS കളും ഇതുമൂലം ലഭിക്കുവാൻ സാദ്ധ്യതയുണ്ട്.

**3. മിഷൻ കലണ്ടർ**

സീറോ-മലബാർ പ്രേഷിതവർഷത്തോടനുബന്ധിച്ച് ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും നൽകുവാൻ നിർദ്ദേശിച്ചിരിക്കുന്ന മിഷൻകലണ്ടർ ഇനിയും വാങ്ങിക്കൊണ്ടുപോകാത്ത പള്ളികൾ കഴിവതും വേഗം രൂപതാ കേന്ദ്രത്തിൽ നിന്നും വാങ്ങേണ്ടതാണ്.

**ഫാ. ചാൻസലർ**

# Needy Church Fund- 2011

| Church | Amt.Sanctioned | Church | Amt.Sanctioned |
|---|---|---|---|
| 1. Vedagiri | 50000 | 14. Edappady | 25000 |
| 2. Perimthuruthu | 50000 | 15. Kunnonni | 100000 |
| 3. Piravom | 100000 | 16.Valavoor | 100000 |
| 4. Mangalagiri | 50000 | 17. Edadu | 350000 |
| 5. Arakkulam | 100000 | 18. Elappally | 100000 |
| 6. Adivaram | 50000 | 19.Chittar | 50000 |
| 7. Maniamkulam | 50000 | 20. Alphosagiri | 100000 |
| 8. Nambiakulam | 200000 | 21.Vezhanganam | 50000 |
| 9. Gagultha | 50000 | 22. Vagamon | 75000 |
| 10. Kayyoor | 100000 | 23. Kakombu | 25000 |
| 11. Paingulam | 40000 | 24. Choondacherry | 75000 |
| 12. Adukkam | 75000 | 25. Jaigiri | 50000 |
| 13. Cholathadam | 200000 | 26. Parathanam | 100000 |

ഫാ. പ്രൊക്യുറേറ്റർ



# സീറോ മലബാർ റിസർച്ച് സെന്റർ അവാർഡ് അപേക്ഷ ക്ഷണിക്കുന്നു

മൗണ്ട് സെന്റ് തോമസ്: സീറോ മലബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള റിസർച്ച് സെന്റർ നൽകുന്ന അവാർഡിന്റെ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തയ്യായിരം രൂപയും ഷീൽഡും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. സീറോ മലബാർ സഭയുടെ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ചരിത്രം, ശിക്ഷണക്രമം എന്നിവയുടെ പരിപോഷണത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഗവേഷണകേന്ദ്രത്തിന്റെ ശ്രമങ്ങളുടെ ഫലമായിട്ടാണ് ഈ പുരസ്കാരം ഏർപ്പെടുത്തുന്നത്. മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി രക്ഷാധികാരിയും ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് ചെയർമാനും ബിഷപ് ജോസഫ് കല്ലറങ്ങാട്ട് സിനഡ് പ്രതിനിധിയും ഫാ. ഡോ. സെബാസ്റ്റ്യൻ നടുത്തടം എക്സിക്യൂട്ടീവ് ഡയറക്ടറും ഫാ. ഡോ. ജോസ് പാലക്കിൽ, ഫാ. ഡോ. പോളി മണിയാട്ട് ഡയറക്ടർ ബോർഡ് അംഗങ്ങളുമായിരിക്കുന്ന സമിതിയാണ് ഗവേഷണകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സീറോ മലബാർ സഭാസിനഡിന്റെ അംഗീകാരത്തോടെ നല്കുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ഭാരതീയവുമായ ക്രൈസ്തവപോഷണാർത്ഥം ദൈവശാസ്ത്രം, സാഹിത്യം, കല, സംസ്കാരം, ചരിത്രം, ശിക്ഷണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ മികച്ച സംഭാവനകൾ നൽകിയ സീറോ മലബാർ സഭാംഗങ്ങളായ വൈദികരുടേയും സന്യസ്തരുടേയും അല്മായരുടേയും പേരുകളാണ് ക്ഷണിക്കുന്നത്. 2011 ഡിസംബർ 30 വരെയുള്ള സംഭാവനകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. അവാർഡിനായി പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ സംഭാവനകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ പുസ്തകങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, ഫോട്ടോഗ്രാഫുകൾ തുടങ്ങിയവ നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശങ്ങൾ 2011 ഒക്ടോബർ 20-നകം Rev. Dr. Sebastian Naduthadam, Executive Director, Liturgical Research Centre, Mount St. Thomas, Kakkanad-682030, P.B. No. 3110, Kerala, India എന്ന വിലാസത്തിൽ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. സീറോമലബാർ റിസർച്ച് സെന്ററിന്റെ പ്രഥമ അവാർഡിന് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും രണ്ടാമത്തെ അവാർഡിന് റവ. ഡോ. മാത്യു വെള്ളാനിക്കലും അർഹരായി.

**റവ. ഡോ. സെബാസ്റ്റ്യൻ നടുത്തടം**
**L.R.C. Mount St.Thomas Kakkanad**

## OIRSI Celebrates the 50th Year of Publication

A Golden Jubilee Gift to You:

**MARTHOMA MARGAM**

**The Ecclesial Heritage of St Thomas Christians**

General Editor: Dr Andrews Mekkattukunnel

Jesus of Nazareth is "the Way, the Truth and the Life" (Jn 14,5). St Thomas, the Apostle, proclaimed his Christ-experience in India. Out of this apostolic mission grew the Christian Way of Life known as *Marthoma Margam*. Here is an attempt to place this lamp on a pedestal so that it may give light to all in the house of God. More than sixty erudite articles by well known scholars on various aspects of *Marthoma Margam* are presented in this volume.

**Section Editors**:

Theology: Dr James Palackal; Liturgy: Dr Pauly Maniyattu; Culture and Spirituality: Dr Jose Puthiaparampil; Moral Life: Dr Dominic Vechoor; History and Discipline: Dr James Thalachelloor

This Book will be released on January 14, 2012 on the occasion of the Grand Finale of the Golden Jubilee Celebrations of St Thomas Apostolic Seminary, Vadavathoor.

Pages: ca. 960; Size: Demy 1/4; Price: $ 30; [* File contains invalid data | In-line.JPG *] 900; Pre-publication price: 500

Last date to order the pre-publication copy: November 30, 2011

Order your copies by sending 500 (+100 if to be posted) to:

**The Manager, OIRSI Publications, Vadavathoor P.O; Kottayam 686010, Kerala**

Phone: 9447112104, E-mail: andrewsmek@gmail.com






# മാർ ജോൺ പെരുമറ്റം
# മിഷൻരംഗത്തെ ഉജ്ജ്വലതാരം

**മാർ ജോസഫ് കല്ലറങ്ങാട്ട്**

ഉജ്ജെയിൻ രൂപതയുടെ ആദ്യമെത്രാനായിരുന്ന മാർ ജോൺ പെരുമറ്റത്തിന്റെ വേർപാട് പാലാ രൂപതയ്ക്ക് വേദനാജനകമാണ്. പാലാ രൂപതയിൽപ്പെട്ട കാക്കൂർ ഇടവകയിലാണ് അദ്ദേഹം ജനിച്ചത്. ആയിരത്തിതൊള്ളായിരത്തി അൻപത്തെട്ടിൽ പാലാ രൂപതയ്ക്കുവേണ്ടി വൈദികനായി അഭിഷിക്തനായ അദ്ദേഹം പതിനേഴ് വർഷക്കാലം രൂപതയിൽ സേവനം അനുഷ്ഠിച്ചത് ഇപ്പോൾ നന്ദിപൂർവ്വം ഞാൻ അനുസ്മരിക്കുന്നു. രൂപതയുടെ വൈദികപരിശീലനകേന്ദ്രമായ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ പത്തുവർഷം വൈസ്റെക്ടറായും ഒരു വർഷം റെക്ടറായും അദ്ദേഹം നടത്തിയ വിശിഷ്ടമായ സേവനങ്ങൾ അദ്ദേഹത്തിന്റെ ശിഷ്യന്മാരായ രൂപതാവൈദികരുടെ മനസ്സിൽ ദീപ്തമായ സ്മരണകൾ ഉണർത്തുന്നു. പാണ്ഡിത്യവും പക്വതയും ജീവിതവിശുദ്ധിയും ഒരുമിച്ചുചേരുന്ന അസാധാരണമായ വ്യക്തിത്വമായിരുന്നു മാർ ജോൺ പെരുമറ്റത്തിന്റേത്. പുതിയതായി രൂപീകൃതമായ മിഷനറി സൊസൈറ്റി ഓഫ് സെന്റ് തോമസ് എന്ന വൈദികസമൂഹത്തിന്റെ ആദ്യഡയറക്ടർ എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനപരിധി കൂടുതൽ വിശാലമായി. മിഷനറി സൊസൈറ്റിയുടെ അംഗങ്ങളും സ്നേഹാദരവുകളോടെയാണ് അദ്ദേഹത്തെ സ്മരിക്കുക.

ആയിരത്തിതൊള്ളായിരത്തി അറുപത്തെട്ടുമുതൽ മാർ ജോൺ പെരുമറ്റം ഉജ്ജൈൻമിഷനുവേണ്ടി തന്റെ ജീവിതം സമർപ്പിച്ചു. ഉജ്ജൈൻരൂപതയുടെ മെത്രാനെന്ന നിലയിലുള്ള പെരുമറ്റത്തിൽ പിതാവിന്റെ പ്രവർത്തനങ്ങൾ ഇൻഡ്യയിലെ കത്തോലിക്കാസഭയുടെ മുഴുവൻ ശ്രദ്ധയും ആകർഷിക്കത്തക്ക

വിധത്തിലുള്ളവയായിരുന്നു. മുപ്പതുവർഷക്കാലത്തെ അക്ഷീണപരിശ്രമംകൊണ്ട് ഉജ്ജൈൻപ്രദേശത്ത് അനേകം ദൈവാലയങ്ങളും സ്കൂളുകളും മറ്റു പരിശീലനകേന്ദ്രങ്ങളും സ്ഥാപിച്ചു വളർത്തി. ഇന്ന് ഉജ്ജൈനിലെ ഏറ്റവും അറിയപ്പെടുന്ന വിദ്യാക്ഷേത്രങ്ങളായി അവ മാറി. അദ്ദേഹം സ്ഥാപിച്ച കൃപാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പാവങ്ങൾക്കും അനാഥർക്കും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കുംവേണ്ടി നിരവധി കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഈ പ്രവർത്തനത്തിലൂടെ അദ്ദേഹം ഈശോയ്ക്ക് സാക്ഷ്യം വഹിക്കുകയായിരുന്നു. രൂപതയിലെ നാനാജാതി മതസ്ഥർക്കും അദ്ദേഹം ഒരു പുണ്യപുരുഷനാണ്.

ധീരനായ മിഷനറി എന്ന നിലയിലും വിശുദ്ധനായ വൈദിക മേലദ്ധ്യക്ഷൻ എന്ന നിലയിലും അദ്ദേഹം എന്നും നമ്മുടെ ഹൃദയത്തിന്റെ ശ്രീകോവിലിൽ ഉണ്ടായിരിക്കും. സീറോ-മലബാർസഭയുടെ സിനഡിൽ അദ്ദേഹത്തിന്റെ ശബ്ദം ഗാംഭീര്യമുള്ളതായിരുന്നു. വ്യക്തമായ ചിന്തകൾ ഉറച്ച ബോധ്യത്തോടെ ആരെയും മുഷിപ്പിക്കാതെ അവതരിപ്പിക്കാനുള്ള നൈയാമിക വൈദഗ്ധ്യവും നർമ്മബോധവും അദ്ദേഹത്തിനു കൈമുതലായുണ്ടായിരുന്നു. പൗരസ്ത്യസഭകളുടെ പാരമ്പര്യങ്ങളെക്കുറിച്ച്, പ്രത്യേകിച്ച് അവയുടെ ആത്മീയപാരമ്പര്യങ്ങളെക്കുറിച്ച് അഭി.പിതാവിന് ആഴമായ അറിവുണ്ടായിരുന്നു. വി. കുർബാനയോടുള്ള അദ്ദേഹത്തിന്റെ ഭക്തി എടുത്തുപറയേണ്ട ഒന്നായിരുന്നു. ധീരനും നിർഭയനുമായിരുന്ന ആ മിഷനറിയെ ഉജ്ജൈനിലെ നാനാജാതി മതസ്ഥർക്ക് ഏറെ ഇഷ്ടമായിരുന്നു. പീഠത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ഒരു പ്രകാശനാളമായിരുന്നു പെരുമറ്റംപിതാവ്. ആ പ്രകാശത്തെ നോക്കി യാത്ര ചെയ്തവരും ജീവിതം ക്രമപ്പെടുത്തിയവരും ഏറെയത്രേ. ഭാഗ്യസ്മരണാർഹനായ വയലിൽപിതാവിനോടും അഭിവന്ദ്യ പള്ളിക്കാപറമ്പിൽപിതാവിനോടും എന്നോടും വലിയ സ്നേഹവും വാത്സല്യവും എപ്പോഴും കാണിച്ചിരുന്നു. പാലാ രൂപതാ കേന്ദ്രത്തിൽ വരുന്നത് പിതാവിന് ഏറെ ഇഷ്ടമുള്ള കാര്യമായിരുന്നു.



അഭിവന്ദ്യ പെരുമറ്റം പിതാവ് മറുകരയിലേക്ക് യാത്ര ചെയ്തുകഴിഞ്ഞു. ദൈവസന്നിധിയിൽ അദ്ദേഹത്തിന് ഈശോയോട് ചേർന്ന് ഇരിപ്പിടം കിട്ടും. ഭാവിയിൽ സീറോ-മലബാർസഭ അദ്ദേഹത്തെ ഒരു വിശുദ്ധനായി തിരിച്ചറിയും എന്നാണ് എന്റെ ഉറച്ച വിശ്വാസം. അദ്ദേഹം ജീവിതത്തിലൂടെ സുവിശേഷം പ്രസരിപ്പിക്കുകയും സുവിശേഷത്തിന്റെ പ്രതിധ്വനി കേൾപ്പിക്കുകയും ചെയ്ത മഹാപുരോഹിതനാണ്. 23-ാം ജോൺ മാർപാപ്പയുടെ സംസ്കാരവേളയിൽ കാർഡിനൽ സൂനൻസ് പ്രസംഗിച്ചു: "ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു മനുഷ്യനുണ്ടായിരുന്നു. അയാളുടെ പേര് യോഹന്നാൻ എന്നായിരുന്നു." അഭിവന്ദ്യ പെരുമറ്റം പിതാവിനെക്കുറിച്ച് ഈ വാക്യം ഞാനാവർത്തിക്കുകയാണ്. "ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു പിതാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് ജോൺ എന്നായിരുന്നു."

ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചപ്പോൾ നടത്തിയ പ്രഭാഷണത്തിലെ മനോഹരമായ ഒരു ചിന്ത അഭിവന്ദ്യ പെരുമറ്റം പിതാവിനെക്കുറിച്ചും പറയാവുന്നതാണ്. പരിശുദ്ധ പിതാവിന്റെ വാക്കുകൾ: "The Lord gradually stripped him of everything, yet he remained ever a rock, as Christ desired. His profound humility, grounded on close union with Christ, enabled him to continue to lead the church and to give to the world a message which became all the more eloquent as his physical strength declined. In this way he lived out in an extraordinary way the vocation of every priest and bishop".

അഭിവന്ദ്യ പെരുമറ്റം പിതാവ് ഈശോയുടെ മലയിലെ പ്രസംഗത്തിന്റെ ശാരീരിക ആവിഷ്ക്കാരമായിരുന്നു. നിഷ്കളങ്കനായ ആബേലിന്റെ മുഖമായിരുന്നു അദ്ദേഹത്തിന്റേത്. Blessed are you dearest bishop John Perumattom because you were an icon of the beatitudes. സ്വർഗ്ഗത്തിൽവച്ച് നമുക്ക് കണ്ടുമുട്ടാം.

ലേഖനം

# "വേദനകളെ പ്രാർത്ഥനകൊണ്ട് ജയിച്ചവൾ"

**മാർ ജോസഫ് കല്ലറങ്ങാട്ട്**

വിശുദ്ധ ഗ്രന്ഥം സ്ത്രീകളിലൂടെയുള്ള വലിയ വെളിപാടും പ്രഘോഷണവും നൽകുന്നുണ്ട്. ആദിമസഭ അവളുടെ ഹൃദയത്തിൽ സ്ഥാവരസ്വത്തായി കാത്തുസൂക്ഷിച്ച അനേകം സ്ത്രീകളെ സുവിശേഷത്തിൽ നമുക്ക് കാണാൻ കഴിയും. എലിസബത്ത്, ഹന്നാ, പരി.മറിയം, മാർത്താ-മറിയം, തൈലം പൂശുന്ന സ്ത്രീ, ഭക്തസ്ത്രീകൾ, മറിയം മഗ്ദലന, നല്ല സമറിയാക്കാരി, രക്തസ്രാവക്കാരി സ്ത്രീ, നാണയം നഷ്ടപ്പെട്ട സ്ത്രീ, നാണയം കാഴ്ചയിടുന്ന വിധവ, കൂനു പിടിച്ച സ്ത്രീ, കാനാൻകാരി സ്ത്രീ, പത്രോസിന്റെ അമ്മായിയമ്മ, നായ്മിലെ വിധവ എന്നിവരാണ് പ്രധാനപ്പെട്ടവർ. പൗലോസിന്റെ സഹപ്രവർത്തകരായ ധാരാളം സ്ത്രീകളെയും അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ നമുക്ക് കാണാൻ കഴിയും. സഭയുടെ ഏറ്റവും വലിയ സമ്പത്താണ് ഈ സ്ത്രീകൾ എല്ലാവരും. ഇവർ സുവിശേഷത്തിലെ സ്ത്രീകൾ മാത്രമല്ല, സുവിശേഷങ്ങൾതന്നെയാണ്. ഇവരിലൂടെയാണ് ദൈവം വലിയ വെളിപാടുകൾ നടത്തിയത്. ഈ സ്ത്രീകളെ അനുകരിച്ച ആദിമസഭയിൽ സ്ത്രീ-സന്ന്യാസം രൂപപ്പെട്ടു. സ്ത്രീസന്ന്യാസം ഇടമുറിയാതെ സഭയിൽ ഒഴുകുന്ന ഒരു മഹാനദിയാണ്. ദൈവികദാനങ്ങളുമായി ഒഴുകുന്ന ഈ നദികൾ എക്കാലവും സഭയുടെ ആന്തരചൈതന്യത്തിന്റെ സ്രോതസ്സുകളത്രേ. ദൈവത്തെ ലോകത്തിന് കാണിച്ചുകൊടുക്കുന്ന തിരുശേഷിപ്പുകൾപോലെയായിരുന്നു അവരെല്ലാവരും. ഒപ്പം കുടുംബജീവിതം നയിച്ചുകൊണ്ട് സുവിശേഷപ്രഘോഷണവും സഭയുടെ പ്രബോധനപ്രചാരകരുമായി ജീവിക്കുന്ന ധാരാളം സ്ത്രീകൾ സഭയിൽ എക്കാലത്തുമുണ്ട്. വിശ്വാസത്തിന്റെ നിറകുടങ്ങളായിരുന്ന ഇവർ സുവിശേഷത്തിന്റെ കലവറയും സാമൂഹികതിന്മകൾക്കെതിരെ പോരാടിയവരുമാണ്. ദൈവത്തിന്റ മാതൃത്വം ലോകത്തിന് നല്കിയവരാണ്. അപ്രകാരം ദൈവികരഹസ്യങ്ങളുടെ കാര്യസ്ഥമാരായി നിലനില്ക്കുന്നവരാണ്.

സഭ വിശുദ്ധിയുടെ മാതൃകകളായി ധാരാളം സ്ത്രീകളെ എടുത്തുകാണിക്കുന്നുണ്ട്. ഇവരെല്ലാവരും സഭയുടെ പൊതുസ്വത്താണ്. സഭ ഒരിക്കലും ഒരു രാജ്യത്തോടോ, ഒരു പ്രദേശത്തോടോ തന്നെത്തന്നെ തുലനം ചെയ്യാറില്ല. എന്നാൽ എല്ലാ രാജ്യങ്ങളിലുംതന്നെ സഭയുണ്ട്. സഭയുടെ ചൈതന്യം ലോകത്തിന് നല്കുന്നതിൽ വിശുദ്ധർക്ക് വലിയ പങ്കുണ്ട്. ലിസ്യൂവിലെ വി. ത്രേസ്യായേക്കാൾ വലിയ ഫ്രഞ്ചുകാരിയില്ല; ക്ലാരയേക്കാൾ വലിയ ഇറ്റലിക്കാരിയില്ല, ആവിലായിലെ അമ്മത്രേസ്യയെക്കാൾ വലിയ സ്പാനീഷ്കാരിയില്ല, ചിലിയിലെ വി. ത്രേസ്യായേക്കാൾ വലിയ ലാറ്റിൻ അമേരിക്കക്കാരിയില്ല, അൽഫോൻസാമ്മയേക്കാൾവലിയ ഇന്ത്യക്കാരിയില്ല. എന്നാൽ അവരാരും അവരുടെ ദേശത്തോടും രാജ്യത്തോടുംമാത്രം ഒതുങ്ങിനില്ക്കുന്നവരല്ല. വിശുദ്ധർ പൊതുസ്വത്താണ്. സഭയുടെ അടിസ്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്ന വിശിഷ്ടരത്നങ്ങളാണവരെല്ലാം. ലോകമെമ്പാടും അവരുടെ ജീവിതത്തിന്റെ മഹിമ ഒരുപോലെ പ്രകീർത്തിക്കപ്പെടുന്നു.

വിശ്വാസത്തിന്റെ ചില പ്രത്യേക മേഖലകൾക്ക് ഊന്നൽ നല്കിയവരാണ് വിശുദ്ധരെല്ലാവരും. ലിസ്യൂവിലെ വി. കൊച്ചുത്രേസ്യായും, വി. ബർണ്ണദീത്തായും, വി. അൽഫോൻസാമ്മയും ആത്മീയതയിലേക്കും വിശ്വാസത്തിലേക്കും സഹനങ്ങളിലൂടെയുള്ള വലിയ ഉൾക്കാഴ്ചകളിലേക്കും നേർകാഴ്ചകൾ നല്കിയവരാണ്. ഇവർ മൂവരും വലിയ വിദ്യാഭ്യാസമൊന്നും ഉള്ളവരുമായിരുന്നില്ല. എന്നാൽ ഇവരുടെ ദൈവികജ്ഞാനമാകുന്ന പാഠശാലയിൽ നാമിരിക്കേണ്ടിയിരിക്കുന്നു. ലിസ്യൂവിലെ കൊച്ചുത്രേസ്യാ, സ്വർഗ്ഗത്തിലെ വിശുദ്ധർ ലോകത്തിലെ വിശ്വാസികളോട് എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ച്

വലിയ കാഴ്ചപ്പാടുകൾ നല്കി. സ്വർഗ്ഗവും ഭൂമിയും തമ്മിൽ നല്ല അടുപ്പമുണ്ടെന്ന് അവർ പഠിപ്പിച്ചു. ലോകത്തിലുള്ളവർക്ക് ഒരു സ്വർഗ്ഗചിന്തയും ദൈവഭാഷയും നല്കി. ബർണ്ണദിത്താ, ലോകത്തിന് മുഴുവനായും ഒരു shrine നല്കി; ലൂർദ്ദ്. ലൂർദ്ദ് എന്നും ദൈവികരഹസ്യത്തിന്റെ കലവറയായി നില്ക്കുന്നു. അൽഫോൻസാമ്മയാകട്ടെ സഹനത്തിലൂടെ യാത്ര ചെയ്താൽ സ്വർഗ്ഗത്തിലെത്താൻപറ്റുമെന്ന് ലോകത്തെ പഠിപ്പിക്കുന്നു. വേദനകളെ പ്രാർത്ഥനകൊണ്ട് ജയിച്ചവളാണ് അൽഫോൻസാമ്മ. അമ്മയുടെ വ്രതബലത്തിന്റെ തെളിവാണിത്. വിശുദ്ധ പൗലോസിനെപ്പോലെ, ഉത്ഥിതന്റെ അധികാരത്തേക്കാൾ ക്രൂശിതന്റെ വേദനകൾക്കാണ് ജീവിതത്തിൽ പ്രാമുഖ്യം നല്കിയത്. ക്രൂശിതനും ഉത്ഥിതനും തമ്മിൽ വിഭജനം പാടില്ല എന്നും കാൽവരിയുടെ നിറവിലാണ് ഉത്ഥിതന്റെ ശക്തി കണ്ടെത്തേണ്ടതെന്നും അൽഫോൻസാമ്മ പഠിപ്പിക്കുന്നു. ദൈവം ഈ സ്ത്രീകളെ തിരഞ്ഞെടുത്തത് ലോകത്തെ പഠിപ്പിക്കാനാണ്. എല്ലാ കുഞ്ഞുങ്ങളെയും പഠിപ്പിക്കുന്നത് അവരുടെ അമ്മമാരായ സ്ത്രീകളാണല്ലോ. വിശുദ്ധ സ്ത്രീകൾക്ക് ലോകത്തെ മുഴുവനും പഠിപ്പിക്കാൻ കഴിയും. സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനും അവർക്കു കഴിയും. സ്ത്രീകൾ മുഖ്യസ്രോതസ്സുകളാണ്. വിശുദ്ധിയിലേക്കുള്ള ലോകത്തിന്റെ യാത്രയിൽ അവർ ഉപവഴികളോ, ചെറിയ വഴികളോ, തെറ്റായ വഴികളോ അല്ല, പ്രത്യുത മുഖ്യ വഴികളാണ്.

വി. അൽഫോൻസാമ്മ ആത്മനൈർമ്മല്യത്തിന്റെ ഉടമയാണ്. 1910 ആഗസ്റ്റ് 19-ൽ ജനിച്ച അവൾ 1946 ജൂലൈ 28-ന് പരലോകപ്രാപ്തയായി. കുടമാളൂരും, മുട്ടുചിറയും, ഭരണങ്ങാനത്തുമായി ബാല്യകാല വിദ്യാഭ്യാസം നേടിയ 'അന്നക്കുട്ടി'യെ ദൈവം അനുഗ്രഹിച്ച് ഉയർത്തി 2008, ഒക്ടോബർ 12-ന് വിശുദ്ധയായി പ്രഖ്യാപിച്ചല്ലോ. വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നു : "വിശുദ്ധരായിരിക്കുവാൻ നിങ്ങൾ ഭയപ്പെടേണ്ട. ധ്യാനിക്കുക, പ്രാർത്ഥിക്കുക, വിശ്വാസത്തിൽ



സ്ഥിരത പാലിക്കുക, സഹോദരങ്ങളെ സ്നേഹിക്കുക, ശ്രദ്ധാപൂർവ്വം വചനം പഠിക്കുക, വിശുദ്ധ കുർബാനയിൽനിന്നും കുമ്പസാരത്തിൽനിന്നും ശക്തി സംഭരിക്കുക." വി. അൽഫോൻസാമ്മ വേറിട്ടുനില്ക്കുന്ന ഒരു ആത്മീയത - കുരിശുകളും സഹനങ്ങളും ചോദിച്ചുവാങ്ങുന്ന - ലോകത്തിന് നല്കിയ വ്യക്തിയാണ്. ദൈവത്തിന്റെ വിശുദ്ധി ലോകത്തിന് നല്കുവാൻ അവൾ കണ്ട മാർഗ്ഗം ഇതായിരുന്നു. വി. കുർബാനയ്ക്ക് ഉപയോഗിക്കുന്ന അപ്പമാകുന്നതിന് തിരികല്ലിൽ പൊടിയുന്ന ഗോതമ്പുമണികൾപോലെ, വീഞ്ഞായി തീരുന്നതിന് ഞെക്കിപ്പിഴിയപ്പെടുന്ന മുന്തിരിങ്ങാപോലെ, സൗരഭ്യം പരത്തുന്ന ചെടിയുടെ ചുവട്ടിലെ ചവറുപോലെ ആയിത്തീരുന്നതിനാണ് വി. അൽഫോൻസാമ്മ ആഗ്രഹിച്ചത്. സ്വർഗ്ഗീയ മണവാളനോടുള്ള ദിവ്യപ്രേമത്തിന്റെ ആഴങ്ങളിലൂടെ യാത്ര ചെയ്ത അൽഫോൻസാമ്മ ഒരു മിസ്റ്റിക്കിന്റെ ആന്തരഹൃദയത്തിന്റെ ഉടമയാണ്. സഹനങ്ങളിൽനിന്ന് ഓടിയകന്നില്ല എന്നുമാത്രമല്ല, അവയെ ക്ഷണിച്ചുവരുത്തി സ്വർഗ്ഗപ്രവേശനത്തിനുള്ള ഗോവണിപ്പടികളായി അവൾ കണ്ടു. കഷ്ടപ്പാടുകൾകൊണ്ടും വേദനകൾകൊണ്ടും ശുദ്ധീകരിക്കപ്പെടുമ്പോൾ ആത്മവീര്യമുണ്ടാകുമെന്ന് അവൾ വിശ്വസിച്ചു. സഹനങ്ങളില്ലാത്ത ദിവസങ്ങളെ ഉപയോഗശൂന്യമായ ദിനങ്ങളായി കാണാൻമാത്രം വലുപ്പമുള്ളതായിരുന്നു അവളുടെ ഹൃദയം. "ഞാൻ എന്നെ മുഴുവനായും എന്റെ ദിവ്യനാഥന് ബലിവസ്തുവായി കൈയൊഴിഞ്ഞുകൊടുത്തതല്ലേ. അതുകൊണ്ട് എന്റെ നല്ല ദൈവം നല്കുന്ന ഈ കുരിശുകൾ സുമനസ്സോടെ ഞാൻ സ്വീകരിക്കേണ്ടതല്ലേ." കഷ്ടപ്പാടും വേദനയുംകൊണ്ട് രൂപപ്പെടുത്തിയെടുത്ത ഒരു ജീവിതത്തിന് ഇന്നത്തെ ലോകത്തോട് പലതും പറയാനുണ്ട്. ഇന്ന് വേദനകളിൽനിന്ന് ഓടി അകലുകയും അത്ഭുതങ്ങൾക്കുവേണ്ടി ഓടിക്കൂടുകയും ചെയ്യുന്ന ഒരു ലോകത്തെയാണ് നാം കാണുന്നത്. ഇവിടെയാണ് വി. അൽഫോൻസാമ്മ ഒരു തിരുത്തൽശക്തിയായി നില്ക്കുന്നത്. ഇന്ന് മനുഷ്യമനസ്സുകൾ സുഖസൗകര്യങ്ങളുടെ, ലോകത്തിന്റെ

ശബ്ദത്തിന് കീഴടങ്ങുകയാണ്. മനുഷ്യഹൃദയങ്ങളിൽ ദൈവത്തിന്റെ സ്വരം കേൾക്കുന്നില്ല. കേൾക്കുന്നതെല്ലാം ലോകത്തിന്റെ സ്വരമാണ്. അൽഫോൻസാമ്മ രോഗഗ്രസ്തമായ അവളുടെ ശരീരത്തിൽ ദൈവത്തെ വഹിച്ചവളായിരുന്നു.

ക്രിസ്റ്റഫർ ഡോസൺ എന്ന ദാർശനികൻ പറയുന്നു: "ആധുനികസംസ്കാരത്തിന്റെ ഏറ്റവും വലിയ ദോഷം മനുഷ്യന്റെ ആവശ്യങ്ങളെല്ലാം നിറവേറ്റിക്കൊണ്ടുള്ള ഭൗതികതയുടെ വളർച്ചയാണ്. ഇത് വെറും പരാജയമാണ്. മറ്റേതൊരു കാലഘട്ടത്തെക്കാൾ ആധുനികലോകത്തിന് ശക്തിയുണ്ട്, പക്ഷേ ആ ശക്തികളെ ജീവന്റെ നാശത്തിനുവേണ്ടിയാണ് അവൻ ഉപയോഗിക്കുന്നത്. കൂടുതൽ സമ്പത്തുണ്ട്; പക്ഷേ ഒപ്പം സാംക്രമികരോഗത്തിന് അടിമപ്പെട്ടതുപോലെയാണ്. കൂടുതൽ അറിവുണ്ട്. പക്ഷേ ആ അറിവുകൾക്കൊന്നും നമ്മെ രക്ഷിക്കാൻ കഴിവില്ലാത്തതുപോലെ തോന്നുന്നു. നമ്മുടെ ആധുനികസംസ്കാരത്തിന്റെ കുറവ് ശക്തിയുടേയോ അധികാരത്തിന്റെയോ ധനത്തിന്റെയോ അറിവിന്റെയോ അല്ല, പ്രത്യുത ആത്മീയ ഉണർവ്വിന്റെ കുറവാണ്. അത് നമ്മൾ ഉറപ്പുവരുത്തിയില്ലെങ്കിൽ മറ്റൊന്നിനും നമ്മെ രക്ഷിക്കാനാവില്ല. ശക്തവും തിളക്കമുള്ളതുമായ പല ലോകസംസ്ക്കാരങ്ങളും വീണ് ഉടഞ്ഞുപോയതിന്റെ കാരണവും മറ്റൊന്നല്ല." ഇന്ന് ആവശ്യമായിരിക്കുന്നത് ദൈവത്തിങ്കലേക്കുള്ള തിരിവാണ്. ഉപഭോഗസംസ്കാരവും സെക്കുലറിസവുംവഴി ഒരു ദൈവഗ്രഹണം സംഭവിക്കുന്നുണ്ട്. സാത്താന്റെ സ്പർശനം ഏറെപ്പേർ അനുഭവിക്കുന്നു. പരലോകചിന്തയില്ലാത്ത ജീവിതമാണ് എല്ലാ തിന്മകളുടെയും അടിത്തറ. പ്രത്യാശയുടെ ലോകത്തേക്ക് നമ്മെ ട്യൂൺ ചെയ്യാൻ അൽഫോൻസാമ്മയുടെ ആത്മീയതയ്ക്കു കഴിയും. അൽഫോൻസാമ്മയുടെ ജീവിതം നമുക്ക് ഒരു 'വിദ്യാഭ്യാസ എമർജൻസി'യായി മാറണം. നാം വിട്ടുകളഞ്ഞ മൂല്യങ്ങൾ തിരിച്ചുപിടിക്കണം. അതിന് വിശുദ്ധ സ്ത്രീകൾ നമ്മുടെ മാതൃകകളാകണം. ഉപ്പ് ഭക്ഷണത്തിന് രുചി പകരുന്നതുപോലെയും, പ്രകാശം അന്ധകാരത്തെ അകറ്റുന്നതുപോലെയും അൽഫോൻസാമ്മയുടെ ജീവിതം നമുക്ക് പ്രേരകശക്തിയാകണം. അമ്മ നമുക്കു നല്കുന്ന ഉപ്പും പ്രകാശവും ഈശോ തന്നെയാണ്, സുവിശേഷംതന്നെയാണ്.



സഭയ്ക്ക് വിശുദ്ധരെ ആവശ്യമാണ്. എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധർക്കുമാത്രമേ, ലോകത്തെ, മനുഷ്യവർഗ്ഗത്തെ നവീകരിക്കാൻ സാധിക്കുകയുള്ളൂ. ഇത് സുവിശേഷ ഹീറോയിസത്തിന്റെ വഴികളാണ്. വിശുദ്ധരുടെ സംരക്ഷണയിലായിരിക്കണം നമ്മൾ. അവരുടെ ജീവിതത്തിലൂടെയാണ് ഈശോ സുവിശേഷം തുറക്കുന്നത്. അവരുടെ ജീവിതം വായിക്കുമ്പോൾ സുവിശേഷത്തിന്റെ താളുകൾ നാം മറിക്കുകയാണ്. ചരിത്രത്തിൽ അനേകംതവണ ദൈവം ഇത് ചെയ്തു. ഇന്നും വിശുദ്ധരുടെ ജീവിതംവഴിയാണ് സുവിശേഷം വ്യാഖ്യാനിക്കപ്പെടുന്നത്. അതിന്റെ സമ്പത്ത് ലോകം മനസ്സിലാക്കുന്നത് വിശുദ്ധരിലൂടെയാണ്. നമ്മൾ ആ ജീവിതം പഠിക്കുമ്പോൾ വ്യാഖ്യാനിക്കപ്പെട്ട, വിശദീകരിക്കപ്പെട്ട സുവിശേഷങ്ങളായി മാറുകയാണ്. വിശുദ്ധരാണ് യഥാർത്ഥ നവീകരണക്കാർ. ലോകത്തിന് മാറ്റം വരുത്തുവാൻ വിശുദ്ധർക്കു മാത്രമേ കഴിയൂ. ദൈവവചനത്തിന്റെ പ്രതിധ്വനിയായിരുന്ന വി. അൽഫോൻസാമ്മയുടെ കാലികപ്രസക്തി ഇതത്രേ. നമ്മുടെ വിശ്വാസപരിശീലനത്തിന്റെ ഗ്രാമറായും മിഷനറി ചൈതന്യത്തിന്റെ ജ്വാലയായും അൽഫോൻസാമ്മയുടെ മാതൃക സ്വീകരിക്കണം. നമ്മുടെ എല്ലാ തിരുനാളാഘോഷങ്ങളും അൽഫോൻസാമ്മയുടെ തിരുനാൾപോലെ പുനഃപ്രതിഷ്ഠിക്കുകയാണ് ആദ്യമേ ചെയ്യേണ്ടത്. ആത്മീയ പ്രധാന്യമില്ലാത്ത ഒരു തിരുനാളിനും അർത്ഥമില്ല. ദൈവത്തിന്റ സ്വരം കേൾക്കാൻ പാടില്ലാത്തവിധത്തിൽ ഒച്ചപ്പാടുകൾകൊണ്ട് സ്വയം ചെകിടന്മാരാക്കി ആഘോഷങ്ങൾ നടത്തുന്ന നമുക്ക്, അൽഫോൻസാതിരുനാൾ ഒരു ഉണർത്തുപാട്ടായി നില്ക്കണം. വിശുദ്ധ സ്ത്രീകളുടെ മിശിഹാനുഭവം നമ്മുടെ ആത്മീയതയുടെ സ്ഥിരനിക്ഷേപമായിരിക്കട്ടെ.




## ഉത്ഥിതനായ മിശിഹായും മഗ്ദലേനമറിയവും

**(തിരുവചനഭാഗം: യോഹ 20,11-18)**

ഉത്ഥിതനായ മിശിഹായുടെ മൂന്നു പ്രത്യക്ഷീകരണങ്ങളാണ് യോഹന്നാൻ സുവിശേഷകൻ 20-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തുന്നത്: 1. മഗ്ദലേനമറിയത്തിന്, 2. ശിഷ്യന്മാർക്ക്, 3. തോമ്മാശ്ലീഹായ്ക്ക്. ഇവയിൽ ആദ്യത്തേതാണ് ഇപ്പോൾ നാം ധ്യാനവിഷയമാക്കുക. പ്രത്യക്ഷീകരണങ്ങൾ ഉത്ഥാനത്തിന്റെ വ്യതിരിക്തതയെ വ്യക്തമാക്കുന്നവയാണ്. ഈലോകജീവിതത്തിൽനിന്നും തികച്ചും വ്യത്യസ്തമാണ് ഉത്ഥാനാനന്തരജീവിതം എന്നതാണ് പ്രത്യക്ഷീകരണങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. ഉത്ഥിതനെ തൽക്ഷണം തിരിച്ചറിയുവാൻ കഴിയാതെ പോകുന്നത് ഇതിന്റെ സൂചനയാണ്. മഗ്ദലേനമറിയം ഒരു തോട്ടക്കാരനായിട്ടാണ് ഈശോയെ കാണുന്നതെങ്കിൽ, എമ്മാവൂസിലേക്കു പോയ ശിഷ്യർക്ക് ഒരു വഴിപോക്കനായിട്ടാണ് ഈശോ പ്രത്യക്ഷപ്പെട്ടത് (ലൂക്കാ 24,13-35). അതുപോലെതന്നെ ഉത്ഥാനാനുഭവത്തിന്റെ വ്യത്യസ്തവശങ്ങളാണ് പ്രത്യക്ഷീകരണങ്ങൾ വ്യക്തമാക്കുന്നത്. ഉത്ഥിതനെ കണ്ടുമുട്ടുക എന്നത് വെറും സ്വാഭാവികമായ, മാനുഷികമായ, ഒരു പ്രതിഭാസമല്ലെന്നും, അത് ഒരു വിശ്വാസാനുഭവമാണെന്നും ഇത് സൂചിപ്പിക്കുന്നു. ഉത്ഥിതന്റെ ഒരു വാക്കോ അല്ലെങ്കിൽ ഒരു പ്രവൃത്തിയോ ആണ് ഈ തിരിച്ചറിവിന് സഹായകമാകുന്നത്. ഈശോ മരിച്ച് മൺമറഞ്ഞുപോയ വ്യക്തിയല്ല, മറിച്ച്, ഇന്നും എന്നും ജീവിക്കുന്നവനാണ് എന്ന യാഥാർത്ഥ്യവും ഈ പ്രത്യക്ഷീകരണ വിവരണങ്ങൾ വ്യക്തമാക്കുന്നു: "പീഡാനുഭവത്തിനുശേഷം നാൽപതു ദിവസത്തേക്ക് ഈശോ അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിച്ചു. അങ്ങനെ അവൻ അവർക്ക് വേണ്ടത്ര തെളിവുകൾ നല്കിക്കൊണ്ട്, ജീവിക്കുന്നവനായി പ്രത്യക്ഷപ്പെട്ടു" (നട.1,3).

### 1. പുരോഹിതൻ: മിശിഹായെ തേടുന്നവൻ

*"ഈശോ അവളോടു ചോദിച്ചു: സ്ത്രീയേ, എന്തിനാണു നീ കരയുന്നത്? നീ ആരെയാണ് അന്വേഷിക്കുന്നത്? അതു തോട്ടക്കാരനാണെന്നു വിചാരിച്ച് അവൾ പറഞ്ഞു: പ്രഭോ, അങ്ങ് അവനെ എടുത്തുകൊണ്ടുപോയെങ്കിൽ, എവിടെ വച്ചുവെന്ന് എന്നോടു പറയുക. ഞാൻ അവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം"* (വാക്യം 15).

മഗ്ദലേനമറിയത്തിന് ഈശോയോടുള്ള സ്നേഹബന്ധം പ്രകടമാക്കുന്ന പല സൂചനകൾ ഈ ഉത്ഥാനവിവരണത്തിൽ കാണാം. അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ അവൾ ശവകുടീരത്തിന്റെ സമീപത്തേക്കു വരുന്നു (വാക്യം 1). ശവകുടീരത്തിന്റെ കല്ല് മാറ്റപ്പെട്ടിരിക്കുന്നതായി കണ്ടപ്പോൾ ഉടനെ ശിഷ്യരുടെ അടുക്കൽ ഓടിയെത്തി കർത്താവിനെ അവർ കല്ലറയിൽനിന്നു മാറ്റിയിരിക്കുന്നു എന്നു പറയുന്നു (വാക്യം 3). കർത്താവിനെ കാണാത്തതിന്റെ ദുഃഖത്തിൽ കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടു നില്ക്കുന്നു (വാക്യം 11). "നീ എന്തിനാണു കരയുന്നത്?" എന്ന് ദൂതന്മാർ ചോദിച്ചപ്പോൾ "എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി" എന്ന് മറുപടി പറയുന്നു (വാക്യം 12). തോട്ടക്കാരനാണെന്നു കരുതി ഈശോയോട്, "എവിടെ വച്ചുവെന്ന് എന്നോടു

പറയുക. ഞാൻ അവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം" (വാക്യം 15) എന്ന് അവൾ പറയുന്നു. ഈ വാക്കുകളെല്ലാം മഗ്ദലേനമറിയത്തിന് ഈശോയോടുള്ള അതിയായ സ്നേഹത്തെ എടുത്തുകാണിക്കുന്നവയാണ്. പാട്ടുകളുടെ പാട്ടിൽ മണവാട്ടി മണവാളനെ തേടുന്ന വാക്കുകളെ അനുസ്മരിപ്പിക്കുന്ന ഒരു വിവരണമാണിത്: "എന്റെ പ്രാണപ്രിയനെ രാത്രിയിൽ ഞാൻ കിടക്കയിൽ അന്വേഷിച്ചു. ഞാനവനെ അന്വേഷിച്ചു, കണ്ടില്ല. ... ഞാൻ അവനെ പിടിച്ചു. എന്റെ അമ്മയുടെ ഭവനത്തിലേക്കു ... കൊണ്ടുവരാതെ അവനെ ഞാൻ വിടില്ല" (ഉത്തമഗീതം 3,1-4). സ്നേഹത്തിന്റെ തീവ്രതയിൽ ഈശോയെ തേടുന്ന മഗ്ദലേനമറിയത്തെയാണ് ഇവിടെ കാണുക.

യോഹന്നാൻശ്ലീഹായുടെ കാഴ്ചപ്പാടിൽ ഗുരുവിനെ തേടുന്നവനാണ് ശിഷ്യൻ. ശിഷ്യത്വത്തിലേയ്ക്കുള്ള വിളി അവതരിപ്പിക്കുമ്പോൾ അദ്ദേഹം ഇത് വ്യക്തമായി പറയുന്നുണ്ട്. ആദ്യശിഷ്യർ ഈശോയെ അനുഗമിക്കുന്ന സന്ദർഭം യോഹന്നാൻശ്ലീഹാ ഇങ്ങനെയാണ് വിവരിക്കുന്നത്: "ഈശോ തിരിഞ്ഞ് അവർ തന്റെ പിന്നാലെ വരുന്നതു കണ്ട്, ചോദിച്ചു: നിങ്ങൾ എന്തന്വേഷിക്കുന്നു? അവർ ചോദിച്ചു: റബ്ബീ-ഗുരു എന്നാണ് ഇതിനർത്ഥം- അങ്ങ് എവിടെയാണ് വസിക്കുന്നത്?" (യോഹ 1,38). ഗുരുവിനെ തേടുന്നവനും ഗുരുവിനോടൊത്ത് വസിക്കുവാൻ വെമ്പൽകൊള്ളുന്നവനുമാണ് ശിഷ്യൻ. പഴയനിയമത്തിൽ ഉത്തമഗീതം അവതരിപ്പിക്കുന്ന മണവാട്ടി ഇസ്രായേലിനെയും മണവാളൻ ദൈവത്തെയും പ്രതിനിധീകരിക്കുന്നു. പഴയനിയമദൈവജനമായ ഇസ്രായേൽ ദൈവത്തെ തേടുന്ന ഒരു ജനതയായിരുന്നെങ്കിൽ പുതിയനിയമദൈവജനമായ സഭ എത്രമാത്രം മിശിഹായെയും, മിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തെയും തേടുന്നവളായിരിക്കണം? പുതിയനിയമപുരോഹിതർ ഉത്ഥിതനായ മിശിഹായോട് അടുത്ത സ്നേഹബന്ധം പുലർത്തേണ്ടവരാണ്. കാരണം പുതിയനിയമ പൗരോഹിത്യം ഒന്നേയുള്ളു. പുതിയനിയമപുരോഹിതനും ഒന്നേയുള്ളു-ഉത്ഥിതനായ മിശിഹാ. പുതിയനിയമപുരോഹിതരെല്ലാം മഗ്ദലേനമറിയത്തെപ്പോലെ മിശിഹായോട് ആഴമായ സ്നേഹബന്ധം പുലർത്തുകയും മിശിഹായെ നിരന്തരം തേടുകയും ചെയ്യുന്നവരായിരിക്കണം.



**2. പുരോഹിതൻ: ഉത്ഥിതനിൽ വിശ്വസിക്കുന്നവൻ**

*"ഈശോ അവളെ വിളിച്ചു: മറിയം! അവൾ തിരിഞ്ഞ് റബ്ബോനി എന്ന് ഹെബ്രായഭാഷയിൽ വിളിച്ചു-ഗുരു എന്നർത്ഥം"* (വാക്യം 16).

ഈശോ മഗ്ദലേനമറിയത്തെ പേരു വിളിച്ച് സംബോധന ചെയ്തപ്പോൾ അവൾ ഈശോയെ തിരിച്ചറിഞ്ഞു പക്ഷേ, 'റബ്ബോനി' അഥവാ 'ഗുരു' എന്നാണ് അവൾ ഈശോയെ അഭിസംബോധന ചെയ്യുന്നത്. ഈശോ ആയിരിക്കുന്നതുപോലെ അവിടുത്തെ തിരിച്ചറിയാനും അവിടുത്തോട് ബന്ധപ്പെടുവാനും അവൾക്കു കഴിഞ്ഞില്ല എന്ന് ഇവിടെ സൂചനയുണ്ട്. ജീവിതകാലത്ത് ഈശോയുമായി അവൾ ഗുരുശിഷ്യബന്ധം പുലർത്തിയിരുന്നു. ഈശോ ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ പുലർത്തിയിരുന്നതുപോലെയുള്ള ബന്ധം ഇനിയും തുടരാവുന്ന രീതിയിൽ അവിടുന്നു തിരിച്ചുവന്നു എന്ന് അവൾ വിചാരിച്ചു. ഈ തെറ്റിദ്ധാരണയെ തിരുത്തണമെന്ന് അവളോട് ഈശോ ആവശ്യപ്പെടുന്നതായി അടുത്ത വാചകത്തിൽ സൂചനയുണ്ട്. ഇന്ന് ക്രൈസ്തവരിൽ പലരും ഈ വിധത്തിൽ ഈശോയുമായി ബന്ധം പുലർത്തുന്നുണ്ട്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ജീവിച്ച് ക്രിസ്തീയആദർശങ്ങൾ പ്രസംഗിച്ച്, ക്രിസ്തുമതത്തിന് അടിസ്ഥാനമിട്ട ഒരു മതസ്ഥാപകനായി മാത്രം ഈശോയെ കാണുകയും ഈശോ ഉയർത്തിക്കാട്ടിയ ആദർശങ്ങൾക്കനുസൃതമായി ക്രിസ്തീയജീവിതം നയിച്ചുകൊണ്ട് അവിടുത്തോട് ബന്ധപ്പെട്ട് ജീവിക്കാൻ പലരും ശ്രമിക്കുന്നുണ്ട്. ഓർമ്മയിലൂടെയും ഭാവനയിലൂടെയും വികാരവിചാരങ്ങളിലൂടെയും മിശിഹായെ ഉയിർപ്പിച്ച് അവിടുന്നുമായി ബന്ധം പുലർത്തി വെറും മതപരമായ ഒരു ജീവിതമായി ക്രിസ്തീയജീവിതത്തെ കാണുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നവർ ഇന്നുമുണ്ട്. ഇത് ക്രിസ്തീയജീവിതത്തോട് നീതി പുലർത്തുന്ന ഒരു ജീവിതമല്ല.

ഈശോയെ വെറും ഒരു ചരിത്രപുരുഷനായി കണ്ട് ഈശോയുമായി ബന്ധം പുലർത്തുവാനുള്ള സാദ്ധ്യത പുരോഹിതരിലും ഉണ്ടാകാം. പുരോഹിതശുശ്രൂഷകളെല്ലാം വെറും മതപരമായ ആചാ

രങ്ങളും അനുഷ്ഠാനങ്ങളുമായി നിർവ്വഹിക്കുവാൻ ഇടയാകുന്നെങ്കിൽ ആ പുരോഹിതജീവിതത്തിൽ ഇതുതന്നെയാണ് സംഭവിക്കുന്നത്. ഈശോ യഥാർത്ഥത്തിൽ ഇന്നായിരിക്കുന്നതുപോലെ ഉത്ഥിതനായ മിശിഹായിലാണ് എല്ലാ ക്രൈസ്തവരും, പ്രത്യേകിച്ച് പുരോഹിതരും വിശ്വസിക്കേണ്ടത്. ഉത്ഥിതനായ മിശിഹായോടാണ് നാം ബന്ധപ്പെടേണ്ടത്. ഉത്ഥിതനായ മിശിഹായിലേയ്ക്കാണ് നമ്മുടെ കണ്ണുകൾ തുറക്കേണ്ടത്. മഗ്ദലേനമറിയത്തിന്റെ കണ്ണുകൾ ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞു എന്നു പറയുന്ന ബൈബിൾ പണ്ഡിതരുമുണ്ട്. അതിന്റെ സൂചനയായി അവർ എടുത്തുകാണിക്കുന്നത് അവൾ ഈശോയെ 'കർത്താവ്' എന്നു വിശേഷിപ്പിക്കുന്നു എന്നതാണ് (യോഹ 20,3.12). തോട്ടക്കാരനാണെന്നു കരുതി "എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി" എന്ന് ഈശോയോട് പറയുന്നത് അവളുടെ മിശിഹാനുഭവത്തിന്റെ അടയാളമായി പലരും കണക്കാക്കുന്നുണ്ട്. തോമ്മാശ്ലീഹായും "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നാണല്ലോ ഏറ്റുപറഞ്ഞത്. ഈശോയെ കർത്താവായി ഏറ്റുപറയുന്നത് ക്രിസ്തീയവിശ്വാസത്തിന്റെ അന്തഃസ്സത്തയായി കണക്കാക്കപ്പെടുന്നുണ്ട് (1 കൊറി 12,3). മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന പുരോഹിതൻ ഈ മിശിഹാനുഭവം സ്വായത്തമാക്കിയിരിക്കണം.

### 3. പുരോഹിതൻ: വചനത്തിലൂടെ ഈശോയെ തിരിച്ചറിയേണ്ടവൻ

മറിയം മഗ്ദലേന ഉത്ഥിതനായ ഈശോയെ തിരിച്ചറിഞ്ഞത് അവിടുത്തെ വചനത്തിലൂടെയാണ്. ഉത്ഥിതനായ ഈശോയെ നേരിട്ടുകണ്ട് തിരിച്ചറിയുവാൻ ആർക്കും സാദ്ധ്യമല്ല. കാരണം, ബാഹ്യമായ കണ്ണുകൾക്ക് അഗോചരമാണ് ഉത്ഥിതശരീരം. അതുകൊണ്ട് വിശ്വാസത്തിന്റെ കണ്ണുകളിലൂടെ മാത്രമേ ഉത്ഥിതനെ തിരിച്ചറിയാൻ കഴിയൂ. അങ്ങനെ തിരിച്ചറിയുവാൻ അടയാളങ്ങൾ വേണം. അരൂപിയായ ദൈവവുമായി ബന്ധപ്പെടാൻ മനുഷ്യന് അടയാളങ്ങൾ അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് ജീവാത്മാവായി മാറിയ ഉത്ഥിതനെ തിരിച്ചറിയാനും അടയാളങ്ങൾ വേണം. ദൈവവുമായി ബന്ധപ്പെടാൻ അവിടുന്ന് മനുഷ്യന് കല്പിച്ചരുളിയ മാദ്ധ്യമമാണ് അവിടുത്തെ വചനം. ഇവിടെ ഉത്ഥിതന്റെ വചനം മറിയത്തിന് ഉത്ഥിതനെ തിരിച്ചറിയുവാൻ മാദ്ധ്യമമായിത്തീരുന്നു. പുരോഹിതൻ വചനപ്രഘോഷകനാണ്. പുരോഹിതന്റെ പ്രഥമദൗത്യം വചനപ്രഘോഷണംതന്നെയാണ്. ആകയാൽ പുരോഹിതൻ വചനത്തിലൂടെ ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടുന്നവനും, അങ്ങനെ മിശിഹായെ കണ്ടുമുട്ടുവാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നവനുമാകണം. എമ്മാവൂസിലേക്കുപോയ ശിഷ്യരോടൊപ്പം നടന്ന് വി. ലിഖിതങ്ങൾ വിശദീകരിച്ച് അവർക്ക് സ്വയം വെളിപ്പെടുത്തിയ ഉത്ഥിതനായ മിശിഹാ ഇന്നും പരി. കുർബാനയിൽ വിശുദ്ധലിഖിതങ്ങൾ വായിക്കുമ്പോൾ അവിടെ സന്നിഹിതനായി സംസാരിക്കുന്നുണ്ട്. വിശ്വാസത്തോടെ വചനശുശ്രൂഷയിൽ പങ്കുചേരുന്നവർക്ക് അതിലൂടെ ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടാനാവും. പുരോഹിതൻ വിശ്വാസപൂർവ്വം വചനശുശ്രൂഷ നിർവ്വഹിച്ച് ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടാൻ പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു.

മറിയത്തെ പേരു വിളിച്ച് സ്വയം വെളിപ്പെടുത്തിയ ഈശോ മറ്റൊരു വസ്തുതകൂടി നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. നല്ല ഇടയൻ തന്റെ ആടുകളെ പേരുചൊല്ലി വിളിക്കുകയും അങ്ങനെ ആടുകൾ ഇടയനെ തിരിച്ചറിയുകയും ചെയ്യുന്നു. താൻ നല്ല ഇടയനാകുന്നു എന്ന് അനുസ്മരിപ്പിച്ചുകൊണ്ട് ഈശോ പറയുന്നു: "ആടുകൾ അവന്റെ സ്വരം കേൾക്കുന്നു. അവൻ തന്റെ ആടുകളെ പേരുചൊല്ലി വിളിക്കുകയും പുറത്തേക്കു നയിക്കുകയും ചെയ്യുന്നു" (യോഹ 10,3). അവിടുന്ന് വീണ്ടും പറയുന്നു: "എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു" (യോഹ 10,27). ഇടയനും ആടുകളും തമ്മിലുള്ള ബന്ധമാണ് പരസ്പരം അറിയുവാൻ സഹായിക്കുന്നത്. അജപാലനശുശ്രൂഷയിൽ ഏർപ്പെടുന്ന പുരോഹിതൻ തന്റെ ശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെടുന്നവരുമായി നല്ല ബന്ധം സ്ഥാപിക്കാൻ കടപ്പെട്ടിരിക്കുന്നു. ദൈവജനവുമായി നല്ല ബന്ധം സ്ഥാപിക്കുന്ന പുരോഹിതൻ ദൈവജനമദ്ധ്യേ നല്ല ഇടയനായ ഈശോയുടെ സാന്നിദ്ധ്യമാണ് സന്നിഹിതമാക്കുന്നത്. അതിലൂടെ അവർക്ക് ഉത്ഥി

തനായ മിശിഹായെ തിരിച്ചറിയുവാൻ അവസരം ഒരുക്കുകയാണ്. എല്ലാ പുരോഹിതരും തങ്ങളുടെ അജപാലനശുശ്രൂഷയിലൂടെ നല്ല ഇടയനായ, ജീവിക്കുന്ന, മിശിഹായുടെ സാന്നിദ്ധ്യം ലോകത്തിനു വെളിപ്പെടുത്തുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

**4. പുരോഹിതൻ: മിശിഹായിൽ ജീവിക്കുന്നവൻ**

*"ഈശോ പറഞ്ഞു: നീ എന്നെ തടഞ്ഞുനിർത്താതിരിക്കുക. എന്തെന്നാൽ ഞാൻ പിതാവിന്റെ അടുത്തേക്ക് ഇതുവരെയും കയറിയിട്ടില്ല. നീ എന്റെ സഹോദരന്മാരുടെ അടുത്തുചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുക്കലേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക"* (വാക്യം 17).

"നീ എന്നെ തടഞ്ഞുനിർത്താതിരിക്കുക" എന്നു വിവർത്തനം ചെയ്തിരിക്കുന്ന വാക്കിന്റെ മൂലാർത്ഥം പരിശോധിക്കുമ്പോൾ "നീ ഇവിടെ തങ്ങി നില്ക്കരുത്" എന്ന സൂചനയാണുള്ളത്. താൻ വീണ്ടും പഴയജീവിതത്തിലേക്ക് തിരിച്ചുവന്നു എന്ന ധാരണയോടെ അവിടെ തങ്ങി നില്ക്കുന്നതിനു പകരം തന്റെ മഹത്ത്വീകരണത്തിലേയ്ക്ക് അവളുടെ ശ്രദ്ധയെ ഈശോ തിരിക്കുകയാണ്. ഉത്ഥാനവും സ്വർഗ്ഗാരോഹണവും ചേർന്നാണ് ഈശോയുടെ മഹത്ത്വീകരണം യാഥാർത്ഥ്യമാവുക. താൻ മുമ്പുണ്ടായിരുന്ന ലൗകികമായ അവസ്ഥയിൽനിന്നും മാറിയെന്നും താനിപ്പോൾ മഹത്ത്വീകരിക്കപ്പെട്ട അവസ്ഥയിലാണെന്നും ഈശോ മറിയത്തെ അനുസ്മരിപ്പിക്കുകയാണ്. ഈ വസ്തുത അവൾ മനസ്സിലാക്കുക മാത്രമല്ല, അത് ശിഷ്യരെ അറിയിക്കുവാൻ നിയോഗിക്കപ്പെടുകയും ചെയ്യുകയാണ്. യോഹന്നാൻശ്ലീഹായുടെ കാഴ്ചപ്പാടിൽ മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും മഹത്ത്വീകരണമെന്ന ഒരു സംഭവത്തിന്റെ വിവിധവശങ്ങൾ മാത്രമാണ്. താൻ ജീവിച്ചിരിക്കുന്നുവെന്ന ബോദ്ധ്യം ശിഷ്യർക്കു നല്കുന്നതിന് ഉത്ഥാനശേഷം നാല്പതു ദിവസത്തേക്ക് ഈശോ ശ്രമിച്ചുവെന്നു മാത്രം (നട 1,3). അതുകൊണ്ട് നാല്പതുദിവസം കഴിഞ്ഞാണ് ഈശോ മഹത്ത്വീകരിക്കപ്പെട്ടത് എന്നർത്ഥമില്ല. മഹത്ത്വീകൃതനായ ഈശോ ആ സദ്വാർത്ത അറിയിച്ചുവെന്നു മാത്രം.



'മഹത്ത്വീകരണം' എന്നു പറയുമ്പോൾ ഉത്ഥാനവും സ്വർഗ്ഗാരോഹണവും മാത്രമല്ല, പന്തക്കുസ്താനുഭവവും ഉൾക്കൊള്ളുന്നുണ്ട്. കാരണം യോഹന്നാൻസുവിശേഷകന്റെ വീക്ഷണത്തിൽ പന്തക്കുസ്തായും ഈശോയുടെ മഹത്ത്വീകരണവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നവയാണ്. കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ ഈശോ ജീവജലത്തെക്കുറിച്ച് അരുളിച്ചെയ്ത വാക്കുകൾ യോഹന്നാൻശ്ലീഹാ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്: "അവൻ ഇതു പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെയും ആത്മാവ് നല്കപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ ഈശോ അതുവരെയും മഹത്ത്വീകരിക്കപ്പെട്ടിരുന്നില്ല" (യോഹ 7,39). ഈശോയുടെ മഹത്ത്വീകരണത്തോടുകൂടി പരിശുദ്ധാത്മാവ് നല്കപ്പെട്ടു കഴിഞ്ഞു. മിശിഹായുടെ ഉത്ഥാനാനുഭവവും പരിശുദ്ധാത്മാനുഭവവും ഒന്നുതന്നെയാണ്. മിശിഹായുടെ ഉത്ഥാനത്തോടുകൂടി പരിശുദ്ധാത്മാവ് മിശിഹായുടെ ആത്മാവായി മാറി. 'യോഹന്നാന്റെ പന്തക്കുസ്താ' ഇത് സൂചിപ്പിക്കുന്നുണ്ട്. ഈശോ ശിഷ്യരുടെമേൽ നിശ്വസിച്ചുകൊണ്ടാണ് അവർക്ക് പരിശുദ്ധാത്മാവിനെ നല്കുന്നത് (യോഹ 20,22). മറിയത്തോട് ഈശോ പറഞ്ഞ വാക്കുകളിലും ഈ സൂചനയുണ്ട്. ഇവിടെ ആദ്യമായി ഈശോ തന്റെ പിതാവ് ശിഷ്യരുടെ പിതാവാണെന്നും, ശിഷ്യർ തന്റെ സഹോദരന്മാരാണെന്നും പ്രഖ്യാപിക്കുന്നു. ദൈവപുത്രനായ മിശിഹായുടെ അരൂപിയിലൂടെയാണല്ലോ നാം അവിടുത്തെ പുത്രത്വത്തിൽ പങ്കുചേരുന്നതും അവിടുത്തെ സഹോദരന്മാരായിത്തീരുന്നതും. ശ്ലൈഹികപിന്തുടർച്ചയുള്ള പുരോഹിതൻ ഉത്ഥിതനായ മിശിഹായുടെ അരൂപിയിൽ ജീവിക്കുവാൻ പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നു.

**5. പുരോഹിതൻ: ഉത്ഥാനാനുഭവം പങ്കുവയ്ക്കുന്നവൻ**

*"മഗ്ദലേനാ മറിയം ചെന്ന് ഞാൻ കർത്താവിനെ കണ്ടു എന്നും അവൻ ഇക്കാര്യങ്ങൾ തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാരെ അറിയിച്ചു"* (വാക്യം 18).

'കർത്താവിനെ കണ്ടു' എന്നു പറയുന്നത് ഉത്ഥിതനായ മിശിഹായെ അനുഭവിച്ചറിഞ്ഞു എന്നതിന്റെ അടയാളമാണ്. 'കർത്താവ്'

എന്നതിന്റെ ഗ്രീക്കുപദം 'കീരിയോസ്' എന്നാണ്. ഇത് ഹെബ്രായ ഭാഷയിലുള്ള പഴയനിയമഗ്രന്ഥങ്ങളിൽ 'യാഹ്വെ' എന്നതിന്റെ ഗ്രീക്കു വിവർത്തനമാണ്. പഴയനിയമത്തിൽ ഇസ്രായേൽജനം ദൈവത്തിന് നല്കിയിരുന്ന സംബോധനയാണ് ഇവിടെ ഉത്ഥിതനായ ഈശോയ്ക്കു നല്കുന്നത്. വി. തോമ്മാശ്ലീഹാ തന്റെ ഏറ്റം വലിയ വിശ്വാസപ്രഖ്യാപനമായി ഏറ്റുപറഞ്ഞതും "എന്റെ കർത്താവും എന്റെ ദൈവവും" എന്നാണല്ലോ. ഉത്ഥിതനായ മിശിഹായെ കർത്താവും ദൈവവുമായി ഏറ്റുപറയുന്നതാണ് സഭയുടെ ഏറ്റവും വലിയ വിശ്വാസപ്രഖ്യാപനം. അതാണ് മഗ്ദലേനാമറിയം നടത്തുന്നത്. ഇതുതന്നെയാണ് പിന്നീട് ശിഷ്യന്മാരും പറയുന്നത്: "ഞങ്ങൾ കർത്താവിനെ കണ്ടു" (യോഹ 20,25). ഉത്ഥാനാനുഭവം പങ്കുവയ്ക്കുക എന്നതാണ് ശ്ലൈഹികദൗത്യം നിർവ്വഹിക്കുന്ന പുരോഹിതന്റെയും ധർമ്മം. ഈശോയുടെ പുനരുത്ഥാനത്തിന് സാക്ഷ്യംവഹിക്കുക എന്നതാണല്ലോ ശ്ലീഹന്മാരുടെ അടിസ്ഥാനപരമായ ദൗത്യം (നട 1,21).

മിശിഹായുടെ പുനരുത്ഥാനത്തിനു സാക്ഷിയാകണമെങ്കിൽ ഉത്ഥിതനായ മിശിഹായെ പുരോഹിതൻ അനുഭവിച്ചറിയണം. ഇന്ന് ഇത് സാദ്ധ്യമായിത്തീരുന്നത് പ്രധാനമായും വചനത്തിലൂടെയും കൂദാശകളിലൂടെയുമാണ്. പുതിയനിയമവിവരണങ്ങളിൽ ഉത്ഥിതൻ പ്രത്യക്ഷപ്പെടുമ്പോഴെല്ലാം തിരിച്ചറിയൽ നടക്കുന്നത് വചനത്തിലൂടെയോ അപ്പംമുറിയ്ക്കലിലൂടെയോ ആണ് (യോഹ 20,11-18; ലൂക്കാ 24,13-35; നട 1,3-4). താൻ പരികർമ്മം ചെയ്യുന്ന വചനശുശ്രൂഷയിലും കൂദാശാശുശ്രൂഷയിലും ഉത്ഥിതന്റെ സാന്നിദ്ധ്യം തിരിച്ചറിയാൻ പുരോഹിതനു കഴിയണം. ഉറച്ച വിശ്വാസത്തോടും തികഞ്ഞ സ്നേഹത്തോടുംകൂടെ ഇവ പരികർമ്മം ചെയ്തെങ്കിൽ മാത്രമേ ഇവയിലൂടെ പുരോഹിതൻ മിശിഹാനുഭവത്തിൽ വളരുകയുള്ളു. ഈ മിശിഹാനുഭവമാണ് പുരോഹിതൻ മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ടത്. അതോടൊപ്പം ഈ മിശിഹാനുഭവം നുകരാൻ പുരോഹിതൻ ജനങ്ങളെ സജ്ജരാക്കുകയും ചെയ്യണം. ലിറ്റർജിക്കൽ കാറ്റക്കേസിസ് നല്കുകയും, വചനശുശ്രൂഷയിലും കൂദാശാശുശ്രൂഷയിലും സജീവമായി പങ്കുചേരുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകും ചെയ്യണം. അങ്ങനെ മിശിഹായുടെ ഉത്ഥാനത്തിനു സാക്ഷ്യംവഹിക്കുന്ന ഒരു സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ പുരോഹിതൻ പരിശ്രമിക്കണം.



**ജീവിതസൂചിക**

1. ഉത്ഥിതനായ മിശിഹായോട് ആഴമായ സ്നേഹബന്ധം പുലർത്തുവാനും, മിശിഹായെ നിരന്തരം തേടുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
2. ഉത്ഥിതനായ മിശിഹായിലേക്ക് എന്റെ വിശ്വാസത്തിന്റെ കണ്ണുകൾ എത്രമാത്രം തുറക്കപ്പെട്ടിട്ടുണ്ട്?
3. വചനശുശ്രൂഷയിലൂടെ ഉത്ഥിതനെ തിരിച്ചറിയാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?
4. ഉത്ഥിതനായ മിശിഹായുടെ അരൂപിയിൽ ജീവിക്കാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. വചനശുശ്രൂഷയിലൂടെയും കൂദാശാശുശ്രൂഷയിലൂടെയും ഉത്ഥിതനായ മിശിഹായെ അനുഭവിച്ചറിയാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു? അതിനു ഞാൻ മറ്റുള്ളവരെ എങ്ങനെ പരിശീലിപ്പിക്കുന്നു?




# വിശ്വാസപരിശീലനരംഗം

## 1. 12-ാം ക്ലാസ്സിലെ മികച്ച കുട്ടികളുടെ തെരഞ്ഞെടുപ്പ്

12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് ഈ വർഷം മുതൽ സഭാതലസ്കോളർഷിപ്പുകൾ നല്കാൻ തീരുമാനിച്ചിട്ടുള്ള വിവരം അറിയിച്ചിരുന്നുവല്ലോ. അതിന്റെ പ്രാരംഭഘട്ടമായി ആ ഇടവകയിലെ മികച്ച രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും തിരഞ്ഞെടുക്കുവാൻ ഒരു ഫോറം ഓരോ കുട്ടിക്കും നല്കിയിരുന്നു. അതിന്റെ വെളിച്ചത്തിൽ ബഹു. വികാരിയച്ചനും അധ്യാപകരും ചേർന്ന് തിരഞ്ഞെടുത്തിരിക്കുന്ന കുട്ടികൾക്ക് അടുത്ത ഘട്ടത്തിലുള്ള തിരഞ്ഞെടുപ്പ് സെമിനാർ താഴെപ്പറയുന്ന തീയതികളിൽ നല്കുന്നതാണ്. നാലുപേരെയും അന്നു പൂരിപ്പിച്ച ഫോറം സഹിതം ഉച്ചകഴിഞ്ഞ് 1.30-ന് നിശ്ചിതകേന്ദ്രങ്ങളിൽ എത്തക്കത്ത വിധം പറഞ്ഞയയ്ക്കണമെന്ന് താല്പര്യപ്പെടുന്നു. രണ്ടു ഫൊറോനാകൾ ഒന്നിച്ച് നടത്തുന്നിടത്ത് എട്ടുപേരെയും അല്ലാത്തിടത്ത് നാലുപേരെയും അന്നേദിവസം തിരഞ്ഞെടുക്കും. അവർക്ക് പിന്നീട് രൂപതാതല പരിശീലനം നല്കുന്നതാണ്. ദയവായി ഇക്കാര്യം മറക്കരുത്.

ഒക്ടോബർ 2 - അരുവിത്തുറ, തുടങ്ങനാട് (മൂലമറ്റവും തുടങ്ങനാട്ടു വച്ച്)
ഒക്ടോബർ 16 - ഭരണങ്ങാനം, പൂഞ്ഞാർ (തീക്കോയി പൂഞ്ഞാറിൽ വച്ച്)
ഒക്ടോബർ 23 - ചേർപ്പുങ്കൽ, കോതനല്ലൂർ (മുട്ടുചിറ കോതനല്ലൂരിൽ വച്ച്)
ഒക്ടോബർ 30 - ഇലഞ്ഞി, രാമപുരം, കുറവിലങ്ങാട്
സെപ്റ്റംബർ 11 ന് പാലാ മേഖലയുടെ തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു.

## 2. മാതൃകാദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നു

ദിവംഗതനായ ബഹു. സെബാസ്റ്റ്യൻ നടയ്ക്കലച്ചന്റെ ഓർമ്മ നിലനിർത്തുവാനും അദ്ദേഹം ചെയ്ത മഹത്തായ സേവനങ്ങളെ അനുസ്മരിക്കുവാനുമായി ഓരോ വർഷവും പാലാ രൂപതയിൽ ഏറ്റം നന്നായി പ്രവർത്തിക്കുന്ന ഒരു മതാദ്ധ്യാപകന്/മതാദ്ധ്യാപികയ്ക്ക് പതിനായിരം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തിപത്രവും നല്കിവരുന്നുണ്ടല്ലോ. അച്ചന്റെ സഹോദരൻ ഫാ. വർഗ്ഗീസ് നടയ്ക്കൽ എം.എസ്.ടി. ആണ് പ്രസ്തുത എൻഡോവ്മെന്റ് ഏർപ്പെടുത്തിയിരിക്കുന്നത്. ഇടവകയിൽ അവാർഡിനർഹരായ മാതൃകാദ്ധ്യാപകരുള്ളപക്ഷം നിശ്ചിത ഫോറം ഒക്ടോബർ 25-നു മുമ്പായി ബഹു. വികാരിയച്ചനും ഹെഡ്മാസ്റ്ററും ചേർന്ന് പൂരിപ്പിച്ച് രൂപതാവിശ്വാസപരിശീലനകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. അദ്ധ്യാപകരിൽ ഹെഡ്മാസ്റ്ററും ഉൾപ്പെടുന്നുണ്ട്. സി.റ്റി.പി. യും മിനിമം പത്തു വർഷത്തെ സർവ്വീസും ഉള്ള അദ്ധ്യാപകരെ മാത്രമേ അവാർഡിനായി പരിഗണിക്കുകയുള്ളൂ. ആരെയെങ്കിലും പരിഗണിക്കാനുണ്ടെങ്കിൽ ഒരാളുടെമാത്രം വിവരങ്ങൾ പൂരിപ്പിക്കുക. ഇതുവരെ അവാർഡ് കിട്ടാത്തവരുടെയും മുമ്പ് വിവരങ്ങൾ നല്കിയിട്ടുള്ളവരുടെയും കാര്യം ഇപ്പോൾ പരിഗണനാർഹമെങ്കിൽ ഫോറം പൂരിപ്പിച്ചു തരേണ്ടതാണ്.

2012 മുതൽ രൂപതയിലെ മികച്ച രണ്ടാമത്തെ വിശ്വാസപരിശീലകന് കുറവിലങ്ങാട് ഫൊറോനാ പള്ളിയുടെ നേതൃത്വത്തിൽ ഏർപ്പെടുത്തിയിട്ടുള്ള 'കൊടൈക്കനാൽ അപകടസ്മരണയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന 5001 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡും നൽകപ്പെടുന്നതാണ്.

## 3. അദ്ധ്യാപകസംഗമം

മുട്ടുചിറ മേഖലയിലെ വിശ്വാസപരിശീലകർക്കുവേണ്ടിയുള്ള ഏകദിനസെമിനാർ സെപ്റ്റംബർ 21-ന് നടത്തപ്പെട്ടു. ഫൊറോനാവികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ മുണ്ടുമൂഴിക്കര അദ്ധ്യക്ഷത വഹിച്ചു. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. എബ്രാഹം വടക്കേടത്ത് ക്ലാസ്സുകൾ നയിച്ചു. റവ. ഫാ. സ്കറിയ മലമാക്കൽ നേതൃത്വം നൽകി.

## 4. മതദർശനം

നവസുവിശേഷവത്കരണം അടിസ്ഥാനമാക്കിയുള്ള മതദർശനം പ്രസിദ്ധീകരിച്ചു.

## 5. സി.റ്റി.പി.

ക്ലാസ്സുകൾ ഒക്ടോബർ 5, 6, 26 ബൈബിൾ: റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ. നവംബർ 12 ഭാരതസഭാചരിത്രം: ശ്രീ ജോസുകുട്ടി ഇലവനാതൊടുകയിൽ.

## 6. മിഷൻലീഗ് ജൂണിയേഴ്സ് ക്യാമ്പ്

പ്രേഷിതവർഷത്തിൽ മിഷൻലീഗ് 5, 6, 7 ക്ലാസ്സുകളിലെ കുട്ടികൾക്കായി സെപ്റ്റംബർ 5, 6, 7 തീയതികളിൽ ക്യാമ്പു നടത്തി. ശ്രീ. ജോർജ് കൊല്ലപ്പള്ളി, ശ്രീ. അലക്സ് കാവുങ്കൽ, ശ്രീ. സിബി കണിയാംപടി, ശ്രീ. ടോം മുണ്ടക്കൽ എന്നിവർ ക്ലാസ്സുകൾ എടുത്തു. മിഷൻലീഗ് ഭാരവാഹികൾ നേതൃത്വം നല്കി.

## 7. കുഞ്ഞുമിഷനറി സുവർണ്ണജൂബിലിയിൽ

സുവർണ്ണജൂബിലി വർഷം പിന്നിടുന്ന കുഞ്ഞുമിഷനറി മാസിക പ്രസിദ്ധീകരണത്തിന്റെ 50-ാം വാർഷികം പ്രമാണിച്ച് 2011 ഒക്ടോബർ ലക്കം സ്പെഷ്യൽ പതിപ്പായി പ്രസിദ്ധീകരിച്ചിരിക്കുന്നു.

## 8. തിരുബാലസഖ്യം

ക്വിസ് മത്സരം രൂപതാതലത്തിൽ നടത്തുന്നത് 2011 ഡിസംബർ 10-ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചായിരിക്കും. സമയം ഉച്ചകഴിഞ്ഞ് 2.30. രൂപതാതല പ്രസംഗമത്സരം ജനുവരി 15-ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണി മുതൽ നടത്തപ്പെടും. പ്രേഷിതപ്രവർത്തനമായിരിക്കും പ്രസംഗവിഷയം. ഒക്ടോബറിൽ ഇടവകതലപ്രസംഗമത്സരം നടത്തി ഓരോരുത്തരെ മേഖലയിലേയ്ക്കയ

യ്ക്കുക. ഡിസംബർ 10-ന് മേഖലാതല പ്രസംഗമത്സരം നടത്തി ഈരണ്ടുപേരെ കണ്ടെത്തി രൂപതാതലത്തിലേക്ക് അയയ്ക്കുക. വിശുദ്ധരുടെ തിരുവചനങ്ങൾ ചേർത്ത് കുട്ടികൾ നിർമ്മിക്കുന്ന ഡയറി ജനുവരി 1-ന് രൂപതാകേന്ദ്രത്തിൽ എത്തിക്കുക. ഇടവകയിലെ ഏറ്റവും നല്ല ഡയറിയാണ് രൂപതാതലമത്സരത്തിൽ ഉൾപ്പെടുത്തുന്നത്.

**9. ചിത്രരചന, പെയിന്റിംഗ് മത്സരങ്ങൾ**

ഒരിടവകയിൽനിന്ന് ഒരാളെ മത്സരത്തിനയയ്ക്കാം. നവംബർ 1-നു മുമ്പ് ഓഫീസിൽ പേരു തരിക. ഒരേയാൾക്ക് രണ്ടിലും മത്സരിക്കുന്നതിന് സൗകര്യമുണ്ട്. നവംബർ 12-ന് രാവിലെ 10 മുതൽ ഭരണങ്ങാനം മാതൃഭവനിൽ മത്സരം നടത്തപ്പെടും.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ (ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**1. സ്റ്റഡി സർക്കിൾ മത്സരം**

സെപ്റ്റംബർ 21-ാം തീയതി പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിൽവച്ച് സ്റ്റഡി സർക്കിൾ മത്സരം നടത്തി. വിവിധ സ്കൂളുകളിൽ നിന്നായി 25 ടീമുകൾ പങ്കെടുത്തു.

**2. സ്കൂൾ ധ്യാനങ്ങൾ**

16, 17 തീയതികളിൽ കാഞ്ഞിരമറ്റം ലിറ്റിൽ ഫ്ളവർ സ്കൂളിലും 23, 24 തീയതികളിൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിലും വാർഷികധ്യാനം നടത്തി. ബഹു. ഡയറക്ടറച്ചൻ നേതൃത്വം നല്കി.

**3. കളരി വിതരണം**

കെ.സി.എസ്.എൽ. ശാഖകളിൽ രണ്ടാം ലക്കം കളരി വിതരണം നടത്തി.

**4. പോസ്റ്റർ വിതരണം**

സെപ്റ്റംബർ മാസത്തിലെ 'എന്റെ വിദ്യാലയവും എന്റെ അദ്ധ്യാപകരും' എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ തയ്യാറാക്കി വിതരണം നടത്തി.

**5. രൂപതാ എക്സിക്യൂട്ടീവ്**

സെപ്റ്റംബർ 22-ാം തീയതി ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. കലാമത്സരങ്ങളുടെ ക്രമീകരണത്തിനുവേണ്ടിയുള്ള തീരുമാനങ്ങൾ ചർച്ച ചെയ്തു.

**6. കെ.സി.എസ്.എൽ. കലോത്സവം 2011**

ഒക്ടോബർ 8-ാം തീയതി പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിൽവച്ച് കലോത്സവം 2011 നടത്തപ്പെടുന്നതാണ്. കുരുന്നുപ്രതിഭകൾ മാറ്റുരയ്ക്കുന്ന കലോത്സവത്തിൽ വിവിധ മത്സരഇനങ്ങളിലായി നൂറുകണക്കിന് കുട്ടികൾ പങ്കെടുക്കും.

**ഫാ. ജോസഫ് അരിമറ്റത്തിൽ (ഡയറക്ടർ)**



# ഫാമിലി അപ്പസ്തോലേറ്റ്

**1. വിവാഹഒരുക്കസെമിനാർ**

സെപ്റ്റംബർ 12-14; 26-28 തീയതികളിലായി നടന്ന വിവാഹഒരുക്ക സെമിനാറിൽ 269 പേർ സംബന്ധിച്ചു സർട്ടിഫിക്കറ്റ് നേടി.

ആഗസ്റ്റ് 10-12; 24-26 തീയതികളിലെ കോഴ്സിനുള്ള അഡ്മിഷൻ തുടരുന്നു.

**2. പേരന്റ്സ് മീറ്റ്**

സെപ്റ്റംബർ മാസത്തെ മാതാപിതാക്കളുടെ സമ്മേളനം റവ. ഫാ. എബ്രാഹം കുളമാക്കൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോസഫ് കടുപ്പിൽ, പ്രൊഫ. റോസിലിന്റ് ജോർജ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

# ഹോംമിഷൻ

**1. പൈങ്ങുളം ഇടവകയിൽ**

ആഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 9 വരെ പൈങ്ങുളം ഇടവകയിൽ ഹോംമിഷൻ പരിപാടികൾ നടന്നു. 16 സിസ്റ്റേഴ്സ് ഇടവകയിലെ 254 ഭവനങ്ങളിൽ തങ്ങളുടെ സേവനം കാഴ്ചവച്ചു.

**2. ദമ്പതീസെമിനാർ**

സെപ്റ്റംബർ 4-ാം തീയതി പൈങ്ങുളം ഇടവകയിൽ ദമ്പതികൾക്കായി ഏകദിന സെമിനാർ നടത്തി. റവ. സി. മേരി ഗ്രേസ് സി.എം.സി. ക്ലാസ്സെടുത്തു.

**3. മരങ്ങാട് പള്ളി**

ഒക്ടോബർ 9 മുതൽ മരങ്ങാട് ഇടവകയിൽ ഹോംമിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

# പ്രോ-ലൈഫ്

**1. ജനറൽ ബോഡി മീറ്റിംഗ്**

ആഗസ്റ്റ് 16-ാം തീയതി പ്രോ-ലൈഫിന്റെ ജനറൽ ബോഡി മീറ്റിംഗ് ശാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. രൂപതാ കോർഡിനേറ്റർ റവ. ഫാ. ജേക്കബ് മുരിക്കൻ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോലൈഫ് പ്രവർത്തനത്തിന്റെ ആവശ്യകതയേയും അതിന്റെ വിവിധ വശങ്ങളെയും പറ്റി വ്യക്തമായ ഒരു കാഴ്ചപ്പാട് തന്റെ സന്ദേശത്തിലൂടെ ബഹു. മുരിക്കനച്ചൻ ജനറൽ ബോഡിക്ക് വിശദീകരിച്ചു.

# മാതൃജ്യോതി

**1. സെമിനാറുകൾ**

മുട്ടുചിറ മേഖലയുടെ സെമിനാർ മാന്നാർ പള്ളിയിൽവച്ചും പൂഞ്ഞാർ മേഖലയുടെ സെമിനാർ പെരിങ്ങുളം പള്ളിയിൽ വച്ചും നടത്തപ്പെട്ടു. പൂഞ്ഞാർ, നീലൂർ, വേദഗിരി, മണ്ണാറപ്പാറ എന്നീ യൂണിറ്റുകളിൽ സെമിനാർ നടന്നു.

**2. ഉപവാസപ്രാർത്ഥന**

ഭരണങ്ങാനം, മുട്ടുചിറ, പൂഞ്ഞാർ മേഖലകളിലും വിവിധ യൂണിറ്റുകളിലും ഉപവാസപ്രാർത്ഥനയും ആരാധനയും നടത്തി.

**3. അഖണ്ഡജപമാല**

ചേർപ്പുങ്കൽ മേഖലയുടെ എല്ലാ യൂണിറ്റുകളും ചേർന്ന് അഖണ്ഡജപമാല അർപ്പിച്ചു. കുറവിലങ്ങാട് യൂണിറ്റിലും അഖണ്ഡജപമാല നടത്തി.

**4. ജപമാല റാലിയും, മേരിനാമധാരികളെ ആദരിക്കലും**

പരി. അമ്മയുടെ ജനനത്തിരുനാളിനൊരുക്കമായി വിവിധ മേഖലകളിലും യൂണിറ്റുകളിലും ജപമാലറാലി, ക്ലാസ് എന്നിവ നടത്തപ്പെട്ടു. അതോടൊപ്പം മേരി നാമധേയത്തിൽപ്പെട്ട എല്ലാ മാതാക്കൾക്കും മംഗളാശംസകളും സമ്മാനങ്ങളും നൽകി.

**5. ഓണാഘോഷം**

പല മേഖലകളിലും യൂണിറ്റുകളിലും ഓണാഘോഷപരിപാടികളും ഓണസദ്യയും ഉണ്ടായിരുന്നു. പൂവരണി യൂണിറ്റ് 3700 രൂപ ഓണസംഭാവന നൽകി. നീലൂർ യൂണിറ്റിലെ മാതാക്കളും സൺഡേ സ്കൂൾ കുട്ടികളും ഒത്തുചേർന്ന് ഓണമാഘോഷിച്ചു. മാതാക്കളുടെ നേതൃത്വത്തിൽ കുട്ടികൾക്ക് പായസം നൽകി.

**6. യൂണിറ്റ് സംഗമം**

ളാലം, കത്തീഡ്രൽ, മുണ്ടുപാലം, കിഴപറയാർ എന്നീ യൂണിറ്റുകൾ ഒന്നുചേർന്ന് സംഗമം നടത്തുകയും റവ. ഫാ. ജോൺ മറ്റമുണ്ടയിൽ ക്ലാസ് നയിക്കുകയും ചെയ്തു.

**7. സന്ദർശനം നടത്തി**

രൂപതയിൽ നിന്ന് നിർദ്ദേശിക്കപ്പെട്ട കർമ്മപരിപാടികളുടെ റിപ്പോർട്ട് പരിശോധിക്കാനായി രൂപതാഭാരവാഹികൾ മുട്ടുചിറ, തുടങ്ങനാട്, ഭരണങ്ങാനം, കുറവിലങ്ങാട്, കോതനല്ലൂർ, ഇലഞ്ഞി, പാലാ, പൂഞ്ഞാർ, ചേർപ്പുങ്കൽ മേഖലകളിൽ സന്ദർശനം നടത്തി.

**ഫാ. ജോൺസൺ പുളളീറ്റ് (ഡയറക്ടർ)**

# സുവിശേഷവത്കരണം

**1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന**

സെപ്റ്റംബർ മാസം 2,16, 23, 30 തീയതികളിൽ പാലാ കത്തീഡ്രൽ പള്ളിയിൽ വച്ച് രാവിലെ 9 മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നല്കി.

**2. ഇവാൻഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിലെ കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരായുള്ള മിനിസ്ട്രി, ഗുഡ്സമരിറ്റൻ തുടങ്ങിയവയിൽ പ്രവർത്തിക്കുന്നവർ സെപ്റ്റംബർ 17-ാം തീയതി ശനിയാഴ്ച ശാലോമിൽ കൂടി കഴിഞ്ഞ മാസം പ്രവർത്തിച്ച കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും അടുത്തമാസം പ്രവർത്തിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഫാ. ജോസഫ് ശ്രാമ്പിക്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ, ആലീസ് കട്ടക്കയം തുടങ്ങിയവർ നേതൃത്വം നല്കി.



**3. ആശുപത്രി മിനിസ്ട്രി**

സെപ്റ്റംബർ 3-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് ഏഴുപേർ പാലാ ഗവ. ആശുപത്രി സന്ദർശിക്കുകയും രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. സെപ്റ്റംബർ 13-ാം തീയതി ചൊവ്വാഴ്ച കിടങ്ങൂർ ലിറ്റിൽ ലൂർദ്ദ് ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി. മാസികകളും പ്രാർത്ഥനാകാർഡുകളും വിതരണം ചെയ്തു. ജയിംസ് എം. പുത്തൻകണ്ടം. സി. ലിസ്യൂ റോസ് എന്നിവർ നേതൃത്വം നല്കി.

**4. ജയിൽ മിനിസ്ട്രി**

രൂപതയിൽ പ്രവർത്തിക്കുന്ന ജയിൽമിനിസ്ട്രി പ്രവർത്തകർ ഈ മാസം 9-ാം തീയതി അഡാർട്ടുമായി ചേർന്ന് പാലാ സബ്ജയിൽ സന്ദർശിക്കുകയും വചനം പങ്കുവയ്ക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. റവ. ഫാ. ജോസഫ് ശ്രാമ്പിക്കൽ വചനം പങ്കുവച്ചു. കത്തീഡ്രൽ ഇടവകയിലെ ചെറുപുഷ്പമിഷൻലീഗ് പ്രവർത്തകർ തദവസരത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

**5. ബൈബിൾ കൺവൻഷൻ കമ്മിറ്റി**

29-ാ മത് ഭരണങ്ങാനം അൽഫോൻസാ നഗർ കൺവൻഷന്റെ ഒരു പ്ലാനിംഗ് കമ്മറ്റി ഈ മാസം 12-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാസ്റ്ററൽ കോർഡിനേറ്റർ ഫാ. ജേക്കബ് മുരിക്കലച്ചന്റെ അദ്ധ്യക്ഷതയിൽകൂടി വിവിധ മിനിസ്ട്രികൾ ചെയ്യേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും പ്ലാൻ ചെയ്യുകയും ചെയ്തു. ജനറൽ കൺവീനർ ഫാ. ജോസഫ് ശ്രാമ്പിക്കൽ സ്വാഗതവും, അസി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നന്ദിയും പറഞ്ഞു. 32 പേർ കമ്മറ്റിയിൽ പങ്കെടുത്തു.

# കരിസ്മാറ്റിക് പ്രോഗ്രാമുകൾ

**1. കരിസ്മാറ്റിക് കൂട്ടായ്മ**

സെപ്റ്റംബർ മാസം 3-ാം തീയതി ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് ദിനം ആചരിച്ചു. തദവസരത്തിൽ കെ.എസ്.ടി. വൈസ് ചെയർമാൻ വി.വി. അഗസ്റ്റിൻ വചനസന്ദേശം നല്കുകയുണ്ടായി. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബാബു തട്ടാംപറമ്പിൽ, ബേബി വാഴചാരിക്കൽ, ടോമി ആട്ടപ്പാട്ട് എന്നിവർ നേതൃത്വം നല്കി.

**2. മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി**

മദ്ധ്യസ്ഥപ്രാർത്ഥനാമിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തിങ്കൾ മുതൽ ശനി വരെ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. ഉദയഗിരി ഇടവകയിലെ ധ്യാനാവസരത്തിൽ ആലീസ് കട്ടക്കയം, അന്നക്കുട്ടി കല്ലമ്പള്ളി എന്നിവർ നേതൃത്വം നൽകി.

### 3. കുടുംബവിശുദ്ധീകരണവർഷം

കുടുംബവിശുദ്ധീകരണവർഷത്തോടനുബന്ധിച്ച് സെപ്റ്റംബർ മൂന്നാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് ബോധവത്കരണക്ലാസ് നടത്തുകയുണ്ടായി. ഈ കൂട്ടായ്മയിൽ കെ.എസ്.ടി. ചെയർമാൻ ഫാ. ജോസ് അഞ്ചാനിക്കൽ, വി.വി. അഗസ്റ്റിൻ, സെബാസ്റ്റ്യൻ താന്നിയ്ക്കൽ, ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവർ നേതൃത്വം നല്കി. കുടുംബവിശുദ്ധീകരണവർഷത്തിന്റെ ഓഫീസ് ഉദ്ഘാടനം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കെ.എസ്.ടി. ചെയർമാൻ നിർവ്വഹിച്ചു. തദവസരത്തിൽ കെ.എസ്.ടി. അംഗങ്ങളും സോണൽസർവ്വീസ് ടീമംഗങ്ങളും പ്രത്യേകം ക്ഷണിതാക്കളായ കേരളത്തിലെ കരിസ്മാറ്റിക് നേതൃത്വത്തിലുള്ള ധാരാളം ആളുകളും പങ്കെടുത്തു.

### 4. കപ്പിൾസ് മിനിസ്ട്രി

സെപ്റ്റംബർ മാസം 7 മുതൽ 11 വരെ തീയതികളിൽ പാലാ രൂപത ഇവാഞ്ചലൈസേഷൻ ടീമിന്റെ കപ്പിൾസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ മണിയംകുളം സെന്റ് ജോസഫ് ദൈവാലയത്തിൽ കുടുംബവിശുദ്ധീകരണധ്യാനം നടത്തി. തദവസരത്തിൽ ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജോൺ കണ്ണന്താനം, ഫാ. ജോസഫ് പര്യാത്ത്, ഫാ. മാത്യു പുന്നത്താനത്തുകുന്നേൽ, ഫാ. അബ്രാഹം തുരുത്തിയിൽ, ഫാ. ജോർജ് വെട്ടുകല്ലേൽ, ജോയി തെക്കുംചേരിക്കുന്നേൽ, എൻ.സി. അബ്രാഹം & തങ്കമ്മ, അബ്രാഹം നീരാളിക്കോട്ടിൽ, ബെന്നി പാലിയിൽ, റ്റി.ഡി. ജോർജ് തെക്കുംചേരിക്കുന്നേൽ എന്നിവർ നയിച്ചു. സെപ്റ്റംബർ മാസം 11-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 ന് കെ.എസ്.ടി. വൈസ് ചെയർമാൻ വി.വി. അഗസ്റ്റിൻ കപ്പിൾസ് മിനിസ്ട്രിയുടെ ടീമംഗങ്ങൾക്ക് പ്രത്യേക പരിശീലനക്ലാസ് നൽകുകയുണ്ടായി. സെപ്റ്റംബർ മാസം 17 മുതൽ 21 വരെ തീയതികളിൽ മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ദമ്പതീധ്യാനം നടത്തുകയുണ്ടായി. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജയിംസ് തെക്കുംചേരിക്കുന്നേൽ, ഫാ. ജോൺ കണ്ണന്താനം, സെബാസ്റ്റ്യൻ താന്നിയ്ക്കൽ, ബ്രദർ ഔതച്ചൻ, എൻ.സി. അബ്രാഹം, തങ്കമ്മ അബ്രാഹം നീരാളിക്കോട്ടിൽ, ജോയി തെക്കുംചേരികുന്നേൽ, ബാബു ജോർജ് തട്ടാംപറമ്പിൽ, റ്റി.ഡി. ജോർജ് തെക്കുംചേരിക്കുന്നേൽ എന്നിവർ ധ്യാനം നയിച്ചു.

### 5. പാരീഷ് മിനിസ്ട്രി

പാരീഷ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഉദയഗിരി പള്ളിയിൽ 3 മുതൽ 7 വരെ തീയതികളിൽ വചനദീപ്തി ധ്യാനം നടത്തുകയുണ്ടായി. ഒന്നാം തീയതി വൈകുന്നേരം 5.30 മുതൽ 8.30 വരെ ജപമാലയും ആരാധനയും നടത്തുകയും രണ്ടാംതീയതി രാവിലെ 8.30 മുതൽ വൈകുന്നേരം 5.30 വരെ ഇടവകയിലെ എല്ലാ ഭവനങ്ങളും ടീമംഗങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയുണ്ടായി. ഈ ശുശ്രൂഷകൾക്ക് ഫാ. ജോസഫ് ശ്രാമ്പിക്കൽ, ബാബു തട്ടാംപറമ്പിൽ, ബേബിച്ചൻ വാഴചാരിക്കൽ എന്നിവർ നേതൃത്വം നൽകി. ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജോസ് അഞ്ചാനിക്കൽ, ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. ജോസഫ്



ശ്രാമ്പിക്കൽ, ബ്രദർ ഔതച്ചൻ, രവി തോമസ്, സാബു കോഴിക്കോട്ട്, ജോസി തെക്കുംചേരിക്കുന്നേൽ, സണ്ണി പള്ളിവാതുക്കൽ എന്നിവർ വചനസന്ദേശം നല്കുകയുണ്ടായി.

### 6. ഏകദിന കൺവൻഷൻ

ചേർപ്പുങ്കൽ ഫൊറോനായുടെ നേതൃത്വത്തിൽ കൊഴുവനാൽ പള്ളിയിൽ പാരീഷ് മിനിസ്ട്രിയുടെ ഏകദിനകൺവൻഷൻ നടത്തുകയുണ്ടായി. തദവസരത്തിൽ ആനിമേറ്റർ ഫാ. തോമസ് കരോട്ടുകിഴക്കേൽ അദ്ധ്യക്ഷത വഹിച്ചു. വികാരി ഫാ. ജോർജ് മുളങ്ങാട്ടിൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. രൂപതാ കരിസ്മാറ്റിക് കോർഡിനേറ്റർ ബ്രദർ ബാബു തട്ടാംപറമ്പിൽ ക്ലാസ് നയിക്കുകയുണ്ടായി. ബേബിച്ചൻ വാഴചാരിക്കൽ, സിബി ചെരിവിൽപുരയിടം എന്നിവർ നേതൃത്വം നൽകി.

### 7. ഫൈനാൻസ് മിനിസ്ട്രി

സെപ്റ്റംബർമാസം 12-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഫൈനാൻസ് മിനിസ്ട്രിയുടെ കൂട്ടായ്മ കൂടുകയുണ്ടായി. തദവസരത്തിൽ എല്ലാ സബ്സോണുകളിലും എമ്മാവൂസ് സേവിംഗ് ബോക്സ് വയ്ക്കുവാൻ തീരുമാനിച്ചു. ഈ യോഗത്തിന് ടോമി ആട്ടപ്പാട്ട്, ജോസ് മാത്യു അരീക്കാട്ട്, സന്തോഷ് ജോസഫ് നെല്ലിക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

### 8. രാത്രി ആരാധന

സെപ്റ്റംബർ 24-ാം തീയതി ശനിയാഴ്ച വൈകുന്നേരം 7 മുതൽ 25-ാം തീയതി രാവിലെ 6 വരെ ഭരണങ്ങാനം അൽഫോൻസാ ചാപ്പലിൽ രാത്രി ആരാധന നടത്തി. ഫാ. ഷാജി തുമ്പേച്ചിറയിൽ വചനസന്ദേശം നൽകുകയുണ്ടായി. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ബാബു തട്ടാംപറമ്പിൽ, ടോമി ആട്ടപ്പാട്ട് എന്നിവർ നേതൃത്വം നൽകി.

### 9. വചനദീപ്തി - തുടർച്ചാധ്യാനം

**കവീക്കുന്ന് പള്ളി**

സെപ്റ്റംബർ മാസം രണ്ടാം തീയതി ആദ്യവെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാധ്യാനം ജോർഡ് ആക്കൽ നയിച്ചു.

**ഇടമറുക് പള്ളി**

സെപ്റ്റംബർ മാസം രണ്ടാംതീയതി ആദ്യവെള്ളിയാഴ്ച വൈകുന്നേരം 4 മുതൽ 7 വരെ വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാധ്യാനം മാത്യു കല്ലേപ്ലാക്കൽ നയിച്ചു.

**മേവട പള്ളി**

സെപ്റ്റംബർ മാസം 20-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 5 മുതൽ 8 വരെ വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാധ്യാനം ചാക്കോച്ചൻ ശൗര്യാംകുഴി നയിച്ചു.

**വേലനിലം പള്ളി**

സെപ്റ്റംബർമാസം പതിനഞ്ചാംതീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ

4.30 വരെ വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാധ്യാനം ചാക്കോച്ചൻ ശൗര്യാം കുഴി നയിച്ചു.

**ചൂണ്ടച്ചേരി പള്ളി**

സെപ്റ്റംബർമാസം പതിനൊന്നാംതീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാധ്യാനം ജോസ് ചെറുതോട്ടായിൽ നയിച്ചു.

**ഫാ. ജോസഫ് ശ്രാമ്പിക്കൽ (ഡയറക്ടർ)**

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (അസി.ഡയറക്ടർ)**

# കുടുംബകൂട്ടായ്മാ റിപ്പോർട്ട്

**1. ദൈവശാസ്ത്രസെമിനാർ**

കുടുംബകൂട്ടായ്മകളെക്കുറിച്ചുള്ള (Small Christian Community) അഖിലലോകദൈവശാസ്ത്രസെമിനാർ 2011 ഓഗസ്റ്റ് 17 മുതൽ 21 വരെ നാഗപ്പൂർ പള്ളോട്ടൈൻ ആനിമേഷൻ സെന്ററിൽ വച്ചു നടന്നു. പ്രസ്തുത സെമിനാറിൽ ഫാ. ജോസഫ് ശ്രാമ്പിക്കൽ പങ്കെടുത്തു.

**2. റിസോഴ്സ് ടീം**

പാലാ രൂപത റിസോഴ്സ് ടീം സെപ്റ്റംബർ 6-ാം തീയതി ചൊവ്വാഴ്ച ശാലോം പാസ്റ്ററൽ സെന്ററിൽ സമ്മേളിച്ചു. ജപമാല, വചനാനുഭവം പങ്കുവയ്ക്കൽ എന്നിവയ്ക്കുശേഷം റിപ്പോർട്ട് അവതരിപ്പിച്ചു. പൈങ്ങുളം, രത്നഗിരി ഇടവകകളിൽ റിസോഴ്സ് ടീം പോയ വിവരം ചർച്ച ചെയ്ത് അനുഭവം പങ്കുവച്ചു. തുടർന്ന് ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പ്, ഫൊറോനാ സെമിനാറുകൾ എന്നിവയെപ്പറ്റി ചർച്ച ചെയ്ത് തീരുമാനങ്ങളും എടുത്തു. ഡയറക്ടർ ഫാ. ജോസഫ് ശ്രാമ്പിക്കൽ, അസി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബോബൻ മാത്യു, സി. ജയ്സി സി.എം.സി., ഇ.എം. ദേവസ്യാ ഈരൂരിക്കൽ, കെ.പി. ജോസഫ്, സി. ജോസ് മേരി എഫ്.സി.സി., റ്റി.കെ. ജോസഫ് തുടങ്ങിയവർ നേതൃത്വം നല്കി.

**3. ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പ്**

സെപ്റ്റംബർ 10, 11 തീയതികളിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് അരുവിത്തുറ, ഇലഞ്ഞി, കോതനല്ലൂർ, മുട്ടുചിറ ഫൊറോനാകളിലെ കുടുംബകൂട്ടായ്മാ ലീഡേഴ്സിനുവേണ്ടി ക്യാമ്പ് നടന്നു. കുടുംബകൂട്ടായ്മാ കേരളാ ഫോറം കൺവീനർ റവ. ഫാ. ജോസ് കോട്ടൂർ, മെസ്സേഴ്സ് കെ. എ. ജോസഫ് വെള്ളയാംകുടി, തോമസ് മ്രാലയിൽ ചുരുളി എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നല്കി. പാസ്റ്ററൽ കോർഡിനേറ്റർ റവ. ഫാ. ജേക്കബ് മുരിക്കൻ ക്യാമ്പംഗങ്ങൾക്കുവേണ്ടി ദിവ്യബലി അർപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് ശ്രാമ്പിക്കൽ, അസി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. ജയ്സി സി.എം.സി., ജോസഫ് മുകളേൽ, റ്റി.കെ. ജോസഫ് പാദുവ എന്നിവർ ക്യാമ്പിനു നേതൃത്വം നല്കി.



**4. ഫൊറോനാ സെമിനാറുകൾ**

ഇടവകയിലെ എല്ലാ യൂണിറ്റിൽ നിന്നും ഒരാളെ വീതം പങ്കെടുപ്പിച്ചുകൊണ്ടുള്ള ഫൊറോനാസെമിനാർ സെപ്റ്റംബർ 27-ന് ചേർപ്പുങ്കലും 28-ന് കോതനല്ലൂരും 29-ന് മുട്ടുചിറയിലും 30-ന് കുറവിലങ്ങാട്ടും നടന്നു. ഒക്ടോബർ 15-ന് എല്ലാ ഫൊറോനകളിലും സെമിനാർ നടക്കുന്നതാണ്.

**ഫാ. ജോസഫ് ശ്രാമ്പിക്കൽ (ഡയറക്ടർ)**

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (അസി.ഡയറക്ടർ)**

# ഡി.സി.എം.എസ്.

**1. ഓണാവധി ക്യാമ്പ്**

2011 സെപ്റ്റംബർ 4, 5, 6 തീയതികളിൽ 3, 4, 5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സയൻസ്, ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾക്ക് പ്രത്യേകം പരിശീലനം നൽകി. ഈ ക്യാമ്പിൽ 306 കുട്ടികൾ പങ്കെടുത്തു.

2011 സെപ്റ്റംബർ 6, 7, 8 തീയതികളിൽ 8, 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സയൻസ്, ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾക്ക് പ്രത്യേകം പരിശീലനം നൽകി. ഈ ക്യാമ്പിൽ 190 കുട്ടികൾ പങ്കെടുത്തു.

**2. ലീഡേഴ്സ് ക്യാമ്പ്**

2011 സെപ്റ്റംബർ 17, 18 തീയതികളിൽ പാലാ, രാമപുരം, ചേർപ്പുങ്കൽ, അരുവിത്തുറ, ഭരണങ്ങാനം തുടങ്ങിയ മേഖലകളിലെ മാതാപിതാക്കൾക്ക് ക്യാമ്പ് നടത്തി. ഈ ക്യാമ്പിൽ 25 പേർ പങ്കെടുത്തു.

മുട്ടുചിറ, ഇലഞ്ഞി, കുറവിലങ്ങാട്, തുടങ്ങനാട് മേഖലകളിലെ മാതാപിതാക്കളുടെ ക്യാമ്പ് സെപ്റ്റംബർ 24, 25 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കും. അടുത്ത മാസത്തെ ക്യാമ്പുകൾ: റിസോഴ്സ് ടീം ക്യാമ്പ്: ഒക്ടോബർ 7, 8, 9 തീയതികളിൽ.

ലീഡേഴ്സ് ക്യാമ്പ്: ഒക്ടോബർ 15, 16 തീയതികളിൽ പാലാ, രാമപുരം, ചേർപ്പുങ്കൽ, അരുവിത്തുറ, ഭരണങ്ങാനം എന്നീ മേഖലകൾക്ക്. ഒക്ടോബർ 22, 23 തീയതികളിൽ മുട്ടുചിറ, ഇലഞ്ഞി, കുറവിലങ്ങാട്, തുടങ്ങനാട് മേഖലകളിലെ മാതാപിതാക്കൾക്ക്.

**ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ (ഡയറക്ടർ)**

# കെ.സി.വൈ.എം.

**1. നവദർശൻ - 2011 (ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പ്)**

യുവജനങ്ങളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനായി നേതൃത്വപരിശീലനക്യാമ്പ് സെപ്റ്റംബർ 2-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ വച്ച് സംഘടിപ്പിച്ചു. രൂപതാ പ്രസിഡന്റ് സിജു കണ്ണംതറപ്പിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്ററൽ

കോർഡിനേറ്റർ വെരി. റവ. ഫാ. ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി, സി. ധന്യ ഡി.എസ്.ടി., ജോസൻ പേഴുംകാട്ടിൽ എന്നിവർ പ്രസംഗിച്ചു. വിവിധ വിഷയങ്ങളെപ്പറ്റി ഫാ. മാത്യു ചന്ദ്രൻകുന്നേൽ, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, റവ. ഡോ. ജോർജ് സെബാസ്റ്റ്യൻ എസ്.ജെ., ഡോ. റൂബിൾരാജ്, റവ. ഫാ. ഫ്രാൻസീസ് കാരയ്ക്കാട്ട് എസ്.ഡി.ബി., റവ. ഫാ. ആന്റണി മണ്ണാർകുളം എന്നിവർ ക്ലാസ് നയിച്ചു. ക്യാമ്പിൽ 'ജനാധിപത്യം വളർത്തുന്നു/തളർത്തുന്നു' എന്ന വിഷയത്തെക്കുറിച്ച് സംവാദം നടന്നു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഡോ. റെജിമോൻ എന്നിവർ സംവാദത്തിൽ പങ്കെടുത്തു. ഫാ. ജോസഫ് ആലഞ്ചേരി മോഡറേറ്റർ ആയിരുന്നു. ബ്ര. ജോർജ് കൊട്ടാരത്തിൽ, രൂപതാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ 95 യുവതീയുവാക്കൾ പങ്കെടുത്തു.

### 2. മാവേലി മന്നൻ മത്സരം

സെപ്റ്റംബർ 8-ാം തീയതി ഓണാഘോഷത്തോടനുബന്ധിച്ച് മാവേലി മന്നൻ മത്സരവും സാംസ്കാരികസമ്മേളനവും നടന്നു. സിജു കണ്ണംതറപ്പിൽ അദ്ധ്യക്ഷത വഹിച്ചു. നഗരസഭാധ്യക്ഷൻ കുര്യാക്കോസ് പടവൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് ആലഞ്ചേരി ആമുഖസന്ദേശവും ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണവും നടത്തി. ഓണസന്ദേശം ശ്രീ. രവി പാലാ നൽകി. മാവേലി മത്സരവിജയികൾക്ക് ശ്രീ. രവി പാലാ സമ്മാനദാനം നിർവ്വഹിച്ചു.

### 3. റൂബി ജൂബിലി ഉദ്ഘാടനവും വിശുദ്ധ ഡോൺ ബോസ്കോയുടെ തിരുശേഷിപ്പ് സ്വീകരണവും

കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ റൂബി ജൂബിലി ഉദ്ഘാടനവും വിശുദ്ധ ഡോൺബോസ്കോയുടെ തിരുശേഷിപ്പ് സ്വീകരണവും ഒക്ടോബർ 9-ാം തീയതി കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെടും. റൂബി ജൂബിലി ഉദ്ഘാടനത്തിനും വിശുദ്ധ ഡോൺബോസ്കോ തിരുശേഷിപ്പ് സ്വീകരണത്തിനും മുഴുവൻ യുവജനസുഹൃത്തുക്കളെയും എത്തിക്കുന്നതിന് ബഹുമാനപ്പെട്ട അച്ചന്മാർ ശ്രദ്ധിക്കണമെന്ന് താൽപര്യപ്പെടുന്നു.

### 4. സ്കിറ്റ് മത്സരം

പ്രേഷിത വർഷത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന രൂപതാതല സ്കിറ്റ് മത്സരം ഒക്ടോബർ 23-ാം തീയതി ഞായറാഴ്ച 2 മണിക്ക് പാലാ കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നതാണ്. പങ്കെടുക്കുന്ന ടീമുകൾ ഓഫീസിൽ പേരു രജിസ്റ്റർ ചെയ്യുക.

### 5. ക്വിസ് മത്സരം

കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന രൂപതാതല ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. "വിശ്വാസയുവത്വം" എന്ന പുസ്തകമായിരിക്കും അടിസ്ഥാനം. മേഖലാതലമത്സരം ഒക്ടോബർ 2-ാം തീയതിയും രൂപതാതല മത്സരം ഒക്ടോബർ 16-ാം തീയതിയും നടത്തപ്പെടുന്നു.

### 6. വി. തോമസ് മൂർ അവാർഡ്

കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കായി വി. തോമസ് മൂർ അവാർഡ് നല്കുന്നു. ഇടവകയിൽനിന്ന്



തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് ഒക്ടോബർ 20-നു മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുവാൻ ബഹുമാനപ്പെട്ട അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 7. YATP

കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ആഗസ്റ്റ് 29, 30 തീയതികളിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു.

### 8. അഡിലാബാദ് മിഷൻ സന്ദർശനം

പ്രേഷിതവർഷത്തോട് അനുബന്ധിച്ച് കെ.സി.വൈ.എം. പാലാ രൂപതയിലെ അംഗങ്ങൾ അഡിലാബാദ് മിഷൻ സന്ദർശിക്കുന്നു. അഡിലാബാദ് മിഷനെ സഹായിക്കുവാനായി ഒരു യൂണിറ്റിൽനിന്ന് 200 രൂപയിൽ കുറയാതെയും ഒരംഗത്തിൽനിന്ന് കുറഞ്ഞത് അഞ്ചുരൂപ നിരക്കിൽ ശേഖരിച്ച് രൂപതാ ഓഫീസിൽ ഒക്ടോബർ 30-നു മുമ്പ് എത്തിക്കുമല്ലോ.

### 9. സുരക്ഷിത യുവത്വം

കെ.സി.വൈ.എം. കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ സുരക്ഷിത യുവത്വം - 2011 അർദ്ധദിനസെമിനാർ മോനിപ്പള്ളി യൂണിറ്റിൽ വച്ച് നടന്നു. മേഖലാപ്രസിഡന്റ് ബിജുമോൻ മൂന്നുതൊട്ടി അദ്ധ്യക്ഷത വഹിച്ചു. ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ യോഗം ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി, ഫാ. പോൾ പാറപ്ലാക്കൽ, ഡാനി പാറയിൽ, അജിഷ് ആന്റണി എന്നിവർ പ്രസംഗിച്ചു. കുറവിലങ്ങാട് എസ്.ഐ. ശ്രീ. അരുൺ ക്ലാസ് നയിച്ചു.

### 10. പൂഞ്ഞാർ മേഖല

കെ.സി.വൈ.എം. പൂഞ്ഞാർ മേഖലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർപരിപാടികൾ ആലോചിക്കുന്നതിനുമായി ആഗസ്റ്റ് 21-ന് പൂഞ്ഞാർ യൂണിറ്റിൽ വച്ച് യോഗം നടത്തി. ഫാ. ജോസഫ് ആലഞ്ചേരി, ഫാ. സെബാസ്റ്റ്യൻ കടപ്ലാക്കൽ, സിജു കണ്ണംതറപ്പിൽ, ആശ മച്ചിയിൽ, സുനിൽ ഞരളക്കാട്ട് എന്നിവർ പങ്കെടുത്തു. മേഖലയുടെ കീഴിലുള്ള വിവിധ യൂണിറ്റുകളിൽനിന്നുള്ള ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു.

### 11. സംവാദം 2011

കെ.സി.വൈ.എം. ഇലഞ്ഞി മേഖലയുടെ ആഭിമുഖ്യത്തിൽ "സംവാദം - 2011" എന്ന പ്രോഗ്രാം കാക്കൂർ യൂണിറ്റിൽ വച്ച് നടന്നു. "മാധ്യമങ്ങൾ ധർമ്മബോധം വളർത്തുന്നു/ധർമ്മബോധത്തെ നശിപ്പിക്കുന്നു" "സ്ത്രീധനം നിഷേധിക്കപ്പെടണമോ വേണ്ടയോ?" എന്നീ വിഷയങ്ങളെക്കുറിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ചകൾ നടന്നു. പരിപാടികൾക്ക് മേഖല ഡയറക്ടർ ഫാ. എമ്മാനുവേൽ പാറേക്കാട്ട്, വികാരി ഫാ. ജോസ് വടക്കേക്കൂറ്റ്, മേഖലപ്രസിഡന്റ് സെബാസ്റ്റ്യൻ തോമസ്, അലൻ സക്കറിയാ, പ്രിൻസ് എന്നിവർ നേതൃത്വം നൽകി.

### 12. ഓണാഘോഷം - 2011

കെ.സി.വൈ.എം. ഇലഞ്ഞിമേഖലയുടെ ആഭിമുഖ്യത്തിൽ ഓണാഘോഷം 2011 ഇലഞ്ഞി യൂണിറ്റിൽ സെപ്റ്റംബർ ഏഴിന് നടത്തി. മേഖലയിലെ വിവിധ യൂണി

റ്റുകളിൽനിന്ന് എത്തിയ അംഗങ്ങളുടെ മത്സരങ്ങളും നടന്നു. ഫാ. എമ്മാനുവേൽ പാറേക്കാട്ട്, സെബാസ്റ്റ്യൻ തോമസ്, രൂപതാഭാരവാഹികൾ അഖിൽ കുമാരമംഗലം, പ്രിൻസ് മൂപ്പനാത്ത്, പ്രിൻസ് കടവേലിൽ എന്നിവർ നേതൃത്വം നൽകി.

**13. ഓണം ഫെസ്റ്റ് - 2011(അരുവിത്തുറ മേഖല)**

കെ.സി.വൈ.എം. അരുവിത്തുറ മേഖലയുടെ ആഭിമുഖ്യത്തിൽ ഓണംഫെസ്റ്റ് 2011 അരുവിത്തുറ യൂണിറ്റിൽ വച്ചു നടത്തി. വികാരി റവ. ഫാ. തോമസ് ഓലിക്കൽ അദ്ധ്യക്ഷത വഹിച്ചു. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജോമോൻ ഐക്കര "ഓണംഫെസ്റ്റ് 2011" ഉദ്ഘാടനം ചെയ്തു. മേഖലാഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽകളപ്പുര ഓണസന്ദേശം നൽകി. സി. ലിറ്റി കൊല്ലംപറമ്പിൽ, ഡാനി പാറയിൽ, ജോസൻ പേഴുംകാട്ടിൽ, മേഖലാപ്രസിഡന്റ് ലിജോ കണ്ടത്തിൻകര, ഡോണ എന്നിവർ പ്രസംഗിച്ചു. മത്സരവിജയികൾക്ക് ഫാ. ദേവസ്യാച്ചൻ വട്ടപ്പലം സമ്മാനങ്ങൾ നല്കി.

**14. പൂവരണി യൂണിറ്റ്**

കെ.സി.വൈ.എം. പൂവരണി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 28-ാം തീയതി ഒരു അർദ്ധദിനസെമിനാർ നടന്നു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി "കെ.സി.വൈ.എം. ന്റെ ലക്ഷ്യം" എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജയിംസ് പൊരുന്നോലിൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി.

**15. അറക്കുളം യൂണിറ്റ്**

കെ.സി.വൈ.എം. അറക്കുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അർദ്ധദിനസെമിനാർ നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി, ജനറൽ സെക്രട്ടറി ജോസൻ പേഴുംകാട്ടിൽ എന്നിവർ ക്ലാസ് നയിച്ചു. പരിപാടികൾക്ക് യൂണിറ്റ് ഡയറക്ടർ ഫാ. സ്കറിയാ മൊളോപറമ്പിൽ, പ്രസിഡന്റ് മാത്യൂസ്, ശില്പ വെട്ടത്ത്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**16. പൈങ്ങുളം യൂണിറ്റ്**

കെ.സിവൈ.എം. പൈങ്ങുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു യുവജന സെമിനാർ നടന്നു. "യുവജനം ബൈബിളിൽ" എന്ന വിഷയത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി ക്ലാസ് നയിച്ചു. പരിപാടികൾക്ക് യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് പുരയിടം, സൺഡേ സ്കൂൾ അധ്യാപകർ എന്നിവർ നേതൃത്വം നൽകി.

**17. 'ഓണോത്സവ് 11'**

കെ.സി.വൈ.എം. പൂവരണി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 7-ന് ഓണാഘോഷം നടന്നു. യൂണിറ്റ് അംഗങ്ങളുടെ വിവിധ മത്സരങ്ങൾ നടന്നു. പരിപാടികൾ രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. ഫാ. ജയിംസ് പൊരുന്നോലിൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി. ഓണസദ്യയ്ക്കുശേഷം അംഗങ്ങൾ മൂലമറ്റം റീഹാബിലിറ്റേഷൻ സെന്റർ സന്ദർശിച്ചു.



**18. കൂടല്ലൂർ യൂണിറ്റ്**

കെ.സി.വൈ.എം. കൂടല്ലൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷപരിപാടികളും ഭീമൻ പൂക്കളവും ഒരുക്കി. ഇടവകയിലെ അംഗങ്ങളെ മുഴുവൻ ഉൾപ്പെടുത്തി അത്തപ്പൂക്കളമത്സരം, വടംവലിമത്സരം, മാരത്തൺ ഓട്ടം എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. വികാരി ഫാ. സക്കറിയാസ് ആട്ടപ്പാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപനയോഗത്തിൽ കിടങ്ങൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ബോബി മാത്യു സമ്മാനദാനം നിർവ്വഹിച്ചു. പരിപാടികൾക്ക് യൂണിറ്റ് ഡയറക്ടർ ഫാ. അലക്സാണ്ടർ പൈകട, സുദീപ് പാറടി, റ്റോംസ് മുതുകാട്ടിൽ എന്നിവർ നേതൃത്വം നൽകി.

**19. പെരിങ്ങുളം യൂണിറ്റ്**

കെ.സി.വൈ.എം. പെരിങ്ങുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷ പരിപാടികൾ നടന്നു. ഫുട്ബോൾ മത്സരം, ഷട്ടിൽ ടൂർണമെന്റ്, വടംവലി, കുട്ടികൾക്ക് വിവിധ മത്സരങ്ങൾ എന്നിവ നടത്തപ്പെട്ടു. സമാപനസമ്മേളനം വികാരി ഫാ. ജോസ് ഈന്തനാൽ ഉദ്ഘാടനം ചെയ്തു. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് പ്രസിഡന്റ് എ. ടി. ജോർജ് അരീപ്ലാക്കൽ സമ്മാനദാനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. മാർട്ടിൻ പന്തിരുവേലി, യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മുതലക്കുഴി, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**20. ഉത്സവ് 2011 (മരങ്ങാട്ടുപിള്ളി യൂണിറ്റ്)**

കെ.സി.വൈ.എം. മരങ്ങാട്ടുപിള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകാംഗങ്ങൾക്കും സൺഡേ സ്കൂൾ കുട്ടികൾക്കുമായി 'ഉത്സവ് 2011' എന്ന പേരിൽ ഓണാഘോഷപരിപാടികൾ നടത്തി. ഉദ്ഘാടനം വികാരി ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ നിർവ്വഹിച്ചു. കൂപ്പൺ നറുക്കെടുപ്പ് ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ നിർവ്വഹിച്ചു. പരിപാടികൾക്ക് യൂണിറ്റ് ഡയറക്ടർ ഫാ. പോൾ പാറയ്ക്കൽ, സിജു കണ്ണംതറപ്പിൽ, ലിൻഡോ തടത്തിക്കുന്നേൽ, ജെംലിൻ പരുതേപ്പതിക്കൽ എന്നിവർ നേതൃത്വം നല്കി.

**21. മുളക്കുളം യൂണിറ്റ്**

കെ.സി.വൈ.എം. മുളക്കുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകാംഗങ്ങൾക്കായി ഓണാഘോഷപരിപാടിയും വടംവലി മത്സരവും നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ജോസഫ് പാണ്ടിയംമാക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപനയോഗം പഞ്ചായത്ത് പ്രസിഡന്റ് സാബു ജേക്കബ് ഉദ്ഘാടനം ചെയ്തു.

**22. പിഴക് യൂണിറ്റ്**

കെ.സി.വൈ.എം. പിഴക് യൂണിറ്റ് സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി ഓണാഘോഷപരിപാടികൾ നടത്തി. പരിപാടികൾക്ക് യൂണിറ്റ് ഡയറക്ടർ ഫാ. കുര്യൻ വെള്ളച്ചാലിൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**23. ശാന്തിപുരം യൂണിറ്റ് ഉദ്ഘാടനം**

കെ.സി.വൈ.എം. ഇലഞ്ഞിമേഖലയിൽ ശാന്തിപുരം ഇടവകയിൽ പുതുതായി കെ.സി.വൈ.എം. യൂണിറ്റ് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കുമ്മിണിയിൽ അദ്ധ്യക്ഷനായിരുന്നു. മേഖലാഡയറക്ടർ ഫാ. എമ്മാനുവേൽ പാറേ

ക്കാട്ട് യൂണിറ്റ് ഉദ്ഘാടനം ചെയ്തു. മേഖലാപ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, മേഖലാസെക്രട്ടറി പ്രിൻസ് മൂപ്പനത്ത് എന്നിവർ പ്രസംഗിച്ചു.

**24. നസ്രത്തുഹിൽ യൂണിറ്റ്**

കെ.സി.വൈ.എം. നസ്രത്തുഹിൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷവും വടംവലി മത്സരവും നടന്നു.

**ഫാ. ജോസഫ് ആലഞ്ചേരിൽ (ഡയറക്ടർ)**

**ഫാ. ജോസഫ് വാട്ടപ്പള്ളിൽ (അസി. ഡയറക്ടർ)**

# ഫ്രാൻസിസ്കൻ അത്മായസഭ

**1. രൂപതാ വാർഷികവും തിരുനാളും**

ഫ്രാൻസിസ്കൻ അത്മായസഭ രൂപതാവാർഷികവും, സഭയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധഫ്രാൻസീസ് അസ്സീസിയുടെ തിരുനാളും സംയുക്തമായി 2011 ഒക്ടോബർ 22 ശനിയാഴ്ച രാവിലെ 9 മുതൽ ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ നടത്തപ്പെടുന്നു.

രാവിലെ 9.00 ന് ജപമാല. 9.30 ന് പ്രഭാതപ്രാർത്ഥന. 10-ന് ചേരുന്ന വാർഷികസമ്മേളനത്തിൽ രൂപതാ വികാരിജനറാൾ റവ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തുന്നതാണ്. പ്രസിഡന്റ് ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ അദ്ധ്യക്ഷത വഹിക്കും. രൂപതാ സ്പിരിച്ചൽ അസിസ്റ്റന്റ് റവ. ഫാ. ഷൈജു മണ്ണുമറ്റത്തിൽ കപ്പൂച്ചിൻ, എം.വി. തോമസ് മൊളോപ്പറമ്പിൽതുടങ്ങിയവർ ആശംസാപ്രസംഗം നടത്തും. സമ്മേളനത്തിൽ വിവാഹസഹായവാഗ്ദാനം ബഹു. വികാരി ജനറാൾ നിർവ്വഹിക്കും. സെക്രട്ടറി കുട്ടിയമ്മ സ്റ്റീഫൻ തടവനാൽ റിപ്പോർട്ടും, സോജി ജേക്കബ് പുലിയുറുമ്പിൽ വാർഷിക കണക്കും അവതരിപ്പിക്കും. 10.30 ന് റവ. ഫാ. ചാക്കോ മണ്ണിശേരി കപ്പൂച്ചിൻ (കപ്പൂച്ചിൻവിദ്യാഭവൻ തെള്ളകം) ക്ലാസ് നയിക്കും. തുടർന്ന് സ്നേഹവിരുന്ന്. 1.30 ന് ചർച്ച. 2.00 ന് തിരുനാൾ കുർബാന എന്നിവയാണ് പരിപാടികൾ.

**2. എക്സിക്യൂട്ടീവ് യോഗം**

രൂപതാ എക്സിക്യൂട്ടീവ് യോഗം 2011 ഒക്ടോബർ 3-ന് 1.30 മുതൽ ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ കൂടുന്നതാണ്. പ്രസ്തുതയോഗത്തിൽ രൂപതാ ഭാരവാഹികൾ, റീജിയൻ ഭാരവാഹികൾ യൂണിറ്റ് പ്രസിഡന്റുമാർ തുടങ്ങിയവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**3. വിവാഹസഹായകമ്മിറ്റി**

വിവാഹസഹായനിധി കമ്മിറ്റിയുടെ അടുത്തയോഗം ഒക്ടോബർ 18-ന് ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അസ്സീസി ആശ്രമത്തിൽ കൂടുന്നതാണ്. യൂണിറ്റിൽനിന്നുള്ള അപേക്ഷകൾ 17-നു മുമ്പായി അസ്സീസി ആശ്രമത്തിൽ കിട്ടത്തക്കവിധം തപാലിലോ, നേരിട്ടോ എത്തിക്കേണ്ടത്.

**റവ. ഫാ. അലക്സ് വാച്ചാപറമ്പിൽ (കപ്പൂച്ചിൻ)**

**രൂപതാ സ്പിരിച്ചൽ അസിസ്റ്റന്റ്**



# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**1. രൂപതാകമ്മറ്റിയോഗം**

ആഗസ്റ്റ് 19-ാം തീയതി മദ്യവിരുദ്ധസമിതി ഓഫീസിൽ വച്ച് രൂപതാകമ്മറ്റി യോഗം ചേർന്നു.

**2. ജപമാല**

സ്ലീവാപുരം, ചേർപ്പുങ്കൽ, ഉള്ളനാട്, മറ്റക്കര, കോതനല്ലൂർ, മണ്ണക്കനാട്, കടപ്ലാമറ്റം, കൊഴുവനാൽ, ജോസ്ഗിരി ഇടവകകളിൽ മദ്യവിമുക്ത ഇടവകയ്ക്കു വേണ്ടി ജപമാല പ്രാർത്ഥന നടത്തി.

**3. ദിവ്യകാരുണ്യആരാധന**

ഉള്ളനാട്, മംഗളഗിരി, കൊഴുവനാൽ, പറത്താനം, കിഴതടിയൂർ എന്നീ ഇടവകകളിൽ ദിവ്യകാരുണ്യആരാധന നടത്തി.

**4. ബോധവത്കരണ ക്ലാസ്**

24 ഇടവകകളിൽ ബോധവത്കരണക്ലാസ്സുകൾ നടത്തി.

**5. ലഘുലേഖ/പ്രാർത്ഥനാകാർഡ് വിതരണം**

അഡെക്സ് 2011 എക്സിബിഷനോടനുബന്ധിച്ച് ചേർപ്പുങ്കൽ യൂണിറ്റ് ലഹരിവിരുദ്ധലഘുലേഖ വിതരണം ചെയ്തു.

**6. എക്സിബിഷൻ**

ചേർപ്പുങ്കൽ യൂണിറ്റ് അഡെക്സ് 2011 എന്ന ലഹരിവിരുദ്ധഎക്സിബിഷൻ നടത്തി.

**7. കുരിശിന്റെ വഴി**

ഇലഞ്ഞി പള്ളിയുടെ കുരിശുമലയിലേക്ക് ആദ്യവെള്ളിയാഴ്ച കുരിശിന്റെ വഴി നടത്തി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഡയറക്ടർ)**

# എ.കെ.സി.സി.

**1. സ്വാശ്രയവിദ്യാഭ്യാസസെമിനാർ - ഇലഞ്ഞി**

എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ ഇലഞ്ഞിയിൽ വച്ച് 'സ്വാശ്രയവിദ്യാഭ്യാസപ്രശ്നങ്ങൾ-യാഥാർത്ഥ്യമെന്ത്?' എന്ന വിഷയത്തെ അധികരിച്ച് ഒരു സെമിനാർ സംഘടിപ്പിച്ചു. ഇലഞ്ഞി ഫൊറോന വികാരി വെരി. റവ. ഫാ. ജോൺ പൊതീട്ടേൽ ഉദ്ഘാടനം ചെയ്തു. ടോമി പാലക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, രാജീവ് കൊച്ചുപറമ്പിൽ, ലഫ്. ഡോ. റെജി വർഗീസ് മേക്കാടൻ എന്നിവർ പ്രസംഗിച്ചു.

**2. കത്തീഡ്രലിൽ സെമിനാർ**

എ.കെ.സി.സി. പാലാ മേഖലാ സമിതിയുടെ നേതൃത്വത്തിൽ കത്തീഡ്രൽ പള്ളി ഹാളിൽ വച്ച് 'സ്വാശ്രയവിദ്യാഭ്യാസസെമിനാറും ചർച്ചാക്ലാസ്സും സംഘടിപ്പിച്ചു. വെരി. റവ. ഫാ. അലക്സാണ്ടർ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്തു. ഡാന്റീസ് കൂനാനിക്കൽ, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, അഡ്വ. തോമസ് തണ്ണിപ്പാറ എന്നിവർ നേതൃത്വം നൽകി.

**3. സിമ്പോസിയം**

എ.കെ.സി.സി. ചേർപ്പുങ്കൽ മേഖലയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 4-ാം തീയതി വൈകുന്നേരം കാഞ്ഞിരമറ്റം പള്ളിയിൽ വച്ച് നടത്തപ്പെട്ടു. സാജു അലക്സിന്റെ അധ്യക്ഷതയിൽ ചേർന്ന സിമ്പോസിയത്തിൽ 'രാഷ്ട്രനിർമ്മാണത്തിൽ സഭയുടെ പങ്ക്, സ്വാശ്രയവിദ്യാഭ്യാസപ്രശ്നം' എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളും സെമിനാറും ചോദ്യോത്തരങ്ങളും നടത്തപ്പെട്ടു. വികാരി റവ. ഫാ. ജോസഫ് പുത്തൻപുര, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, പ്രൊഫ. ജോസ് ചെരിപുറം, മാത്തുക്കുട്ടി ഞായർകുളം, ബേബിച്ചൻ അഴിയാത്ത് എന്നിവർ പ്രസംഗിച്ചു.

**4. മേഖലാ സമ്മേളനങ്ങൾ, തെരഞ്ഞെടുപ്പ്**

എ.കെ.സി.സി. തുടങ്ങനാട് മേഖലാസമ്മേളനവും മേഖലാസമിതി തിരഞ്ഞെടുപ്പും സെപ്റ്റംബർ 4-ാം തീയതി തുടങ്ങനാട് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. വെരി. റവ. ഫാ. ജോസഫ് കിഴക്കേക്കരയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ രൂപതാ ഡയറക്ടർ, ജന. സെക്രട്ടറി എന്നിവർ പങ്കെടുത്തു. മേഖലാപ്രസിഡന്റായി ശ്രീ. സണ്ണി വടക്കേടത്ത് (സിബിഗിരി), സെക്രട്ടറിയായി, ശ്രീ. അഗസ്റ്റിൻ കള്ളികാട്ട് (ജോസ്മൗണ്ട്) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

**5. എ.കെ.സി.സി. കോതനല്ലൂർ മേഖലാ സമ്മേളനം**

2011 സെപ്റ്റംബർ മാസം 15-ാം തീയതി കോതനല്ലൂർ പള്ളിയിൽ ചേർന്ന സമ്മേളനത്തിൽ വികാരി റവ. ഫാ. എബ്രാഹം കണിയാംപടിക്കൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ, പ്രസിഡന്റ് എന്നിവർ പങ്കെടുത്ത സമ്മേളനത്തിൽ വച്ച് മേഖല പ്രസിഡന്റായി ശ്രീ. ജോസഫ് നെടിയകാലാ (കോതനല്ലൂർ), സെക്രട്ടറിയായി ശ്രീ. ജോർജ് ചെരിയംപറമ്പിൽ (മണ്ണാറപ്പാറ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

**6. മൂലമറ്റം മേഖലാ സമ്മേളനം**

എ.കെ.സി.സി. മൂലമറ്റം മേഖലാ സമ്മേളനം സെപ്റ്റംബർ 17-ാം തീയതി രാവിലെ 10 മണി മുതൽ മൂലമറ്റം പള്ളി ഹാളിൽ വച്ച് നടത്തപ്പെട്ടു. വികാരി റവ. ഫാ. അലക്സാണ്ടർ മൂലക്കുന്നേൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വച്ച് മേഖലാപ്രസിഡന്റായി ശ്രീ. കെ.വി. ചാക്കോ കൂടകല്ലുങ്കൽ (വെള്ളിയാമറ്റം), സെക്രട്ടറിയായി ശ്രീ. സണ്ണി ചൊവ്വേലിക്കുടിയിൽ (മൂലമറ്റം) എന്നിവരെ തിരഞ്ഞെടുത്തു.

**7. തീക്കോയി മേഖലാ സമ്മേളനം**

എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ തീക്കോയി പള്ളി ഹാളിൽ വച്ച് സെപ്റ്റംബർ 17-ാം തീയതി 4 മണിക്ക് മേഖലാ നേതൃസമ്മേളനം നടത്തപ്പെട്ടു. മേഖലാ ഡയറക്ടർ വെരി. റവ. ഫാ. തോമസ് വലിയവീട്ടിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വച്ച് 'സ്വാശ്രയവിദ്യാഭ്യാസത്തെക്കുറിച്ച്' ചർച്ചാക്ലാസ് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ, പ്രസിഡന്റ് എന്നിവർ നേതൃത്വം നൽകി. മേഖലാ പ്രസിഡന്റായി ശ്രീ. പയസ് കവളംമാക്കൽ (തീക്കോയി), സെക്രട്ടറിയായി ശ്രീ. പി.സി. ജയിംസ് പെരിയപ്പുറം (അയ്യമ്പാറ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

**8. പൂഞ്ഞാർ മേഖലാ സമ്മേളനം**

എ.കെ.സി.സി. പൂഞ്ഞാർ മേഖലാ സമ്മേളനം സെപ്റ്റംബർ 18-ാം തീയതി 2 മണിക്ക് വികാരി റവ. ഫാ. ജോസഫ് പൂവത്തുങ്കലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, രാജീവ് കൊച്ചുപറമ്പിൽ, സാബു പൂണ്ടിക്കുളം എന്നിവർ പ്രസംഗിച്ചു. മേഖലാ പ്രസിഡന്റായി ശ്രീ. ജോബി മാത്യു തുണ്ടത്തിൽ (പൂഞ്ഞാർ), സെക്രട്ടറിയായി ശ്രീ. ബിജോയി മുണ്ടുപാലം (കാവാലി) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

**9. ഭരണങ്ങാനം മേഖലാ സമ്മേളനം**

എ.കെ.സി.സി. ഭരണങ്ങാനം മേഖലാ സമ്മേളനം സെപ്റ്റംബർ 18-ാം തീയതി 5 മണിക്ക് വികാരി വെരി. റവ. ഫാ. ജോസ് അഞ്ചേരിലിന്റെ അധ്യക്ഷതയിൽ ഭരണങ്ങാനം പള്ളി ഹാളിൽ വച്ച് നടത്തപ്പെട്ടു. മേഖലാപ്രവർത്തനങ്ങളെക്കുറിച്ചുള്ള അവലോകനങ്ങൾക്ക് രൂപതാ പ്രസിഡന്റും ഡയറക്ടറും നേതൃത്വം നൽകി. മേഖലാപ്രസിഡന്റായി ശ്രീ. റെജി മാത്യു വടക്കേമേച്ചേരി (ഭരണങ്ങാനം), സെക്രട്ടറിയായി ശ്രീ. അഗസ്റ്റിൻ കരിംകുറ്റികുളത്ത് (ചൂണ്ടച്ചേരി) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

**10. രൂപതാനേതൃസംഗമം**

എ.കെ.സി.സി. രൂപതാ കമ്മിറ്റിയുടെയും മേഖലാപ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവരുടെയും സംയുക്തസമ്മേളനം സെപ്റ്റംബർ 11-ാം തീയതി മുണ്ടാങ്കൽ പള്ളി ഹാളിൽ വച്ച് നടത്തപ്പെട്ടു. പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് രൂപതാതല കർമ്മപദ്ധതികൾക്ക് അന്തിമരൂപം നൽകി.

**11. കിഴപറയാർ യൂണിറ്റ്**

കിഴപറയാർ പള്ളിയിൽ എ.കെ.സി.സി. യുടെ പുതിയ യൂണിറ്റ് രൂപീകരിച്ചു. വികാരി ഫാ. ജോസഫ് ഇല്ലിമൂട്ടിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം രൂപതാ പ്രസിഡന്റ് സാജു അലക്സ് ഉദ്ഘാടനം ചെയ്തു.

**12. ചോലത്തടം യൂണിറ്റ്**

എ.കെ.സി.സി. യുടെ ചോലത്തടം യൂണിറ്റ് ഉദ്ഘാടനം രൂപതാ സെക്രട്ടറി ശ്രീ. സാബു പൂണ്ടിക്കുളം ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. ജോസഫ് പര്യാത്ത് അധ്യക്ഷത വഹിച്ചു.

**13. ചേന്നാട് യൂണിറ്റ്**

എ.കെ.സി.സി. ചേന്നാട് യൂണിറ്റ് ഉദ്ഘാടനം സെപ്റ്റംബർ 4-ാം തീയതി രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഇതിനോടനുബന്ധിച്ച് നടന്ന സ്വാശ്രയവിദ്യാഭ്യാസസെമിനാറിൽ വികാരി റവ. ഫാ.

ജോർജ് പുതിയാപറമ്പിൽ അധ്യക്ഷത വഹിച്ചു. ജോൺസൺ ചെറുവള്ളി, ജോസഫ് പരുത്തിയിൽ എന്നിവർ പ്രസംഗിച്ചു.

### 14. കളത്തൂക്കടവ് യൂണിറ്റ്

എ.കെ.സി.സി. കളത്തൂക്കടവ് യൂണിറ്റ് ഉദ്ഘാടനം മുൻരൂപതാ പ്രസിഡന്റ് ശ്രീ. എം.എം. ജേക്കബ് മുണ്ടക്കൽ നിർവ്വഹിച്ചു. വികാരി ഫാ. ജയിംസ് വയലിൽ അധ്യക്ഷത വഹിച്ചു.

### 15. പറത്താനം യൂണിറ്റ്

എ.കെ.സി.സി. പറത്താനം യൂണിറ്റിന്റെ ഉദ്ഘാടനം രൂപതാസെക്രട്ടറി ശ്രീ. സാബു പൂണ്ടിക്കുളം നിർവ്വഹിച്ചു. വികാരി റവ. ഫാ. തോമസ് ചില്ലക്കൽ അധ്യക്ഷത വഹിച്ചു.

### 16. പയസ്മൗണ്ട് യൂണിറ്റ്

എ.കെ.സി.സി. പയസ്മൗണ്ട് യൂണിറ്റ് ഉദ്ഘാടനം മുൻരൂപതാ പ്രസിഡന്റ് ശ്രീ. എം.എം. ജേക്കബ് മുണ്ടക്കൽ നിർവ്വഹിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ മമ്പള്ളികുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജോൺസൺ ചെറുവള്ളി, ജോസഫ് പരുത്തിയിൽ എന്നിവർ സംബന്ധിച്ചു.

### 17. കാവാലി യൂണിറ്റ്

എ.കെ.സി.സി. കാവാലി യൂണിറ്റ് ഉദ്ഘാടനം ഫാ. തോമസ് അയ്യാളുകുന്നേൽ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് ശ്രീ. സാബു പൂണ്ടിക്കുളം നിർവ്വഹിച്ചു.

### 18. ഇടമറുക് യൂണിറ്റ്

എ.കെ.സി.സി. ഇടമറുക് യൂണിറ്റ് വികാരി ഫാ. വിൻസെന്റ് കളരിപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് മേഖലാപ്രസിഡന്റ് ശ്രീ. ജോൺസൺ ചെറുവള്ളി ഉദ്ഘാടനം ചെയ്തു.

**രാജീവ് ജോസഫ് കൊച്ചുപറമ്പിൽ (ജന. സെക്രട്ടറി)**

## പാലാ കമ്യൂണിക്കേഷൻസ്

### 1. അഖിലകേരള പ്രൊഫഷണൽ നാടകമേള-2011, നിധീരിക്കൽ മാണിക്കത്തനാർ സ്മാരകസിമ്പോസിയം, അവാർഡുദാനം

പാലാ കമ്യൂണിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ 2011 സെപ്റ്റംബർ 12 മുതൽ 21 വരെ തീയതികളിലായി പാലാ മുനിസിപ്പൽ ടൗൺഹാളിൽ വച്ച് അഖിലകേരള പ്രൊഫഷണൽ നാടകമേള നടന്നു. കേരളത്തിലെ പ്രശസ്തരായ സമിതികൾ പത്തു ദിവസങ്ങളിലായി നാടകങ്ങൾ അവതരിപ്പിച്ചു. മേളയുടെ ഭാഗമായി 'മാറുന്ന മലയാളി' എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി നിധീരിക്കൽ മാണിക്കത്തനാർ സ്മാരകസിമ്പോസിയവും നടന്നു. അഡ്വ. ചാർളിപോൾ, അഡ്വ. ജയശങ്കർ, സി.



ആർ. നീലകണ്ഠൻ, ഏഴാച്ചേരി രാമചന്ദ്രൻ, ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ബ്രിൻസി ടോജോ, ഷിജു ആച്ചാണി, പെരുമ്പടവം ശ്രീധരൻ എന്നിവർ പ്രഭാഷണങ്ങൾ നടത്തി. പാലാ കമ്യൂണിക്കേഷൻസ് ഈ വർഷം നടത്തിയ 'കാഴ്ച 2011' ഷോർട്ട് ഫിലിം മത്സരത്തിൽ തിരഞ്ഞെടുക്കപ്പെട്ടവ നാടകമേളയോടനുബന്ധിച്ച് പ്രദർശിപ്പിച്ചു. പാലാ കമ്യൂണിക്കേഷൻസ് ഈ വർഷം തുടങ്ങിവയ്ക്കുന്ന വേദിക ക്ലബിന്റെ ഉദ്ഘാടനവും നടക്കുകയുണ്ടായി.

ഈ വർഷത്തെ നിധീരിക്കൽ മാണിക്കത്തനാർ മാധ്യമഅവാർഡ് ഫാ. അലക്സാണ്ടർ പൈകടയ്ക്കും, ഗുരുപൂജാപുരസ്കാരം ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളിയ്ക്കും, യുവപ്രതിഭ അവാർഡ് അൽഫോൻസ് ജോസഫിനും സെപ്റ്റംബർ 21-ാം തീയതി അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് സമ്മാനിച്ചു. 'കാഴ്ച 2011' ഷോർട്ട് ഫിലിം മത്സരത്തിൽ മികച്ചതായി തിരഞ്ഞെടുക്കപ്പെട്ട ഷാലോം ടി.വി. യുടെ 'അമ്മ എന്റെ അമ്മ' മികച്ച സംവിധായകനായ സിബി യോഗ്യവീടൻ (അമ്മ എന്റെ അമ്മ), മികച്ച തിരക്കഥാകൃത്തുക്കളായി അഭിലാഷ് എസ് (റേഡിയോ), മുത്തനാട് പദ്മകുമാർ (അമരാത്) സ്പെഷ്യൽ ജൂറി അവാർഡ് പാലാ മരിയസദനം (ദി കൈറ്റ്) എന്നീ അവാർഡുദാനങ്ങളും അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. തുടർന്ന് പാലാ കമ്യൂണിക്കേഷൻസിന്റെ ഗാനമേളയും നടന്നു. നാടകമേളയിൽ സഹകരിച്ചവർക്കും പങ്കെടുത്തവർക്കും പ്രത്യേകം നന്ദി.

### 2. വേദിക

പാലാ കമ്യൂണിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ 'വേദിക' സാംസ്കാരികകൂട്ടായ്മ ആരംഭിച്ചത് അറിഞ്ഞിരിക്കുമല്ലോ. 'വേദിക' എന്നാൽ Venue for Enteraintment, Delight, Inspiration, Knowledge and Aesthetics ചിന്തിക്കുകയും വായിക്കുകയും എഴുതുകയും ആസ്വദിക്കുകയും ചെയ്യുന്ന സാംസ്കാരികപ്രബുദ്ധതയുള്ള ഒരു സമൂഹത്തെ വളർത്തിക്കൊണ്ടുവരികയാണ് വേദികയുടെ ലക്ഷ്യം. ഓരോ മാസവും ആനുകാലികവും പ്രസക്തവുമായ വിഷയങ്ങൾ സംബന്ധിച്ച് പണ്ഡിതരുടെ പ്രഭാഷണങ്ങൾ, ചർച്ചകൾ, സംവാദം തുടർന്ന് കലാപരിപാടികൾ എന്നിവ 'വേദിക' യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നതാണ്. കലാസാഹിത്യരംഗത്ത് വിദഗ്ധപരിശീലനം, മത്സരങ്ങൾ, മികച്ച കലാരൂപങ്ങളുടെ അവതരണം, പ്രദർശനം എന്നിവയും 'വേദിക' ഇന്നും ഉന്നംവയ്ക്കുന്നുണ്ട്. 'വേദിക' യിൽ അംഗത്വഫീസ് ഒരാൾക്ക് ഒരുവർഷത്തേയ്ക്ക് 500 രൂപയാണ്.

### 3. വേദികയുടെ ഒക്ടോബർ മാസത്തെ പ്രോഗ്രാം

2011 ഒക്ടോബർ 16-ന് പാലാ മുനിസിപ്പൽ ടൗൺഹാളിൽ വച്ചു നടക്കുന്നു. വൈകുന്നേരം 5.30 ന് പ്രഭാഷണം. വിഷയം : അണ്ണാഹസാരെയുടെ രാഷ്ട്രീയം. തുടർന്ന് 6.30 ന് കൊല്ലം അനശ്വര അവതരിപ്പിക്കുന്ന നാടകം "കടൽക്കിഴവൻ' (രചന ഫ്രാൻസീസ് ടി. മാവേലിക്കര, സംവിധാനം: വത്സൻ നിസരി) ഈ പ്രോഗ്രാമുകളിലേക്കും വേദികയിലേയ്ക്കും ഹൃദ്യമായി ക്ഷണിക്കുന്നു.

**ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ (ഡയറക്ടർ)**

# സോഷ്യൽ വെൽഫെയർ സൊസൈറ്റി

### 1. നേതൃത്വശില്പശാല

സൊസൈറ്റിയുടെ കീഴിലുള്ള സ്വാശ്രയസംഘം ഭാരവാഹികൾക്കുവേണ്ടി സംഘടിപ്പിച്ച നേതൃത്വശില്പശാല അരുവിത്തുറ, പാലാ, മുട്ടുചിറ എന്നീ സ്ഥലങ്ങളിൽ വച്ച് നടത്തി. എറണാകുളം റിന്യൂവൽസെന്റർ ഡയറക്ടർ ഫാ. വർഗ്ഗീസ് കാട്ടുപറമ്പിൽ പരിശീലനപരിപാടിക്ക് നേതൃത്വം നല്കി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് വാലുമ്മേൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

### 2. പുതിയ എസ്.എച്ച്.ജികൾ

ശാന്തിഗിരി, മലയിഞ്ചിപ്പാറ, പൂവരണി, വേലനിലം, പറത്താനം എന്നീ സ്ഥലങ്ങളിൽ പുതിയ എസ്.എച്ച്.ജി. കൾ രൂപീകൃതമായി.

### 3. പച്ചക്കറി തൈ വിതരണവും സെമിനാറും

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വെജിറ്റബിൾ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലുമായി സഹകരിച്ച് അടുക്കളത്തോട്ടത്തെക്കുറിച്ച് സെമിനാറും പച്ചക്കറിതൈ വിതരണവും സംഘടിപ്പിച്ചു. മുട്ടുചിറ സീയോൻ ഭവൻ, അരുവിത്തുറ പാരീഷ് ഹാൾ എന്നീ സ്ഥലങ്ങളിലായി സംഘടിപ്പിച്ച പരിപാടികളിൽ വച്ച് 25,000 തൈകൾ വിതരണം ചെയ്തു.

### 4. സ്റ്റാഫ് ട്രെയിനിംഗ്

സൊസൈറ്റിയുടെ ഓഫീസ് സ്റ്റാഫ് അംഗങ്ങൾക്കായി ഏകദിന ട്രെയിനിംഗ് പ്രോഗ്രാം പാലാ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് സംഘടിപ്പിച്ചു. എ.കെ.സി.സി. രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ പരിശീലനത്തിന് നേതൃത്വം നല്കി.

### 5. ജെ.എൽ.ജി രൂപീകരണക്ലാസ്സും ഭാരവാഹികളുടെ സംഗമവും

നബാർഡിന്റെ സഹകരണത്തോടെ കുറഞ്ഞ പലിശനിരക്കിൽ വരുമാനവർദ്ധകപദ്ധതികൾ ആരംഭിക്കുന്നതിന് വായ്പകൾ നേടിയെടുക്കുന്നതിനായി രൂപീകരിച്ച ജെ.എൽ.ജി. കളുടെ സംഗമവും സെമിനാറും പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. നബാർഡ് ജില്ലാ മാനേജർ ഷാജി ക്ലാസ് നയിച്ചു. 180 അംഗങ്ങൾ പങ്കെടുത്തു.

### 6. പ്രൊമോട്ടേഴ്സ് വിനോദയാത്ര

സൊസൈറ്റിയുടെ കീഴിലുള്ള സ്വാശ്രയസംഘങ്ങളിലെ പ്രൊമോട്ടർമാർക്കുവേണ്ടി വിനോദയാത്ര സംഘടിപ്പിച്ചു. അരുവിത്തുറ, പാലാ, മുട്ടുചിറ എന്നീ റീജിയൺ തലത്തിൽ മൂന്നു ദിവസങ്ങളിലായി സംഘടിപ്പിച്ച വിനോദയാത്രയിൽ 130 പ്രൊമോട്ടർമാർ പങ്കെടുത്തു.

### 7. സ്വാശ്രയസംഘം വാർഷികങ്ങൾ

രാമപുരം, ചേന്നാട്, കരൂർ, മണ്ണാറപ്പാറ, മൂലമറ്റം എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം നടത്തി.



### 8. ബക്കരിഗാവ് യോജന

ബക്കരിഗാവ് യോജനാപദ്ധതിപ്രകാരമുള്ള ആടുവിതരണം വേലനിലം, മൂഴൂർ, മംഗളാരം, തുരുത്തിപ്പള്ളി എന്നീ സ്ഥലങ്ങളിൽ നടത്തി.

### 9. ധനസഹായങ്ങൾ

പി.എസ്.ഡബ്ല്യു.എസിന്റെ വിവിധ സഹായസംഘങ്ങളും സ്വാശ്രയസംഘങ്ങളും ചേർന്ന് ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി ചികിത്സാസഹായമായി 39250 രൂപയും വിവാഹസഹായമായി 1500 രൂപയും വിദ്യാഭ്യാസസഹായമായി 34000 രൂപയും ഇതര ധനസഹായമായി 20,000 രൂപയും വിതരണം ചെയ്തു.

### 10. സൗജന്യഹോമിയോ മെഡിക്കൽ ക്യാമ്പ്

പി.എസ്.ഡബ്ല്യു.എസ്., കുറിച്ചി കേന്ദ്രഹോമിയോപ്പതി ഗവേഷണകേന്ദ്രത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന സൗജന്യഹോമിയോ മെഡിക്കൽ ക്യാമ്പ് ചെമ്മലമറ്റം പാരീഷ് ഹാളിൽ വച്ച് നടത്തി. സംഘം രക്ഷാധികാരി ഫാ. ജയിംസ് കട്ടക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ക്യാമ്പ് പഞ്ചായത്ത് പ്രസിഡന്റ് ജോർജ് ജോസഫ് കല്ലങ്കാട്ട് ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് വാലുമ്മേൽ സംഘം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കുമ്പിളുമൂട്ടിൽ ഡോ. റ്റി. കുറുപ്പ് തുടങ്ങിയവർ പ്രസംഗിച്ചു.

### 11. സോൺ വാർഷികങ്ങൾ

മൂലമറ്റം. മൂലമറ്റം സോൺ വാർഷികം കുളമാവ് സ്വാശ്രയസംഘത്തിൽ വച്ച് നടത്തപ്പെട്ടു. കുളമാവ് എസ്.എസ്. ഡയറക്ടർ ഫാ. ജോസഫ് അറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. അലക്സ് കോഴിമല ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് വാലുമ്മേൽ ആമുഖപ്രഭാഷണവും മൂലമറ്റം സോൺ ഡയറക്ടർ ഫാ. കുര്യാക്കോസ് പാത്തിക്കൽ പുത്തൻപുര മുഖ്യപ്രഭാഷണം നടത്തി.

### 12. ആരോഗ്യബോധവത്കരണ ക്ലാസ്

പി.എസ്.ഡബ്ല്യു.എസ്. അക്ഷയപ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ക്ഷയരോഗബോധവത്കരണ പരിപാടിയുടെ ഭാഗമായി പെരുംതുരുത്ത്, മറ്റത്തിപ്പാറ എന്നീ സ്ഥലങ്ങളിൽ ബോധവത്കരണസെമിനാറുകൾ നടന്നു. ഹെൽത്ത് കോർഡിനേറ്റർ ജോയി വട്ടക്കുന്നേൽ ക്ലാസ് നയിച്ചു.

### 13. ക്ഷീരസമൃദ്ധി 2011

പി.എസ്.ഡബ്ല്യു.എസ്. നടപ്പിലാക്കിവരുന്ന ക്ഷീരസമൃദ്ധി-2011 പദ്ധതിയുടെ ഭാഗമായി കുറവിലങ്ങാട് മുട്ടുചിറ സോണുകളിൽ പശുവളർത്തൽ ആരംഭിക്കാൻ 30,000 രൂപാ ലോൺ നൽകുന്നു.

**ഫാ. തോമസ് വാലുമ്മേൽ (ഡയറക്ടർ)**

**RECEIVED HEAVENLY REWARD**

## നിര്യാതരായി



## ആദരാഞ്ജലികൾ

### 1. സി. ഗ്രാസിയ (എസ്.എ.ബി.എസ്)

കോതമംഗലം രൂപതയിലെ വാഴക്കുളം ഇടവകയിൽ മരങ്ങാട്ട് കുര്യൻ -അന്നമ്മ ദമ്പതികളുടെ പുത്രിയായി 1924 സെപ്റ്റംബർ 8-ാം തീയതി ജനിച്ചു. ടി.ടി.സി. പാസായ ശേഷം 1945 ഏപ്രിൽ 14-ന് ആദ്യവ്രതവും 1951 ഏപ്രിൽ 30-ന് നിത്യവ്രതവും അനുഷ്ഠിച്ചു. മാമ്മൂട്, വടകര, മുത്തോലപുരം, കടനാട്, കാഞ്ഞിരത്താനം എന്നീ ഹൈസ്കൂളുകളിൽ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചതിനുശേഷം നസ്രത്ത് ഹിൽ, മരങ്ങോലി എന്നീ ഭവനങ്ങളിൽ സുപ്പീരിയറായും, ചീങ്കല്ലേൽ, വടകര, മുട്ടം, കുറുമണ്ണ് എന്നിവിടങ്ങളിൽ അസി. സുപ്പീരിയർ, ജൂണിയേഴ്സ് ഡിറക്ട്രസ്, ഫൈനാൻസ് ഓഫീസർ എന്നീ നിലകളിലും ഗ്രാസിയാമ്മ സഭാസേവനം ചെയ്തു. 1997-ൽ വ്രതവാഗ്ദാനസുവർണ്ണജൂബിലി ആഘോഷിച്ചു.

നിഷ്കളങ്കമായ സ്നേഹവും കാരുണ്യവും നിറഞ്ഞതായിരുന്നു അമ്മയുടെ വ്യക്തിത്വം. 67 വർഷം ദീർഘിച്ച ഗ്രാസിയാമ്മയുടെ സന്യാസജീവിതത്തിൽ ഏല്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങളെല്ലാം സന്തോഷത്തോടെ, ആത്മാർത്ഥതയോടെ നിർവ്വഹിച്ചു. ദീർഘനേരം ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥിച്ചിരുന്ന ഗ്രാസിയാമ്മ ഭവനത്തിനും, ഭവനാംഗങ്ങൾക്കും അനുഗ്രഹവും മാതൃകയുമായിരുന്നു. ഒരു വീഴ്ചയെത്തുടർന്ന് ഓപ്പറേഷനു വിധേയായി. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ന്യൂമോണിയ ബാധിച്ചു. 2011 ആഗസ്റ്റ് 9-ന് രാത്രി തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2011 ആഗസ്റ്റ് 10-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മുത്തോലപുരം മഠം ചാപ്പലിൽ അർപ്പിച്ച സമൂഹബലിക്കുശേഷം രൂപതാവികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചന്റെ പ്രധാനകാർമ്മികത്വത്തിൽ മുത്തോലപുരം സെന്റ് സെബാസ്റ്റ്യൻ പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു. ഗ്രാസിയാമ്മയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ.



### 2. സി. എമ്മാനുവൽ എഫ്.സി.സി.

പാലാ രൂപത ചേർപ്പുങ്കൽ (മാറിടം) ഇടവകയിൽ ഓലിക്കൽ കുടുംബത്തിൽ തൊമ്മൻ ലൂക്കാ-അന്നമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായി 1.2.1929 ൽ സിസ്റ്റർ എമ്മാനുവൽ ജനിച്ചു. മുത്തോലി സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ നിന്ന് എം.എച്ച്.സിയും, റ്റി.റ്റി.സി.യും പാസായ സിസ്റ്റർ 1929 ൽ ഭരണങ്ങാനം മഠത്തിൽ സന്യാസാർത്ഥിനിയായി ചേർന്ന് 1952 മെയ് 21-ന് സഭാവസ്ത്രം സ്വീകരിച്ചു. 1954 മെയ് 28 -ന് പ്രഥമ വ്രതവാഗ്ദാനവും 1957 മെയ് 28-ന് നിത്യവ്രതവാഗ്ദാനവും അനുഷ്ഠിച്ചു. 2004 ൽ സന്യാസവ്രതാനുഷ്ഠാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും സിദ്ധിച്ചു.

മുത്തോലി സെന്റ് ജോസഫ്സ് ട്രെയിനിംഗ് സ്കൂളിൽ നിന്നും ടി.ടി.സി. പാസായ സിസ്റ്റർ എമ്മാനുവേൽ ഭരണങ്ങാനം, അമ്പാറനിരപ്പേൽ, മലയിഞ്ചിപ്പാറ, പാദുവ, കൂട്ടിയ്ക്കൽ, തീക്കോയി, കോതനല്ലൂർ, വലിയകുമാരമംഗലം, പൂഞ്ഞാർ നോർത്ത്, മന്നം എന്നീ സ്കൂളുകളിലായി 32 വർഷത്തെ അദ്ധ്യാപനത്തിനുശേഷം 31.3.1938 ൽ ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ചു.

സ്കൂൾ ജോലിയിൽ നിന്നു വിരമിച്ച ശേഷം പാലാ രൂപതയിലെ വിശ്വാസപരിശീലനരംഗത്തും ഇവാഞ്ചലൈസേഷൻ ടീമിലും അമ്മ തീക്ഷ്ണതയോടെ പ്രവർത്തിച്ചിരുന്നു. കരിസ്മാറ്റിക് നവീകരണത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ പ്രാർത്ഥനാഗ്രൂപ്പുകൾക്ക് നേതൃത്വം കൊടുക്കുകയും രൂപതയിലെ മദ്ധ്യസ്ഥപ്രാർത്ഥനഗ്രൂപ്പുകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു.

14.5.2001 ൽ തിടനാട് ക്ലാര നഗറിലേയ്ക്ക് സ്ഥലം മാറിയ അമ്മ നിരന്തരമായ പ്രാർത്ഥനയിലൂടെ സമയം ചെലവഴിച്ചു. 2007 ജൂൺ മാസത്തിൽ രോഗബാധിതയായി ശയ്യാവലംബയായിത്തീർന്നു. ഈ കാലയളവിലും എന്നും വിശുദ്ധ കുർബാന സ്വീകരിച്ചുകൊണ്ട് ദൈവത്തോടുകൂടെയായിരിക്കുവാൻ അമ്മയ്ക്കു കഴിഞ്ഞു.

2011 സെപ്റ്റംബർ 13-ാം തീയതി 12.30 ന് അമ്മ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 14-ാം തീയതി 1.30 ന് വിശുദ്ധകുർബാനയോടെ റവ. ഫാ. ആന്റണി പെരുമാലിൽ എം.എസ്.ടി. യുടെ കാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. മൃതസംസ്കാരശുശ്രൂഷകൾക്ക് പാലാ രൂപതാ വികാരിജനറാൾ വെരി. റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ നേതൃത്വം നൽകി.

നിശബ്ദസഹനവും തീക്ഷ്ണമായ പ്രാർത്ഥനയും കൈമുതലായി ഉണ്ടായിരുന്ന എമ്മാനുവേലമ്മയുടെ പാവനസ്മണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**3. സി. മേരി ലെയോ വാഴപ്പള്ളിൽ (82) എസ്.എച്ച്.**

മുത്തോലപുരം ഇടവകയിൽ പുരാതനവും ദൈവവിളികളാൽ സമ്പന്നവുമായ വാഴപ്പള്ളി കുടുംബത്തിൽ ജോൺ-മറിയം ദമ്പതികളുടെ അഞ്ച് മക്കളിൽ മൂന്നാമത്തെ സന്താനമായി 1929 ജൂലൈ 9-ാം തീയതി ലെയോണ ഭൂജാതയായി. യൗവനത്തിലേയ്ക്ക് കാലൂന്നിയപ്പോൾ തിരുഹൃദയനാഥന്റെ വിളി ശ്രവിച്ച് 1949 ൽ രാമപുരം തിരുഹൃദയമഠത്തിൽ അർത്ഥിനിയായി ചേരുകയും 1955 ൽ നിത്യവ്രതവാഗ്ദാനത്തിലൂടെ ഈശോയുടെ തിരുഹൃദയത്തിന് സമ്പൂർണ്ണസമർപ്പണം ചെയ്യുകയും ചെയ്തു. കുടക്കച്ചിറ, രാമപുരം, മരിയാപുരം, കുമ്മണ്ണൂർ, നീലൂർ, ചക്കാമ്പുഴ, അറക്കുളം, പറത്താനം, നരിയങ്ങാനം, മൂലമറ്റം എന്നീ ഭവനങ്ങളും അവിടുത്തെ ദൈവജനവും അമ്മയുടെ സാന്നിധ്യത്താൽ അനുഗ്രഹീതമായി. നിരന്തരമായ പ്രാർത്ഥനയിലൂടെ ഏവരെയും ശുശ്രൂഷിക്കുന്നതിൽ ലെയോമ്മ അങ്ങേയറ്റം ശ്രദ്ധിച്ചു. 2011 ഓഗസ്റ്റ് 24-ാം തീയതി വൈകുന്നേരം 5.30 ന് ലെയോമ്മ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതസംസ്കാരശുശ്രൂഷകൾ 25-ാം തീയതി ഉച്ചകഴിഞ്ഞ് 1 മണിക്ക് പാലാ രൂപതാ വികാരിജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൂലമറ്റം സെന്റ് ജോർജ് ഫൊറോനാപ്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. കരുണാർദ്രസ്നേഹത്തിന്റെ സന്ദേശം തന്റെ ജീവിതത്തിലൂടെ പകർന്നുനൽകിയ ലെയോമ്മയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ.



# PRAYER DAY

## ( 2011 Oct. 5 - 2011 Nov.03)

**Rev. Fathers, Very Rev. Fathers**

| | | |
|---|---|---|
| 1. | Ampazhathumkal George | Oct. 05 |
| 2 | Ampazhathumkal Mathew | 06 |
| 3. | Anchanickal Jose | 07 |
| 4. | Ancheril Jose | 08 |
| 5. | Anchukandathil Thomas | 09 |
| 6. | Anithanam Kurian | 10 |
| 7. | Arackal Joseph | 11 |
| 8. | Arackaparampil Mathew | 12 |
| 9. | Aranjaniputhenpura Augustine | 13 |
| 10. | Arimattathil Joseph | 14 |
| 11. | Attappatt Zacharias | 15 |
| 12. | Ayallukunnel Thomas | 16 |
| 13. | Ayathamattam Joseph | 17 |
| 14. | Ayathamattam Thomas | 18 |
| 15. | Aykaramattam Joseph | 19 |
| 16. | Brahmanavelil Thomas | 20 |
| 17. | Chakkalackal Joseph | 21 |
| 18. | Chakkalayil Thomas | 22 |
| 19. | Chandrankunnel Mathew (Sr.) | 23 |
| 20. | Chandrankunnel Mathew (Jr.) | 24 |
| 21. | Cheeramkuzhy George | 25 |
| 22. | Cheeramkuzhy Michael | 26 |
| 23. | Chellamthara Thomas | 27 |
| 24. | Chencheril Sebastian | 28 |
| 25. | Cherukarakunnel Alexander | 29 |
| 26. | Cherukarakunnel Joseph | 30 |
| 27. | Cherukarkunnel Sebastian | 31 |
| 28. | Cheruvallikizhakkel Thomas | Nov. 01 |
| 29. | Chillackal Thomas | 02 |
| 30. | Chollanal George | 03 |



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

**സെപ്റ്റംബർ 2011**

1. 02.30 pm തലശ്ശേരി ബിഷപ്സ് ഹൗസിൽ വച്ചു നടന്ന സീറോ മലബാർ ഡോക്ട്രൈനൽ കമ്മീഷന്റെ വിവിധ സെക്ടുകളെക്കുറിച്ചുള്ള ചർച്ചയിൽ അഭിവന്ദ്യ മാർ വലിയമറ്റം പിതാവും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സിസ്റ്റേഴ്സും അൽമായപ്രതിനിധികളും ഫൊറോനാവികാരിമാരും പങ്കെടുത്ത മീറ്റിംഗിൽ സംബന്ധിച്ചു.

2. 10.00 am മാനന്തവാടി ബിഷപ്സ് ഹൗസിൽ വച്ചു നടന്ന സീറോ മലബാർ ഡോക്ട്രൈനൽ കമ്മീഷന്റെ വിവിധ സെക്ടുകളെക്കുറിച്ചുള്ള ചർച്ചയിൽ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സിസ്റ്റേഴ്സും അൽമായപ്രതിനിധികളും ഫൊറോനാവികാരിമാരും പങ്കെടുത്ത മീറ്റിംഗിൽ സംബന്ധിച്ചു.

   06.00 pm താമരശ്ശേരി ബിഷപ്സ് ഹൗസിൽ വച്ചു നടന്ന സീറോ മലബാർ ഡോക്ട്രൈനൽ കമ്മീഷന്റെ വിവിധ സെക്ടുകളെക്കുറിച്ചുള്ള ചർച്ചയിൽ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പള്ളി പിതാവും മാർ റെമിജിയോസ് ഇഞ്ചനാനി പിതാവും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സിസ്റ്റേഴ്സും അൽമായപ്രതിനിധികളും ഫൊറോനാവികാരിമാരും പങ്കെടുത്ത മീറ്റിംഗിൽ സംബന്ധിച്ചു.

3. 06.00 pm കടനാട് ഇടവകയിൽ നടുവിലേക്കുറ്റ് റോസിലിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

   03.00 pm ഇടമറുക് പള്ളിയിൽ ചീരാംകുഴിയിൽ ബഹു. ജോർജ്ജച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

4. 02.30 pm മേരിലാന്റ് ഇടവകയിൽ കല്ലറങ്ങാട്ട് കെ.എം. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

   07.00 pm സെന്റ് തോമസ് കോളജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ജീസസ് യൂത്തിന്റെ പവർ കോൺഫെറൻസ് ഉദ്ഘാടനം ചെയ്തു.



5. 07.30 am ഇടമറ്റം ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

   03.45 pm മൂലമറ്റം ഫൊറോനാകൺവൻഷനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

6. സന്ദർശകരെ സ്വീകരിച്ചു.

   03.00 pm കോട്ടയം വിജയപുരം രൂപതകത്തീഡ്രലിൽ അഭിവന്ദ്യ പീറ്റർ തുരുത്തിക്കോണം പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു.

   04.00 pm മണ്ണാറപ്പാറ ഇടവകയിൽ ബഹു. പള്ളിപ്പുറത്തുകുന്നേൽ തോമസച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

   06.00 pm ബിഷപ്സ് ഹൗസിൽ വച്ചു നടന്ന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

7. 03.00 pm മുട്ടുചിറ ഹോസ്പിറ്റലിന്റെ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു.

   05.00 pm എട്ടുനോമ്പിനോടനുബന്ധിച്ച് കുറവിലങ്ങാട് പള്ളിയിൽ സുറിയാനികുർബാനയർപ്പിച്ച് സന്ദേശം നൽകി.

8. 12.30 noon പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്രപഥത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന കെമിസ്ട്രി ഫെസ്റ്റിന്റെ സമാപനസമ്മേളനത്തിൽ സംബന്ധിച്ചു.

   04.00 pm മുത്തോലപുരം ഇടവകയിൽ സുറിയാനികുർബാനയർപ്പിച്ച് സന്ദേശം നൽകി.

9. സന്ദർശകരെ സ്വീകരിച്ചു.

   03.00 pm കത്തീഡ്രലിൽ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ അനുസ്മരണാർത്ഥം നടന്ന വി. കുർബാനയിലും തുടർന്നുനടന്ന പൊതുസമ്മേളനത്തിലും സംബന്ധിച്ചു.

10. 09.30 am അരുവിത്തുറ പള്ളിയിൽ ഡീക്കൻ ജോസഫ് കുന്നയ്ക്കാട്ടിന് പുരോഹിതപട്ടം നൽകി.

    11.30 am രാമപുരം പള്ളിയിൽ പാറേമ്മാക്കൽ ഗോവർണദോരുടെ 275-ാം ജന്മദിനത്തോടനുബന്ധിച്ചുള്ള സിമ്പോസിയത്തിലും പൊതുസമ്മേളനത്തിലും സംബന്ധിച്ചു.

11. ഉദയഗിരി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

12. 02.30 pm ചേർപ്പുങ്കൽ ഇടവകയിൽ അപ്പസ്തോലിക് ഒബ്ലേറ്റ്സ് സിസ്റ്റേഴ്സിന് പുതുതായി ആരംഭിച്ച മഠത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

06.00 pm പാലാ ടൗൺ ഹാളിൽ നടന്ന നാടകമേളയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

13. 10.00 am കാഞ്ഞിരപ്പള്ളി ബിഷപ്സ് ഹൗസിൽ നടന്ന ഇന്റർഡയോസിഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

02.30 pm ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളജിൽ പുതുതായി നിർമ്മിച്ച ലാബിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

05.00 pm മാർ അപ്രേം സെമിനാരിയിൽ 4-ാം വർഷ വൈദികവിദ്യാർത്ഥികളെ സന്ദർശിച്ചു.

14. 11.45 am വിവാഹഒരുക്ക സെമിനാറിൽ സംബന്ധിക്കുന്നവരെ സന്ദർശിച്ച് സന്ദേശം നൽകി.

15. 02.30 pm വാഗമൺ കുരിശുമല ആശ്രമത്തിൽ ബഹു. മരിയദാസ് നരിമറ്റം അച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ സംബന്ധിച്ചു.

16. സന്ദർശകരെ സ്വീകരിച്ചു.

03.00 pm സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ അക്കാദമിക് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

17 10.00 am പാലക്കാട് ഇടവകയിൽ സെന്റ് മർത്താസ് സിസ്റ്റേഴ്സ് പുതുതായി നിർമ്മിച്ച സ്കൂളിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

11.00 am കയ്യൂർ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

03.00 pm പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അത്മായദൈവശാസ്ത്രകോഴ്സിന്റെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

05.30 pm ജിയോവാലി ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തിച്ചേർന്നു.

18. ജിയോവാലി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

19 12.00 noon ചെമ്മലമറ്റം ഇടവകയിൽ ബഹു. ജോസഫ് കാരമുള്ളിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

03.00 pm പി.എസ്.ഡബ്ല്യു.എസിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

04.00 pm ചെത്തിമറ്റം ദൈവദാൻ സെന്ററിൽ ഓഡിറ്റോറിയത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

06.30 pm കോതനല്ലൂർ ഫൊറോനയിലെ ബഹു. വൈദികരെ ധ്യാനിപ്പിച്ചു.

20 സന്ദർശകരെ സ്വീകരിച്ചു.



03.30 pm ഡി.സി.എം.എസിന്റെ മീറ്റിംഗിൽ സംബന്ധിച്ചു.

06.30 pm തീക്കോയി ഫൊറോനയിലെ ബഹു. വൈദികരെ ധ്യാനിപ്പിച്ചു.

21 09.30 am ബിഷപ്സ് ഹൗസിൽ നടന്ന വാഗമൺ ധ്യാനകേന്ദ്രത്തിന്റെ നിർമ്മാണത്തെ സംബന്ധിച്ച മീറ്റിംഗിൽ സംബന്ധിച്ചു.

03.00 pm Needy Church Fund ന്റെ മീറ്റിംഗിൽ സംബന്ധിച്ചു.

04.30 pm ചേറ്റുതോട് ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന പള്ളിമുറിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

06.00 pm പാലാ ടൗൺഹാളിൽ നാടകമേളയുടെ സമാപനസമ്മേളനത്തിൽ സംബന്ധിച്ചു.

22 10.15 am ചേർപ്പുങ്കൽ കോളജിൽ പുതുതായി ആരംഭിച്ച എം.കോം കോഴ്സിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

03.00 pm കൂടല്ലൂർ ഇടവകയിൽ കടപ്പൂർ കുരിശുപള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

06.30 pm കത്തീഡ്രൽ ഇടവകയിൽ ബഹു. വൈദികരെ ധ്യാനിപ്പിച്ചു.

23 സന്ദർശകരെ സ്വീകരിച്ചു.

03.30 pm ധർമ്മദീപം സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു.

05.00 pm അരുവിത്തുറ ഇടവകയിൽ വല്യച്ചൻ ഗ്രാം പ്രോജക്ടിന്റെ അടിസ്ഥാനശില വെഞ്ചരിച്ചു.

06.30 pm മൂലമറ്റം ഫൊറോനയിലെ ബഹു. വൈദികരെ ധ്യാനിപ്പിച്ചു.

24 10.30 am അഡാർട്ടിന്റെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു.

02.00 pm കോട്ടയം വിജയപുരം രൂപതാകേന്ദ്രത്തിൽ നടന്ന എസ്.സി.എസ്.ടി. കമ്മീഷന്റെ ഒരു സമ്മേളനത്തിൽ സംബന്ധിച്ചു.

25 03.00 pm മുണ്ടാങ്കൽ ഇടവകയിൽ എ.കെ.സി.സി. യുടെ മീറ്റിംഗിൽ സംബന്ധിച്ചു.

03.30 pm അന്തീനാട് ഇടവകയിൽ ചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മവും പുതിയ പള്ളിയുടെ കട്ടിളവയ്പ്പും നിർവ്വഹിച്ചു.

26 02.30 pm ബിഷപ്സ് ഹൗസിൽ നടന്ന പ്രേഷിതവർഷ സമ്മേളനത്തിൽ സംബന്ധിച്ചു.

06.30 pm പൂഞ്ഞാർ ഇടവകയിൽ ബഹു. വൈദികരെ ധ്യാനിപ്പിച്ചു.

27-ഒക്ടോ 1 ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളജിൽ വച്ചു നടന്ന സി.ബി.സി.ഐ. സ്റ്റാൻഡിംഗ് കമ്മറ്റി മീറ്റിംഗിൽ സംബന്ധിച്ചു.



# Bishop's Engagements

## Mar Joseph Kallarangatt

**2011 October**

| | | | |
|---|---|---|---|
| 01 | | | Bangalore, CBCI Meeting |
| 02 | 04.00 | pm | Mannackanadu, Meeting |
| 03 | 10.30 | am | S.J.C.E.T. Choondacherry, Meeting |
| | 04.00 | pm | Bishops' Retreat |
| 04 | | | Bishops' Retreat |
| | 03.00 | pm | B.Ed College, Blessing |
| | 03.30 | pm | Bishop's House - St. Thomas College meeting |
| | 06.30 | pm | Elanaji Forane, Monthly Recollection |
| 05 | 11.30 | am | A.D.C.P. Meeting |
| | 04.00 | pm | Paika, Presbytry Blessing |
| | 06.30 | pm | Aruvithura Forane, Monthly Recollection |
| 06 | 02.30 | pm | Alphonsagiri, Consecration of New Church |
| | 06.30 | pm | Ramapuram Forane, Monthly Recollection |
| 07 | | | Visitors' day |
| | 05.30 | am | Cherpumkal, Syriac Qurbana |
| | 02.30 | pm | Cherpumkal Nursing College, Meeting |
| | 06.30 | pm | Thudaganad, Monthly Recollection |
| 08 | 10.30 | am | Cathedral, Meeting |
| | 02.30 | pm | Chethipuzha, Vestition of S.D. Sisters |
| 09 | 02.30 | pm | Bishop's House, Mission League Meeting |
| | 04.00 | pm | Cathedral, Meeting |
| 10 | 07.00 | am | Karoor C.M.C.-Qurbana |
| | 03.00 | pm | Bharananganam, Meeting |
| | 06.30 | pm | Cherpumkal, Monthly Recollection |
| 11 | | | Visitors' day |
| | 03.00 | pm | St. Thomas College, Blessing |
| | 04.00 | pm | Bishop's House, Alphonsa College Meeting |
| | 06.00 | pm | Bishop's House, Monthly Recollection |
| 12-13 | | | Engaged |
| 13 | 06.30 | pm | Bharananganam, Monthly Recollection |
| 14 | | | Visitors' day |
| | 03.30 | pm | Karoor,Meeting |
| | 06.30 | pm | Kuravilangad Forane, Monthly Recollection |
| 15 | 10.00 | am | Cathedral, Meeting |
| 16 | 10.00 | am | Ramapuram, Raza Qurbana |
| | 06.30 | pm | Muttuchira |
| 17 | 10.00 | am | Pastoral Institute, Ongoing formation of Priests |
| 18 | 10.00 | am | Pastoral Institute, Ongoing formation of Priests |
| Oct. 19 -Nov. 17 | | | Rome, Portugal, France, U.K. |